


**വിശ്വസ്നേഹദർശനം**
**ത്രൈമാസിക**
**ഉലുവത്ത് വേലിയിൽ ബിൽഡിംഗ്സ്**
**മറ്റം സൗത്ത്, തട്ടാരമ്പലം പി.ഒ.**
**മാവേലിക്കര – 3**

*എഡിറ്റോറിയൽ ഓഫീസ്*
**വിശ്വസ്നേഹദർശനം**
ഉളനാട് പി.ഒ., കുളനട വഴി
പത്തനംതിട്ട ജില്ല
കേരളം 689 503

*മാനേജിംഗ് ഡയറക്ടർ*
**സി. കെ. അലക്സാണ്ടർ**
*മാനേജിംഗ് എഡിറ്റർ*
**അഡ്വ. അലക്സാണ്ടർ. വി. മാത്യു**
*എഡിറ്റോറിയൽ അഡ്വൈസർ*
**ലജു. പി. തോമസ്**

*എഡിറ്റർ*
**പ്രീത് ചന്ദനപ്പള്ളി**
0468 - 2352552
09446709652

*കവർ ഡിസൈൻ & ലേഔട്ട്*
**തോമസ്, കോന്നി**
**ദീപ്തി ഓഫ്സെറ്റ്, കൊടുമൺ**
Ph: 04734 - 285418.



2007 ഒക്ടോബർ - ഡിസംബർ
1183 തുലാം - ധനു
പുസ്തകം 7 ലക്കം 4


# വിശ്വസ്നേഹദർശനം

**ത്രൈമാസിക**


**ന്യൂനപക്ഷ അവകാശങ്ങളിൽ സംഭവിക്കുന്നത്** 4
**ഫാ. ഡോ. കെ. എം. ജോർജ്ജ്**

7 **ഭരണഘടനയുംന്യൂനപക്ഷ അവകാശങ്ങളും**
**ഡോ. നൈനാൻ കോശി**

**മലങ്കര സഭയിലെ നൂറ്റാണ്ടുയുദ്ധം: ചരിത്രവും വർത്തമാനവും** 11
**എം. ഐ. പുന്നൂസ്**

15 **യോജിക്കേും സമയമിത്....**
**ടി. പി. ജോർജുകുട്ടി**

**ഓർത്തഡോക്സ് സഭകൾ അനുരഞ്ജനത്തിന്റെ പാതയിൽ** 18
**അഡ്വ. അലക്സാർ. വി. മാത്യു**

20 **പ്രദക്ഷിണത്തിന്റെ ചരിത്രവും വേദശാസ്ത്രവും**
**എം. കുര്യൻ തോമസ്**

**ബൈബിളിൽ തെളിയുന്ന ബിഗ് – ബാംഗ് തിയറി** 24
**ഡോ. ജോർജ്ജ് വർഗ്ഗീസ് കൊപ്പാറ**

പുസ്തകപരിചയം ◆ മാധ്യമവിചാരം ◆ നേർക്കാഴ്ചകൾ




VISWASNEHADARSANAM

## വായനക്കാരോട്

**വിശ്വസ്നേഹദർശനം** കഴിഞ്ഞ കാലങ്ങളിൽ മുന്നോട്ടുവച്ച ചർച്ചകൾ പൗരസ്ത്യ ക്രൈസ്തവ ദർശനത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടുള്ള സാമൂഹ്യ ഇടപെടലുകൾ ഉന്നം വച്ചുള്ളതായിരുന്നു. വിശാലമായ എക്യുമെനിക്കൽ അടിത്തറയിൽ ഓർത്തഡോക്സ് സഭാപാഠങ്ങളെ തീക്ഷ്ണമായി ആവിഷ്ക്കരിക്കാനും **വിശ്വസ്നേഹദർശനം** ശ്രമിച്ചിട്ടുണ്ട്. വ്യവസ്ഥാപിത ഘടനയ്ക്കുള്ളിൽ ക്രൈസ്തവ ഇടപെടൽ എന്തായിരിക്കണമെന്ന ചോദ്യമാണ് ഈ പ്രസിദ്ധീകരണത്തിലൂടെ ഉന്നയിക്കുന്നത്. കൂടുതൽ അർത്ഥവത്തായ ചർച്ചകൾ ഉരുത്തിരിയുന്നതിനുവേണ്ടി പ്രസിദ്ധീകരണത്തിന്റെ സാധ്യതകൾ വിപുലീകരിക്കേണ്ടതുണ്ട്. **വിശ്വസ്നേഹദർശന**ത്തിന്റെ വരിക്കാരായി ഈ പരിശ്രമത്തിന് കൈത്താങ്ങു നല്കി സഹകരിക്കുക. ഞങ്ങൾ ഉയർത്തികാട്ടുന്ന വിഷയങ്ങളോടും പ്രശ്നങ്ങളോടും പ്രതികരിക്കാൻ മറക്കാതിരിക്കുക. ആയിരം രൂപ നല്കി **വിശ്വസ്നേഹദർശന** ത്തിന്റെ രക്ഷാധികാര അംഗത്വം എടുത്ത് ഈ പരിശ്രമത്തിൽ പങ്കാളിയാകാം. വാർഷിക വരിസംഖ്യ അമ്പത് രൂപയാണ്.

സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു...

**മാനേജിംഗ് എഡിറ്റർ**

പത്രാധിപവീക്ഷണം

# മലങ്കരസഭയിലെ ഐക്യത്തിന് ആരാണ് എതിര്?..

മലങ്കരസഭയിലെ കക്ഷിവഴക്കിന്റെ തീവ്രത നാൾതോറും വർദ്ധിക്കുകയാണ്. വിഭാഗീയതയും വിഭജനവും ആരുടെ ആവശ്യകതയാണെന്ന ചിന്തയ്ക്ക് ഈ അവസരത്തിൽ പ്രസക്തിയുണ്ട്. ഐക്യത്തെ ഭയപ്പെടുന്നത് ആരാണ്. ഇരുവിഭാഗത്തിലെയും ഏകദേശം 95 ശതമാനത്തിലധികം വരുന്ന സാധാരണ വിശ്വാസികൾക്ക് വിഭജന പ്രവണതയോട് ഏറെ പ്രതിപത്തിയില്ല. പിതാക്കന്മാർ കാത്തുസൂക്ഷിച്ച വിശ്വാസം പരിപാലിച്ച് ജീവിക്കുക എന്നതിലുപരി സഭയുടെ ദൈനംദിന രാഷ്ട്രീയത്തിൽ ആർക്കുംതന്നെ പ്രത്യേക താത്പര്യമില്ല. ആരാധനയിൽ തടസ്സം നേരിടുമ്പോഴും ശവസംസ്ക്കാരസമയത്ത് പ്രശ്നങ്ങളുണ്ടാകുമ്പോഴും മാത്രമാണ് വിഭാഗീയത ചർച്ച ചെയ്യപ്പെടുന്നത്. ഭരണമേഖലയിൽ നിൽക്കുന്നവർക്കും അധികാരത്തിൽ വരാൻ ആഗ്രഹിക്കുന്നവർക്കുമാണ് വിഭജനം അനിവാര്യമാകുന്നത്. അവരുടെ എണ്ണം ഇരുസഭകളിലേയും ചേർത്താൽ ഏകദേശം അഞ്ച് ശതമാനത്തിൽ താഴെമാത്രമേ ഉള്ളൂ.

1911-ൽ നേതൃത്വനിരയിലുള്ള ചില ആളുകളുടെ വ്യക്തി വിരോധംകൊണ്ട് മാത്രമുണ്ടായതാണ് മലങ്കര സഭയിലെ പ്രശ്നങ്ങൾ. വ്യക്തി താൽപര്യം മാത്രം നിലനിർത്തിക്കൊണ്ടു പോകാൻ ചിലർ ആഗ്രഹിക്കുന്നതുകൊണ്ടാണ് സമാധാനവും യോജിപ്പും ഉണ്ടാകാതെ പോകുന്നത്. അത് വളരെ നിർഭാഗ്യകരമായ ഒരു അവസ്ഥയാണ്.

മലങ്കര സുറിയാനിസഭ ഒന്നാണ്. ഭൂരിപക്ഷം വിശ്വാസികളും സമാധാനവും യോജിപ്പും ആഗ്രഹിക്കുന്നവരാണ്. വിഭജിച്ചു പിരിയുന്നതിന് ഒരു കാരണവും കാണുന്നില്ല. വിഭജനം സുപ്രീംകോടതി വിധിക്ക് എതിരുമാണ്. യോജിപ്പിനേക്കാൾ ബുദ്ധിമുട്ടാണ് വിഭജനം. യോജിപ്പിച്ച് സമാധാനം ഉണ്ടാക്കുന്നതിനേക്കാൾ പ്രയാസമാണ് വിഭജിച്ച് സമാധാനം ഉണ്ടാക്കുന്നത്.

വിശ്വാസത്തിന്റെ കാര്യം മലങ്കരസഭാ പ്രശ്നത്തിലില്ല. സ്വത്തും വിഷയമല്ല. അതുകൊണ്ട് മനസ്സുവച്ചാൽ സമാധാനത്തിനും യോജിപ്പിനും തടസ്സമില്ല. വന്നുപോയിരിക്കുന്ന തെറ്റുകൾ തിരുത്തി അടിസ്ഥാന കാര്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട്, കക്ഷികളെന്ന നിലയിൽ ചില വിട്ടുവീഴ്ചകൾക്ക് തയ്യാറായാൽ തീർക്കാവുന്ന പ്രശ്നമേയുള്ളൂ. പരസ്പര വിശ്വാസവും ആത്മാർത്ഥതയും പ്രകടിപ്പിക്കുമ്പോൾ പരസ്പരം നശിപ്പിക്കാനുള്ള പ്രവണത അവസാനിക്കും.

ഇരുപക്ഷത്തേയും അമ്പതോളം മേൽപ്പട്ടക്കാരും അരഡസൻ ഭാരവാഹികളും ആത്മാർത്ഥമായി വിചാരിച്ചാൽ സഭയെ സമാധാനത്തിലേക്കും യോജിപ്പിലേക്കും നയിക്കാൻ കഴിയും. അതേ സമയം വിഭജനം ലക്ഷക്കണക്കിനു വിശ്വാസികളെ ബാധിക്കുന്ന സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. വിഭജനം വിശ്വാസത്തിനുവേണ്ടിയല്ല, വിശ്വാസികൾക്കുവേണ്ടിയുമല്ല. ഒരുപിടിയാളുകളുടെ സ്ഥാപിതതാൽപര്യത്തിനുവേണ്ടി മാത്രമാണ്.

സഭയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നാഗ്രഹിക്കുന്നവർ സഭയുടെ യോജിപ്പിനെ അനുകൂലിക്കും. സഭയിൽ നിന്ന് എന്തെങ്കിലും നേടാനാഗ്രഹിക്കുന്നവരാണ് വിഭജനത്തെ അനുകൂലിക്കുന്നത്. ശലോമോൻ രാജാവിന്റെ അടുത്തു വന്ന അമ്മമാരുടെ കഥ (1 രാജാ 3:16-28). ഈ അവസരത്തിൽ ഓർത്തുപോകുന്നു.

വിശ്വാസത്തിൽ ക്രൈസ്തവരും, പാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും പൗരസ്ത്യരും ഭാരതീയരുമായ സമൂഹമാണ് നസ്രാണിക്രിസ്ത്യാനികൾ. ആരാധനയിലോ വിശ്വാസസംഹിതകളിലോ ഭേദങ്ങളില്ലാത്ത ഓർത്തഡോക്സ്-യാക്കോബായ വിശ്വാസികൾ എന്തിനാണ് ഇങ്ങനെ വിഭജിച്ചുനിൽക്കുന്നത്. ലോകത്താകമാനം വിശ്വാസങ്ങളിലും ആരാധനയിലും ഏകത പാലിക്കുന്ന സഭകൾ ഒന്നിക്കുന്ന വാർത്തകളാണ് ആഗോള ക്രൈസ്തവ സമൂഹം ശ്രവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഭാരതത്തിലാകട്ടെ തിരിച്ചും.

വിശ്വാസത്തിലും സംസ്കാരത്തിലും സ്വത്വബോധത്തിലും വ്യതിരക്തത സൃഷ്ടിച്ചുകൊണ്ട് കേരളത്തിലെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽ നിലയുറപ്പിക്കുന്ന ഒരു സമൂഹസൃഷ്ടി സഭാ ഐക്യംകൊണ്ട് സാധ്യമാകും.

ക്രിസ്തുശരീരമാകുന്ന സഭ വേർപെട്ടു പോകരുതെന്നാഹ്വാനം ചെയ്ത അക്രൈസ്തവരായ സുപ്രീം കോടതി ജഡ്ജിമാരുടെ വാക്കുകൾ ഈ അവസരത്തിൽ പ്രസക്തമാണ്. എന്നാൽ തിരിച്ചറിയാനുള്ള വിവേകം സഭാനേതൃത്വങ്ങൾ കാട്ടാത്തത് ലജ്ജാവഹമാണ്. സഭയാകുന്ന ക്രിസ്തുവിന്റെ ശരീരം വേർപെടുത്താൻ ശ്രമിക്കുന്നത് തികച്ചും അക്രൈസ്തവമായ ഒരു പ്രവർത്തനമാണ്. ആജന്മ ശത്രുക്കളായ പല ജനതകളും ഒരു മേശയ്ക്കു ചുറ്റുമിരുന്ന് സംഭാഷണം നടത്തുമ്പോൾ സഭായോജിപ്പിനുള്ള പരിശ്രമങ്ങൾ ആരംഭിക്കാൻ എന്തിനു വൈകണം?

കവർ സ്റ്റോറി

ഫാ. ഡോ. കെ. എം. ജോർജ്

# ന്യൂനപക്ഷ അവകാശങ്ങളിൽ സംഭവിക്കുന്നത്

ന്യൂനപക്ഷ അവകാശങ്ങളുമായി ബന്ധപ്പെട്ടുയർന്നുവരുന്ന പ്രശ്നങ്ങളെ നിരവധി വിഷയങ്ങളുമായി കൂട്ടിക്കുഴക്കുകയാണെന്നു തോന്നുന്നു.

***ഒന്ന്:*** മതേതര രാഷ്ട്രമായ ഇന്ത്യയിൽ എല്ലാ മതങ്ങൾക്കും മതരഹിത വിശ്വാസങ്ങൾക്കും ഒരുപോലെ സ്വാതന്ത്ര്യം എന്നുള്ളത് അടിസ്ഥാന തത്വമാണ്. ആ ഭരണഘടനാപരമായ സ്വാതന്ത്ര്യത്തിനുവേണ്ടി ക്രൈസ്തവർ തീർച്ചയായും നിലകൊള്ളണം. അത് ക്രൈസ്തവരുടെ മാത്രം സ്വാതന്ത്ര്യമല്ല; ഇന്ത്യയിലെ എല്ലാ പൗരന്മാരുടെയും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നിലകൊള്ളലാണ്. ഏബ്രഹാം ലിങ്കൺ ഒരിക്കൽ തന്റെ എതിരാളികളോടു പറഞ്ഞു: നിങ്ങളുടെ അഭിപ്രായത്തോട് ഞാൻ വിയോജിക്കുന്നു. പക്ഷേ, അത് പ്രകടിപ്പിക്കാനുള്ള നിങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ എപ്പോഴും വാദിക്കും. ന്യൂനപക്ഷാവകാശം മറ്റുള്ളവർക്ക് നിഷേധിക്കപ്പെടുമ്പോൾപോലും ക്രൈസ്തവർ ശക്തമായി പ്രതിഷേധിക്കേണ്ടതാണ്. അങ്ങനെയൊരു പ്രതിഷേധം ക്രൈസ്തവ സമൂഹത്തിൽനിന്ന് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചു നോക്കേണ്ടതാണ്.

***രണ്ട്:*** കേരളത്തിൽ ക്രിസ്തീയ സഭയ്ക്ക് ഒരു നല്ല സാക്ഷ്യം വിദ്യാഭ്യാസത്തിലും ആതുര സേവനത്തിലും സാമൂഹ്യസേവനരംഗത്തും ലഭിച്ചിട്ടുണ്ട്. ഒരളവുവരെ അത് പാശ്ചാത്യമിഷനറിമാരുടെ പ്രചോദനഫലവുമായിരുന്നു. ക്രിസ്തീയ സുവിശേഷത്തിൽ അന്തർലീനമായിരിക്കുന്ന പരജനസേവന തത്വം, ജനങ്ങൾക്ക് ആത്മീയ പ്രകാശം നൽകാനുള്ള കടമ, രോഗികൾക്ക് സൗഖ്യം നൽകാനുള്ള ചുമതല എന്നിവയെ എല്ലാം കേരള ക്രൈസ്തവരിൽ ഉദ്ദീപിപ്പിക്കാൻ ആദ്യകാല മിഷനറിമാർക്കു കഴിഞ്ഞു. അതിന്റെ ഫലമായിട്ടാണല്ലോ മധ്യകേരളത്തിൽ പൊതു വിദ്യാഭ്യാസത്തിനുവേണ്ടി സ്ഥാപിച്ച പഴയ സെമിനാരി, അതേത്തുടർന്നുണ്ടായ സി.എം.എസ്. കോളജ്, അവയോടൊപ്പം കേരളത്തിലങ്ങോളമിങ്ങോളം വളർന്നുവന്ന പൊതുവിദ്യാലയങ്ങളുടെ ഒരു മഹാശൃംഖല എന്നിവ ഉണ്ടായത്. ഇക്കാര്യങ്ങളിൽ കേരളത്തിലെ എല്ലാ മതാനുഭാവികളും സാംസ്കാരിക നായകരും കമ്മ്യൂണിസ്റ്റ് പാർട്ടികൾ അടങ്ങിയ രാഷ്ട്രീയ കക്ഷികളും ഒരുപോലെ ക്രിസ്തീയ സഭകളെ ശ്ലാഘിക്കുന്നുണ്ട്. അടുത്ത കാലത്ത് സുകുമാർ അഴീക്കോടിനെപ്പോലുള്ളവർ ഇതു വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്.

ഈ രണ്ട് അടിസ്ഥാന സത്യങ്ങൾ കണക്കിലെടുത്തുകൊണ്ടുവേണം, പ്രത്യേകിച്ച് വിദ്യാഭ്യാസ -ആതുരസേവന രംഗങ്ങളിലുള്ള ക്രൈസ്തവരുടെ ന്യൂനപക്ഷ അവകാശത്തെക്കുറിച്ചു ചിന്തിക്കാൻ. ഇവിടെയും പെട്ടെന്ന് നമ്മുടെ ശ്രദ്ധയിൽപ്പെടുന്ന ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

### വിദ്യാഭ്യാസ സ്ഥാപനങ്ങളും സേവനസന്നദ്ധതയും

സഭകളുടെ ഉടമസ്ഥാവകാശത്തിലുള്ള എയ്ഡഡ് സ്കൂളുകളും കോളജുകളും ഉൾപ്പെടെയുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരും ജോലിക്കാരും സർക്കാർ ഖജനാവിൽ നിന്നാണ് ശമ്പളം വാങ്ങുന്നത്. അതേസമയം അടുത്ത കാലത്തായി അധ്യാപക നിയമനത്തിനും വിദ്യാർത്ഥികളുടെ പ്രവേശനത്തിനും സംഭാവന എന്ന ഓമനപ്പേരിൽ ഭീമമായ സംഖ്യ കൈപ്പറ്റുന്ന പല സഭാമാനേജ്മെന്റുകളുമുണ്ട്. ഇതു വാങ്ങിക്കുന്നതിൽ അവർക്കുള്ള ന്യായീകരണം സ്കൂൾ കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും നിലനിർത്തുന്നതിനും അവർക്ക് വലിയൊരു സംഖ്യ എല്ലാ വർഷവും ചെലവാകുന്നു; അതിന് സർക്കാർ സഹായം കിട്ടുന്നില്ല എന്നുള്ളതാണ്. ഇക്കാര്യത്തിൽ ചില നിഷ്പക്ഷമതികൾ എങ്കിലും ചൂണ്ടിക്കാണിക്കുന്നത് സഭകൾ നടത്തിയ ആദ്യകാല വിദ്യാലയങ്ങളിലും ഈ ആവശ്യങ്ങളൊക്കെ ഉണ്ടായിരുന്നെങ്കിലും തലവരിപ്പണം അന്നു വാങ്ങുന്നില്ലായിരുന്നു എന്നതാണ്. അതിന്റെ അർത്ഥം വിദ്യാഭ്യാസത്തെ ഒരു ക്രിസ്തീയ സേവന സരണിയായി സഭകൾ കാണുന്നെങ്കിൽ അവർക്ക് അല്പം ത്യാഗം സഹിച്ചാണെങ്കിലും ആ പഴയ നല്ല പാരമ്പര്യമനുസരിച്ച് സ്കൂളുകളും കോളജുകളും നടത്താനാവും എന്നതാണ്. അങ്ങനെ അല്പമെങ്കിലും ത്യാഗപൂർണ്ണമായ, ലാഭമോഹമില്ലാത്ത ഒരു വിദ്യാഭ്യാസ ദൗത്യം സഭകൾ നടത്തിയെങ്കിലേ അത് ക്രിസ്തീയ സുവിശേഷത്തിന് അനുസരണമാവൂ. അല്ലെങ്കിൽ അത് കച്ചവട മനസ്ഥിതിയോടെ നടത്തുന്ന ഒരു ബ്ലേഡ് കമ്പനിയുടെ നിലവാര

ത്തിൽനിന്നും ഒട്ടും വ്യത്യസ്തമല്ല.

**ന്യൂനപക്ഷപദവിയും സാമൂഹ്യ - രാഷ്ട്രീയ ശേഷിയും**

ക്രിസ്തീയ സഭകളുടെ ഒരു വാദം അവരുടെ സമുദായാംഗങ്ങൾക്ക് അവരുടെ മതവിശ്വാസം പഠിപ്പിക്കുന്നതിനും സമുദായാംഗങ്ങൾക്ക് ഉൽക്കർഷം ഉണ്ടാകുന്ന ഒരുപാധിയായിത്തീരുന്നതിനും വേണ്ടിയാണ് അവർ വിദ്യാലയങ്ങൾ നടത്തുന്നത് എന്നതാണ്. എന്നാൽ വാസ്തവത്തിൽ ഇന്നു സഭകൾ നടത്തുന്ന ഒരു വിദ്യാലയത്തിലും മതധാർമ്മിക പ്രബോധനത്തിന് സഭകൾ താൽപര്യം കാണിക്കുന്നില്ല. മാത്രവുമല്ല കേരളത്തിൽ ക്രൈസ്തവർ ജനസംഖ്യാപരമായി മൂന്നിലൊന്നിൽ താഴേയുള്ളുവെങ്കിലും അവരുടെ സാമൂഹിക - സാംസ്ക്കാരിക - രാഷ്ട്രീയ ശേഷി ഒരു ന്യൂനപക്ഷത്തിന്റേതല്ല. അതുകൊണ്ട് വിദ്യാഭ്യാസ സേവനത്തെ ഇടുങ്ങിയ ന്യൂനപക്ഷവാദത്തിൽ ഒതുക്കാൻ ക്രിസ്ത്യാനികൾ ശ്രമിക്കേണ്ടതില്ല.

**സാമുദായിക സങ്കുചിതത്വം**

ഒരു തലമുറയ്ക്കുമുമ്പ് ക്രിസ്ത്യാനികൾ നടത്തുന്ന കോളജുകളിലും സ്കൂളുകളിലും സമുദായമോ മതമോ നോക്കാതെ കഴിവും അർഹതയും മാത്രം നോക്കി അധ്യാപകരെ നിയമിക്കുന്ന രീതിയുണ്ടായിരുന്നു. ഇന്ത്യയെപ്പോലെ മത-സാംസ്ക്കാരിക ബഹുലതയുള്ള ഒരു രാജ്യത്ത് വിദ്യാർത്ഥികൾക്ക് എല്ലാ മതങ്ങളിലുംപെട്ട അധ്യാപകരെ അറിയുന്നതിനും അവരിൽനിന്ന് പഠിക്കുന്നതിനുമുള്ള സാധ്യതയുണ്ടായിരുന്നു. നമ്മുടെ വിദ്യാഭ്യാസ സംസ്കാരത്തെ വളരെ സന്തുഷ്ടമാക്കുന്ന ഒരു അവസ്ഥയായിരുന്നു അത്. എന്നാൽ ഇന്ന് ക്രൈസ്തവർ ന്യൂനപക്ഷസമുദായവാദത്തിലൂടെ അവരുടെ സ്വന്തം കൊച്ചു കൊച്ചു തുരുത്തുകളിലേക്കു ഒതുങ്ങുകയാണ്. ഉദാഹരണമായി ഓർത്തഡോക്സുകാരുടെ സ്കൂളിൽ ഓർത്തഡോക്സുകാർ മാത്രം പഠിപ്പിക്കുന്നു, ഈഴവരുടെ സ്കൂളിൽ ഈഴവർ മാത്രം പഠിപ്പിക്കുന്നു, എൻ.എസ്.എസ്സിന്റെ സ്കൂളിൽ ആ സമുദായാംഗങ്ങൾ മാത്രം അധ്യാപരാകുന്നു. നമ്മുടെ രാഷ്ട്രത്തിന്റെയും സംസ്കാരത്തിന്റെയും ഭാവിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇതു വളരെ ശോചനീയമായ ഒരു അവസ്ഥയാണ്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്ന കാലഘട്ടത്തിൽ ജാതിമത സമുദായങ്ങൾക്കതീതമായി ഏകജനതയായി നിലകൊള്ളാനുള്ള പരിശീലനമാണ് ഗാന്ധിയൻ പ്രസ്ഥാനത്തിലൂടെയും മറ്റും നമുക്കു ലഭിച്ചത്. സ്വന്തം മതവിശ്വാസത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ടു തന്നെ സാർവ്വ ലൗകികമായ ഒരു ദർശനവും ഉന്നതമായ മാനുഷിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കാനാണ് ഭാരതീയ ജനതയ്ക്ക് പരിശീലനം കിട്ടിയത്. സ്വതന്ത്ര ഇന്ത്യയെ ഒരു മഹൽ രാഷ്ട്രമായി മറ്റു ലോക ജനതകൾ കാണുവാൻ ഇത് കാരണമായി. എന്നാൽ ഇപ്പോൾ ഉരുത്തിരിയുന്ന ഈ സാമുദായിക സങ്കുചിതത്വ ന്യൂനപക്ഷവാദം മഹൽ വ്യക്തിത്വങ്ങൾ ഇവിടെയുണ്ടാകാനുള്ള സാധ്യതയെ തുലോം പരിമിതപ്പെടുത്തുന്നു.



ക്രൈസ്തവരും മറ്റു ന്യൂനപക്ഷങ്ങളും ആശങ്കാകുലരാകുന്ന ഒരു രാഷ്ട്രീയ പരിതോവസ്ഥ ഇന്ത്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളത് നിഷേധിക്കാനാവില്ല. ഹിന്ദുത്വത്തിന്റെ പേരിൽ സംഘപരിവാറും മറ്റും ഉയർത്തുന്ന മത-രാഷ്ട്രീയ വാദങ്ങൾ ഒരിക്കലും സുബുദ്ധികളായ മനുഷ്യർക്ക് സ്വീകരിക്കാനാവില്ല. മുമ്പ് സൂചിപ്പിച്ച ന്യൂനപക്ഷ സങ്കുചിതത്വത്തിന്റെ മറുവശമാണ് ഈ ഭൂരിപക്ഷ സങ്കുചിതത്വം. ഇത് എല്ലാ ഹിന്ദുക്കളും സ്വീകരിക്കുന്നതല്ല എന്നുള്ളത് ആശ്വാസകരമാണ്. ഹൈന്ദവ പാരമ്പര്യത്തിൽ ഇങ്ങനെയുള്ള നിഷേധാത്മകമായ തീവ്രവാദങ്ങളിലേക്കു പോകുന്നവർ ഒരു ന്യൂനപക്ഷമാണ്. എങ്കിലും പൊതുസമൂഹത്തിന്റെ ജീവിതത്തെ വിഷലിപ്തമാക്കുവാനും വളർന്നു വരുന്ന കുരുന്നുമനസുകളെ വികലമാക്കുവാനും അതിനു കഴിയും.

**വിശാല ചിന്ത ഉണർത്തേണ്ട വിദ്യാഭ്യാസം**

പല ന്യൂനപക്ഷ തീവ്രവാദങ്ങളും ഉയരുന്നത് മേൽപ്പറഞ്ഞ ഭൂരിപക്ഷ തീവ്രവാദം മൂലമാണെന്നും, തിരിച്ച് ഹിന്ദുക്കൾ ഇങ്ങനെയുള്ള നിലപാട് സ്വീകരിക്കാൻ കാരണം മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടേയും സ്വാർത്ഥ പ്രേരിതമായ ന്യൂനപക്ഷ നിലപാടുകൾ മൂലമാണെന്നും നാം കേൾക്കുന്നുണ്ട്. ഏതായാലും ഒരു കാര്യം വ്യക്തമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ തങ്ങൾ ഭാരതീയ സംസ്കാരത്തിന്റേയും ജനതയുടേയും അവിഭാജ്യ ഘടകമാണെന്നുള്ള അതി

വിശാലമായ ഒരു ആത്മാവബോധം ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ഉണ്ടാകുന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസത്തിനുവേണ്ടിയാണ് ക്രൈസ്തവർ ഉൾപ്പെടുന്ന ന്യൂനപക്ഷങ്ങളും ഹൈന്ദവർ ഉൾപ്പെടുന്ന ഭൂരിപക്ഷവും ശ്രമിക്കേണ്ടത്. ഇങ്ങനെയുള്ള ഒരു ലക്ഷ്യം നാം മുമ്പിൽ കണ്ടു കഴിയുമ്പോൾ ഇപ്പോൾ ഉണ്ടായിരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമാകും.

**പുതിയ സേവന സരണികൾ**

ക്രൈസ്തവർ അവരുടെ വിദ്യാഭ്യാസ സേവനത്തെക്കുറിച്ച് ഗൗരവമായ ഒരു ആത്മപരിശോധന നടത്തേണ്ട സന്ദർഭമാണ്. കേരള ജനത ലോകത്തിലെ ഏറ്റവും സാക്ഷരത പ്രാപിച്ച ഒരു ജനതയാണ്. ഇനിമേൽ ഇവിടുത്തെ വിദ്യാഭ്യാസത്തിൽ സഭകൾക്ക് അനുപമമായ ഒരു സരണി വെട്ടിത്തുറക്കാൻ കഴിയുമോ എന്ന സംശയിക്കുന്നവരുണ്ട്. സർക്കാരുകളോ സാമൂഹ്യ സംഘടനകളോ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളോ വിചാരിച്ചാൽ കേരളത്തിലെ പൊതുവിദ്യാഭ്യാസം നന്നായി മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കും അല്ലെങ്കിൽ സാധിക്കണം.

നിരീശ്വരവിശ്വാസം വിദ്യാർത്ഥികളിൽ കുത്തിവയ്ക്കാൻ ഇപ്പോഴത്തെ സർക്കാർ ശ്രമിക്കുന്നു, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കു നിയന്ത്രണം വിട്ടുകൊടുക്കുന്നു, അങ്ങനെ കുറേശെ വിദ്യാലയങ്ങളുടെ ഉടമസ്ഥാവകാശം ക്രൈസ്തവരിൽനിന്ന് അടിച്ചുമാറ്റാൻ ഗൂഢശ്രമങ്ങൾ നടക്കുന്നു, ഇങ്ങനെയുള്ള ആരോപണങ്ങൾക്ക് വലിയ വിലകൊടുക്കാം എന്നു തോന്നുന്നില്ല. കാരണം ക്രിസ്തീയ സഭകൾ അവരുടെ അംഗങ്ങളെ യഥാർത്ഥ സുവിശേഷവും അതിനനുസൃതമായ ജീവിതശൈലിയും പഠിപ്പിക്കാൻ തയ്യാറാകുന്നെങ്കിൽ ഒരു സർക്കാരിനും അവരെ നിരീശ്വരവാദത്തിലേക്ക് തള്ളിവിടുവാൻ സാധിക്കുകയില്ല.

സഭകൾ ശ്രദ്ധിക്കേണ്ടത് സർക്കാരോ മറ്റു മതേതര സംഘടനകളോ ശ്രദ്ധിക്കാത്ത പാവങ്ങളുടെയും തള്ളപ്പെട്ടവരുടെയും അംഗവൈകല്യമുള്ളവരുടെയും ഒക്കെ കാര്യത്തിലാണ്. സാമാന്യബുദ്ധിയും സാധാരണ സാഹചര്യങ്ങളുമുള്ള വിദ്യാർത്ഥികൾക്കൊക്കെ സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ തങ്ങൾക്ക് വേണ്ടത് നേടുവാൻ കഴിഞ്ഞേക്കും. എന്നാൽ അവശരും ആലംബഹീനരുമായ ഒരു വലിയ വിഭാഗം മോചനത്തിനുവേണ്ടി ആഗ്രഹിക്കുന്നുണ്ട്. ഇനിമേൽ അവിടെയാണ് സഭകളുടെ ശ്രദ്ധ പതിയേണ്ടത്. നഷ്ടപ്പെട്ട ആടിനെ തേടിപ്പോയ ഇടയന്റെ കഥ ഇവിടെ പ്രസക്തമാണ്. തൊണ്ണൂറ്റിയൊമ്പത് ആടുകളേയും മറന്നിട്ട് നഷ്ടപ്പെട്ടുപോയ നൂറാമത്തെ ആടിനെ തേടിപ്പുറപ്പെടുകയും കുഴികളിൽനിന്നും ചെന്നായ്ക്കളുടെ വായിൽനിന്നും അതിനെ വീണ്ടെടുക്കുകയും ചെയ്യുന്ന ഇടയന്റെ ദൗത്യമാണ് സഭകൾ വിദ്യാഭ്യാസരംഗത്ത് ഇന്ന് അനുഷ്ഠിക്കേണ്ടത്. രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം എന്നു ക്രിസ്തു പറഞ്ഞ വാക്യവും ഇവിടെ ചിന്തനീയമാണ്. ആരോഗ്യമുള്ളവർക്ക് കൂടുതൽ മരുന്നും വൈദ്യന്മാരെയും നൽകാൻ ശ്രമിക്കുന്നതിൽ അർത്ഥമില്ല.

**ത്യാഗപൂർണ്ണമായ, ലാഭമോഹമില്ലാത്ത ഒരു വിദ്യാഭ്യാസ ദൗത്യം സഭകൾ നടത്തിയെങ്കിലേ അത് ക്രിസ്തീയ സുവിശേഷത്തിന് അനുസരണമാവൂ. അല്ലെങ്കിൽ അത് കച്ചവട മനസ്ഥിതിയോടെ നടത്തുന്ന ഒരു ബ്ലേഡ് കമ്പനിയുടെ നിലവാരത്തിൽനിന്നും ഒട്ടും വ്യത്യസ്തമല്ല.**

**സഭകളുടെ ആത്മവഞ്ചന**

ചില സഭകളുടെയെങ്കിലും കാര്യത്തിൽ പ്രഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കടുത്ത ആത്മവഞ്ചനയുണ്ട്. ഉദാഹരണമായി കേരളത്തിലെ സ്വാശ്രയ വിവാദത്തിൽപ്പെട്ട ഒരു പുതിയ മെഡിക്കൽ കോളജ് എങ്ങനെയാണ് അതിന്റെ വിപുലമായ കെട്ടിടങ്ങൾക്കും മറ്റും ആവശ്യമായ ഫണ്ട് ഉണ്ടാക്കിയത് എന്ന് അന്വേഷിക്കേണ്ടത് ആവശ്യമാണ്. മെഡിക്കൽ വിദ്യാർത്ഥികളോട് 40-45 ലക്ഷം രൂപാവരെ തലവരിപ്പണം വാങ്ങുന്നുവെന്ന് ആരോപിക്കപ്പെട്ടിരിക്കുന്നു. ആ സ്വാശ്രയ മെഡിക്കൽ കോളജ് പണിയുന്നതിനുവേണ്ടി കേരളത്തിലെ ക്രൈസ്തവരിൽനിന്നും കാര്യമായി ഒന്നുംതന്നെ പിരിച്ചിട്ടില്ല, മറിച്ച് ജർമനിയിലും ഇറ്റലിയിലും മറ്റുമുള്ള പാശ്ചാത്യരോട് ഇന്ത്യയിലെ പാവപ്പെട്ടവർക്ക് ആതുരസേവനം നൽകാനാണ് എന്നു പറഞ്ഞ് കോടികൾ പിരിച്ചെടുത്തതായി അറിയാം. ഇത് ഒരു വലിയ കാപട്യമാണ്. പാവങ്ങളെ ഉയർത്താനാണെന്ന് പറഞ്ഞ് വിദേശത്തുനിന്ന് പണം വാങ്ങിക്കുകയും ഇവിടെ ഭീമമായ സംഖ്യ തലവരിപ്പണം ഈടാക്കുകയും ന്യൂനപക്ഷാവകാശം തങ്ങൾക്ക് നിഷേധിക്കപ്പെടുന്നുവെന്ന് പരസ്യമായി വാദിക്കുകയും ചെയ്യുന്ന ഒരു സഭയ്ക്ക് ഇവിടെ സുവിശേഷ സാക്ഷ്യം നൽകുവാൻ സാധിക്കുകയില്ല. പൊതുജനങ്ങൾക്ക് പകൽപോലെ തെളിഞ്ഞു കാണാവുന്ന ഇത്തരം കാപട്യങ്ങൾ ന്യൂനപക്ഷാവകാശത്തിന്റെ പേരിൽ ക്രിസ്തീയ സഭകൾ ഒരിക്കലും പ്രോത്സാഹിപ്പിച്ചുകൂടാ.

സ്ഥാപനങ്ങളുടെ ശക്തിയിൽ ഊറ്റംകൊണ്ട് സംഘടിതമായി വിലപേശുന്നതിനും തങ്ങളുടെ ലാഭത്തിന്റെ കണക്കുകളിൽ അഹന്തമുറ്റി ക്രിസ്തുവിന്റെ സുവിശേഷത്തെ അപമാനിക്കുകയും ചെയ്യുന്ന ഒരവസ്ഥയിൽനിന്ന് ക്രിസ്തീയസഭ മോചനം പ്രാപിക്കണം. സ്ഥാപനവൽക്കരണത്തിനുവേണ്ടി കഠിനമായ മത്സരങ്ങളിൽ ഏർപ്പെടുന്ന ക്രിസ്തീയ സഭകൾ അവരുടെ നേതാക്കൾക്ക് പുതിയ മാനുഷികമായ അവബോധവും ദർശനവും ലഭിക്കുന്നതിനുള്ള വിനയവും ക്രിസ്തീയതയും പ്രകടിപ്പിക്കും എന്നു നമുക്ക് പ്രത്യാശിക്കാം.

**കവർ സ്റ്റോറി**

**ഡോ. നൈനാൻ കോശി**

# ഭരണഘടനയും ന്യൂനപക്ഷ അവകാശങ്ങളും

എന്താണ് ന്യൂനപക്ഷാവകാശങ്ങൾ, ആർക്കാണ് ന്യൂനപക്ഷാവകാശങ്ങൾ എന്ന കാര്യങ്ങൾ വിശദമായി പരിശോധിക്കേണ്ടതാണ്. സഭാനേതാക്കളുടെ ഭാഗത്തും സർക്കാരിന്റെ ഭാഗത്തും ആശയവ്യക്തത ഉണ്ടാകേണ്ടതാവശ്യമാണ്.

അതിന് അല്പം ചരിത്രപരാമർശവും സഹായകമാകും. 1949 മെയ് 11-ാം തീയതി പ്രമുഖ ദേശീയ നേതാവും കോൺസ്റ്റിട്യുവന്റ് അസംബ്ലിയിൽ ക്രിസ്തീയ സമൂഹത്തിന്റെ പ്രതിനിധിയുമായിരുന്ന ഡോ. എച്ച്. സി. മുഖർജി ന്യൂനപക്ഷങ്ങളെപ്പറ്റിയുള്ള ഉപദേശകസമിതിയിൽ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സമിതി അംഗീകരിച്ചു. *നിയമനിർമ്മാണ സഭകളിലേയ്ക്ക് ന്യൂനപക്ഷങ്ങൾക്കുള്ള സംവരണ സമ്പ്രദായം നിർത്തലാക്കേണ്ടതാണ്.* ന്യൂനപക്ഷങ്ങൾക്കു പാർലമെന്റിലോ നിയമസഭകളിലോ സംവരണം ആവശ്യമില്ലെന്ന വ്യക്തമായ നിലപാട് മതന്യൂനപക്ഷങ്ങളുടെ പ്രതിനിധികൾ സ്വീകരിച്ചു. അത്തരം സംവരണ നിർദ്ദേശങ്ങളെ അവർ തിരസ്കരിച്ചു. ചരിത്രപ്രധാനമായ ഒരു പ്രഖ്യാപനമായിരുന്നു ഇത്. രൂപമെടുത്തുകൊണ്ടിരുന്ന മതേതര രാഷ്ട്രത്തിന്റെ മുഖ്യധാരയിലായിരിക്കും തങ്ങളുടെ സാമൂഹ്യ-രാഷ്ട്രീയ ജീവിതമെന്ന പ്രഖ്യാപനം. ഇതിനെ പ്രശംസിച്ചകൊണ്ട് ജവഹർലാൽ നെഹ്റു പറഞ്ഞു: ഒരു മതേതര ജനാധിപത്യ വ്യവസ്ഥ ഉണ്ടാക്കുന്ന കാര്യത്തിൽ നമുക്ക് ആത്മാർത്ഥമായ പ്രതിബദ്ധത ഉണ്ടെന്ന് ഇത് തെളിയിക്കുന്നു. ന്യൂനപക്ഷങ്ങളെടുത്ത നിലപാട് മതനിരപേക്ഷതയ്ക്കുള്ള മഹത്തായ ഒരു സംഭാവനയാണെന്ന് രാഷ്ട്രത്തിന്റെ നേതാക്കൾ അംഗീകരിച്ചു. ഒരു മതേതര ജനാധിപത്യത്തിലെ ന്യൂനപക്ഷമെന്ന നിലയിൽ എല്ലാവരോടുമൊപ്പം തുല്യവും പൂർണ്ണവുമായ അവകാശങ്ങളുണ്ടെന്നും മതത്തിന്റെ പേരിൽ ഒരു വിവേചനവുമില്ലെന്നുമുള്ള വിശ്വാസമായിരുന്നു ന്യൂനപക്ഷങ്ങളെടുത്ത നിലപാടിനു പിന്നിൽ. ചരിത്രപരമായി ന്യൂനപക്ഷസമൂഹങ്ങളുടെ മതേതര പ്രതിബദ്ധതയ്ക്കുള്ള പ്രത്യുത്തരമായിരുന്നു ന്യൂനപക്ഷാവകാശമെന്നു കാണിക്കാൻ കഴിയും. വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും, നടത്തുന്നതിനും ന്യൂനപക്ഷങ്ങൾക്ക് അവകാശം നൽകുന്ന മുപ്പതാം അനുഛേദത്തിന്റെ പശ്ചാത്തലം പരിശോധിക്കുമ്പോൾ അത് ന്യൂനപക്ഷസമൂഹങ്ങൾ നടത്തിയിരുന്ന വിദ്യാലയങ്ങൾ ഈ രാജ്യത്തെ മതേതര വിദ്യാഭ്യാസത്തിനു നൽകിയ സംഭാവനയുടെ അംഗീകാരമായിരുന്നുവെന്നും വ്യക്തമാകും. പ്രത്യേക അവകാശങ്ങൾ ഭരണഘടനയിൽ ഇടംകാണുന്നതിനു വളരെ മുൻപുതന്നെ പ്രശസ്തമായ ക്രിസ്ത്യൻ മിഷനറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊതുവെ ലിബറൽ, മതേതര ജനാധിപത്യമൂല്യങ്ങളെ പ്രോത്സാഹിപ്പിച്ചു. രാഷ്ട്രീയ രംഗത്തും സിവിൽ സർവീസിലുമൊക്കെ നേതൃനിരയിലെത്തിയ വിഭിന്നമതസ്ഥരുടെ പല തലമുറകൾ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രകീർത്തിച്ചിട്ടുണ്ട്.

ഈ സ്ഥാപനങ്ങളെയെല്ലാം മോഹനവൽക്കരിക്കയല്ല; അവയിൽ ചിലതിൽ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ, പൊതുവെ പറഞ്ഞാൽ ഈ ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാഭ്യാസത്തിന്റെ മതേതര ചട്ടക്കൂടിനുള്ളിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഈ സ്ഥാപനങ്ങൾ അന്ന് ക്രിസ്തീയവും മതേതരവുമല്ല.

ലോകത്തിൽ, മതേതര, പൊതു വിദ്യാഭ്യാസ സമ്പ്രദായം വികസിപ്പിച്ചെടുത്ത ആദ്യത്തെ രാജ്യങ്ങളിലൊന്ന് ഇന്ത്യയാണെന്നു പറയുന്നത് വിചിത്രമായിതോന്നുമെങ്കിലും അതാണ് വാസ്തവം. രാജാറാം മോഹൻ റോയ് തുടങ്ങിയ പുരോഗമന ചിന്താഗതിക്കാരായ ഹിന്ദുക്കളുടെ പ്രയത്നഫലമായാണ് ക്രിസ്തീയ മിഷനറിമാർ നടത്തിയിരുന്ന പൊതുവിദ്യാലയങ്ങൾക്ക് ഇന്ത്യാ ഗവൺമെന്റ് ഗ്രാന്റ് നൽകാൻ തുടങ്ങിയത്.

ന്യൂനപക്ഷങ്ങൾക്കോ, പിന്നോക്കവിഭാഗങ്ങൾക്കോ പ്രത്യേകവകാശങ്ങൾ നൽകുന്നതിന്റെ ലക്ഷ്യം അവരെ മുഖ്യധാരയിലേയ്ക്കും പുരോഗതിയിലേയ്ക്കും കൊണ്ടുവരികയെന്നതാണ്. ഇവിടെ ക്രിയാത്മകമായ ഒരു വിവേചനം ഉണ്ട്. പ്രത്യേക പരിഗണനകൾ ഇല്ലെങ്കിൽ ന്യൂനപക്ഷത്തിന്റെ ദൗർബല്യങ്ങളും, പിന്നോക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയും തുടരുമെന്ന ആശങ്കയാണിതിന്റെ പിന്നിൽ. അതുകൊണ്ട് ന്യൂനപക്ഷാവകാശങ്ങൾ ന്യൂനപക്ഷത്തിന്റെ അവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ന്യൂനപക്ഷം എന്നു പറഞ്ഞതുകൊണ്ട് ആ വിഭാഗത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക അവസ്ഥയെന്താണെന്ന് വ്യക്തമാകുകയില്ല. യു. എൻ. സംവിധാനത്തിനുള്ളിൽ ഒട്ടനവധി ശ്രമങ്ങൾ ഉണ്ടായിട്ടും ന്യൂനപക്ഷമെന്നതിന് നിർവചനമൊന്നുമില്ല.

സാർവദേശീയ നിയമത്തിൽ അവകാശങ്ങൾ ന്യൂനപക്ഷത്തിലുള്ള വ്യക്തികൾക്കാണ്. ന്യൂനപക്ഷമെന്നത് കേവലം ജനസംഖ്യാടിസ്ഥാനത്തിൽ പരിഗണിച്ചാൽ കേരള ഹൈക്കോടതി ഒരിക്കൽ പ്രസ്താവിച്ചപോലെ 49 ശതമാനംവരെ ന്യൂനപക്ഷമാണ്.

പലപ്പോഴും ചില രാഷ്ട്രീയങ്ങളിലും ചില മേഖലകളിലും ന്യൂനപക്ഷം പ്രബലശക്തികളാകാം. 1994 വരെ ദക്ഷിണാഫ്രിക്കയിൽ രാഷ്ട്രീയ സാമ്പത്തിക അധികാരം വെള്ള ന്യൂനപക്ഷത്തിന്റെ കരങ്ങളിലായിരുന്നു. ഇന്നും അവർ സാമ്പത്തിക രംഗത്ത് നിർണ്ണായകശക്തിയാണ്. ഒരു രംഗത്ത് അമിതമായ സ്വാധീനമോ മേധാവിത്വം തന്നെയോ ഉള്ള ഒരു ന്യൂനപക്ഷം ആ രംഗത്ത് പ്രത്യേകാവകാശങ്ങൾ ആവശ്യപ്പെടുന്നത് നീതിവിരുദ്ധവും ഗുരുതരവുമായ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾക്കു കാരണമാകാം. കേരളത്തിലെ ക്രിസ്തീയന്യൂനപക്ഷപ്രശ്നം ഇതാണ്.

ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെപ്പറ്റിയുള്ള ഏതു രാഷ്ട്രീയ പരിഗണനയിലും അടിസ്ഥാനമായിരിക്കേണ്ടത് അവർ ഒരു മതേതര ജനാധിപത്യ രാഷ്ട്രത്തിലെ ന്യൂനപക്ഷങ്ങളാണെന്നുള്ളതാണ്. ആ ചട്ടക്കൂടിനപ്പുറത്ത് ന്യൂനപക്ഷങ്ങളെ പരിഗണിക്കുമ്പോൾ ന്യൂനപക്ഷ, ഭൂരിപക്ഷമെന്ന സമവാക്യത്തിലേയ്ക്കു നീങ്ങുന്നു. ഇത് മതഭൂരിപക്ഷവാദത്തിന്റെ പരോക്ഷമായ അംഗീകാരമാണ്. ദേശീയ ജീവിതത്തിൽ സ്ഥിരമായോരു ഭൂരിപക്ഷമുണ്ടെന്ന് അംഗീകരിക്കുകയാണ്. ഇത് ജനാധിപത്യ വിരുദ്ധവും മതേതര വിരുദ്ധവുമാണ്. ഒരു ജനാധിപത്യത്തിൽ ഭൂരിപക്ഷമെന്നത് ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ഭൂരിപക്ഷത്തിന്റെ പിന്തുണ നേടുന്നതാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്ന ഇന്ത്യൻ ഭരണഘടനയ്ക്കു വിരുദ്ധമാണ് സ്ഥിരഭൂരിപക്ഷ സങ്കല്പം.



മതന്യൂനപക്ഷങ്ങളെ മതേതര ജനാധിപത്യ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിൽ കാണാതെയുള്ള, മുഖ്യധാരയിൽ നിൽക്കുന്നതിന് പിന്തുണ നൽകാത്ത സമീപനങ്ങളെ എതിർക്കേണ്ടത് മതേതര ജനാധിപത്യ വിശ്വാസികളുടെ കടമയാണ്. ന്യൂനപക്ഷങ്ങളെപ്പറ്റി (മതന്യൂനപക്ഷങ്ങൾ ഉൾപ്പെടെ) ഭരണഘടനയിൽ പരാമർശിക്കുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു നടപ്പാക്കാനുള്ള അവകാശത്തെപ്പറ്റിയുള്ള 29, 30 അനുഛേദങ്ങളിലാണ്; ഇവയിൽ മാത്രമാണ്. ഇതു സുപ്രധാനമായ ഒരു അവകാശമാണ്. ഈ അവകാശം നിലനിർത്താൻ മതേതര കക്ഷികൾ പ്രതിജ്ഞാബദ്ധവുമാണ്.

പക്ഷേ, ഈ അവകാശമാണ് യഥാർത്ഥമായ ഏറ്റവും വലിയ ന്യൂനപക്ഷാവകാശം എന്നു വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നവരാണ് കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ നേതാക്കളും വരേണ്യവർഗ്ഗവും.

വിദ്യാഭ്യാസരംഗത്ത് ആവശ്യമായ പുരോഗമനോന്മുഖമായ പരിഷ്കാരങ്ങളെ കേരളത്തിലെ ക്രൈസ്തവ സഭകൾ ന്യൂനപക്ഷാവകാശങ്ങളുടെയും മതസ്വാതന്ത്ര്യത്തിന്റെയും പേരിൽ എതിർക്കുക പതിവാണ്. തിരുവിതാംകൂർ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യർ 1945ൽ വിദ്യാഭ്യാസ ദേശസാൽക്കരണത്തിന് ചില നീക്കങ്ങൾ നടത്തിയിരുന്നു. സർ സി.പി.യുടെ മറ്റു നയങ്ങൾക്കെതിരെയൊന്നും ശബ്ദമുയർത്താതിരുന്ന സഭാനേതൃത്വം ഈ നീക്കങ്ങൾക്കെതിരെ മതസ്വാതന്ത്ര്യത്തിന്റെ പേരിൽ സമരാഹ്വാനം നടത്തി.

ന്യൂനപക്ഷാവകാശം ലംഘിക്കപ്പെട്ടുവെന്നു പറഞ്ഞ് കേരളത്തിലെ ക്രിസ്ത്യൻ സഭാമേധാവികൾ പരസ്യമായി 1972ലെ സർവകലാശാല ബില്ലിനെ എതിർത്ത് പ്രക്ഷോഭണം നടത്തി. ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂലമായ ഒരു മാറ്റത്തിനുവേണ്ടി കൊണ്ടുവന്ന ഈ പരിഷ്കാരത്തെ എൻ.എസ്.എസ്., എസ്.എൻ.ഡി.പി. തുടങ്ങിയ സാമുദായിക സംഘടനകളുമായി കൂട്ടുചേർന്ന്, മതന്യൂനപക്ഷാവകാശത്തിന്റെ പേരിൽ ക്രിസ്തീയ സഭാനേതൃത്വം എതിർത്തു.

ന്യൂനപക്ഷാവകാശങ്ങൾ മുറുകെപ്പിടിക്കുന്ന ക്രൈസ്തവ നേതൃത്വം കഴിഞ്ഞ മൂന്നു ദശകങ്ങളായി വിഭവങ്ങൾ ചെലവഴിക്കുന്നതും കൂടുതൽ ശ്രദ്ധ ചെലുത്തുന്നതും വരേണ്യവർഗത്തിന്റെ വിദ്യാഭ്യാസത്തിനാണ്. വിദ്യാഭ്യാസത്തിന്റെ സാർവത്രീകരണത്തിൽനിന്നും ബലഹീന വിഭാഗങ്ങളുടെ ഉന്നമനത്തിൽ നിന്നും വിദൂരമാണ് ഈ പ്രവണതയും ശൈലിയും.

ഈ പ്രവണതയും ശൈലിയുമാണ് സഭകളുടെ ഏജൻസികളെ വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണത്തിന്റെ ഏജൻസികളായി മാറ്റുന്നത്. ന്യൂനപക്ഷാവകാശങ്ങൾ പരമാവധി നേടിയെടുക്കുകയും, വിഭവങ്ങൾ കച്ചവടവൽക്കരണത്തിനും, വരേണ്യവർഗ വിദ്യാർത്ഥികളുടെ പരിശീലനത്തിനുമായി വിനിയോഗിക്കുകയും ചെയ്യുന്നതുമൂലം ക്രൈസ്തവ ഏജൻസികൾ ഇന്ന് പാർശ്വവൽക്കരണത്തിന്റെ ആക്കം കൂട്ടുകയും ഉച്ചനീ

ചത്വങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. കേരളത്തിലെ ഏറ്റവും വലിയ പ്രതിലോമശക്തികളിലൊന്നായി വളർന്നു കഴിഞ്ഞ ഇന്റർ ചർച്ച് കൗൺസിലാണ് ഈ ഏജൻസികൾക്ക് നേതൃത്വം നൽകുന്നത്.

യഥാർത്ഥത്തിൽ ക്രൈസ്തവ ന്യൂനപക്ഷം ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകുന്ന ഏറ്റവും വലിയ അവകാശം മതത്തിന്റെ പേരിൽ വിവേചമില്ലാത്ത എല്ലാ പൗരന്മാർക്കും എല്ലാ ജനങ്ങൾക്കുമുള്ള അവകാശങ്ങളിലുള്ള തുല്യതയാണ്.

എല്ലാവർക്കും അവകാശപ്പെട്ട എല്ലാ സ്വാതന്ത്ര്യങ്ങളും പരിരക്ഷിക്കപ്പെടുകയെന്നതാണ് ന്യൂനപക്ഷാവകാശങ്ങൾക്കുള്ള ഉറപ്പ്. ന്യൂനപക്ഷങ്ങളുടെ ഏറ്റവും വലിയ അവകാശം അവർ മതേതര ജനാധിപത്യ സംവിധാനത്തിലാണെന്നുള്ളതാണ്. ഈ സംവിധാനത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കേണ്ടത് മതന്യൂനപക്ഷങ്ങളുടെ കടമയാണ്. ന്യൂനപക്ഷാവകാശങ്ങളുടെ പേരിലുള്ള വിഭാഗീയ ചിന്താഗതികളും വിഭാഗീയ സമീപനങ്ങളും മതേതര ജനാധിപത്യ സംവിധാനത്തെ ബലഹീനമാക്കുകയേ ഉള്ളൂ.

നിർഭാഗ്യവശാൽ കത്തോലിക്കാ സഭാധിപന്മാരുടെ പല പ്രസ്താവനകളും ഈ തരത്തിലുള്ളവയാണ്. ന്യൂനപക്ഷാവകാശങ്ങളുടെ വ്യാഖ്യാനങ്ങളേക്കാൾ അപകടം പിടിച്ചതാണ്. ന്യൂനപക്ഷ താൽപര്യങ്ങളുടെ വ്യാഖ്യാനം.

ന്യൂനപക്ഷത്തിന്റെ യഥാർത്ഥ താൽപര്യങ്ങൾ സമൂഹത്തിലെ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും താൽപര്യങ്ങളാണ്. വിദ്യാഭ്യാസരംഗത്ത് ന്യൂനപക്ഷാവകാശങ്ങൾ ആവശ്യപ്പെടുന്ന മതന്യൂനപക്ഷനേതാക്കൾ ആ അവകാശങ്ങളുടെ പ്രയോജനം ഈ വിഭാഗങ്ങൾക്കു ലഭിക്കുന്നുവെന്നതാണ് ഉറപ്പാക്കേണ്ടത്. അതല്ലെങ്കിൽ ന്യൂനപക്ഷ സമുദായത്തിന്റെ പേരിലുള്ള അവകാശവാദങ്ങൾ നിലനിൽക്കുകയില്ല.

അടിസ്ഥാനപരമായി തെറ്റായതും, യഥാർത്ഥ ക്രിസ്തീയ താൽപര്യങ്ങൾക്കു വിരുദ്ധവുമായ ഒരു സമീപനം കത്തോലിക്ക സഭാ മേലദ്ധ്യന്മാർ പുറപ്പെടുവിച്ച ഇടയലേഖനങ്ങളിൽ കാണുന്നു. സഭയുടെ സ്വാതന്ത്ര്യത്തെയും, വിശ്വാസികളുടെ അവകാശങ്ങളെയും പറ്റിയൊക്കെയുള്ള പരാമർശങ്ങൾ മതസ്വാതന്ത്ര്യത്തെ ന്യൂനപക്ഷാവകാശത്തിന്റെ ഭാഗമായി പരിമിതപ്പെടുത്തുന്നതാണ്. ഇതു തെറ്റാണ്.

മതസ്വാതന്ത്ര്യപ്പറ്റി ഇന്ത്യൻ ഭരണഘടനയിലെ വ്യവസ്ഥകൾ ലോകത്തിലെ ഏതു ഭരണഘടനയിലുള്ളതിനേക്കാൾ ഉദാരവും ശക്തവുമാണ്. ഈ അവകാശം മതന്യൂനപക്ഷങ്ങൾക്കു മാത്രമുള്ളതല്ല. ഇന്ത്യയിലുള്ള എല്ലാവർക്കും - പൗരന്മാർക്കു മാത്രമല്ല - അവകാശപ്പെട്ട സ്വാതന്ത്ര്യമാണിത്. ഇതിനെ ന്യൂനപക്ഷാവകാശവുമായി ബന്ധപ്പെടുത്തുന്നത് സഭയുടെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്. ന്യൂനപക്ഷാവകാശത്തിന് എന്തു സംഭവിച്ചാലും, വിശാലമായ മൗലികാവകാശമായ മതസ്വാതന്ത്ര്യം നിലനിൽക്കും. അതുകൊണ്ടാണ് എല്ലാവർക്കുമുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിലായിരിക്കണം ന്യൂനപക്ഷ നേതാക്കളുടെ ശ്രദ്ധയെന്നു പറഞ്ഞത്.

**ന്യൂനപക്ഷാവകാശങ്ങൾ മുറുകെപ്പിടിക്കുന്ന ക്രൈസ്തവ നേതൃത്വം കഴിഞ്ഞ മൂന്നു ദശകങ്ങളായി വിഭവങ്ങൾ ചെലവഴിക്കുന്നതും കൂടുതൽ ശ്രദ്ധ ചെലുത്തുന്നതും വരേണ്യവർഗത്തിന്റെ വിദ്യാഭ്യാസത്തിനാണ്. വിദ്യാഭ്യാസത്തിന്റെ സാർവത്രീകരണത്തിൽനിന്നും ബലഹീന വിഭാഗങ്ങളുടെ ഉന്നമനത്തിൽ നിന്നും വിദൂരമാണ് ഈ പ്രവണതയും ശൈലിയും.**

## സുപ്രീംകോടതിയും ന്യൂനപക്ഷാവകാശവും

2002 ഒക്ടോബറിൽ സുപ്രീംകോടതിയുടെ ഭരണഘടന ബഞ്ച് ടി.എം.എ.പൈ. ഫൗണ്ടേഷൻ കേസിൽ പുറപ്പെടുവിച്ച വിധിന്യായം ന്യൂനപക്ഷാവകാശങ്ങളെ സംബന്ധിച്ച് പുതിയൊരു വ്യാഖ്യാനം നൽകുകയും, പുതിയൊരു സംവാദത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഈ വിധിന്യായത്തിൽ ന്യൂനപക്ഷാവകാശങ്ങളുടെ വ്യാഖ്യാനത്തിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്ന ഒരു ഭാഗമുണ്ട്. ഭരണഘടനാവകാശങ്ങളുടെ പദ്ധതിയിൽ 30-ാം അനുഛേദത്തിനുള്ള സ്ഥാനത്തിന് പുനർനിർവചനം നൽകിക്കൊണ്ട്, അതിനെ ഭരണഘടനയുടെ രണ്ടു അടിസ്ഥാന സവിശേഷതകളായ മതേതരത്വവും തുല്യതയുമായി ബന്ധിച്ചിരിക്കുന്നു. ന്യൂനപക്ഷാവകാശത്തിനു മതേതരത്വവുമായി ഉറ്റബന്ധമുണ്ടെന്ന് ഭരണഘടനാ ബഞ്ച് വ്യക്തമാക്കുന്നുണ്ട്. 30-ാം അനുഛേദത്തിന്റെ കാതൽ ഭൂരിപക്ഷ, ന്യൂനപക്ഷ സ്ഥാപനങ്ങളുമായി തുല്യത ഉറപ്പാക്കുകയാണ്. ഒരു പ്രത്യേക തരം സ്ഥാപനത്തിനും മറ്റുള്ളവയേക്കാൾ കൂടുതൽ ആനുകൂല്യ പരിഗണന നൽകാൻ പാടില്ല.

ഈ വിധിന്യായം ഒരു ചോദ്യമായി ഉന്നയിക്കുന്ന ഒരു പ്രധാന വിഷയമുണ്ട്. ഒരു വിദ്യാഭ്യാസ സ്ഥാപനത്തെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമെന്ന് പരിരക്ഷിക്കുന്നതിനുള്ള സൂചകങ്ങൾ എന്താണ്? ഒരു മതന്യൂനപക്ഷത്തിലെയോ, ഭാഷാന്യൂനപക്ഷത്തിലെയോ, ഒരു വ്യക്തിയോ, ചില വ്യക്തികളോ സ്ഥാപിച്ചതുകൊണ്ടോ നടത്തുന്നതുകൊണ്ടോ ഒരു സ്ഥാപനത്തെ ന്യൂനപക്ഷ സ്ഥാപനമായി പരിഗണിക്കാമോ?

സുപ്രീം കോടതിയുടെ വിധിന്യായം ഒരു കാര്യം വ്യക്തമാക്കി. ന്യൂനപക്ഷങ്ങൾ സ്ഥാപിക്കുന്ന സ്ഥാപനങ്ങൾക്കെല്ലാം ന്യൂനപക്ഷപദവി ലഭിക്കണമെന്നില്ല. ന്യൂനപക്ഷപദവിക്കു സൂചകങ്ങളും മാനദണ്ഡങ്ങളും ആവശ്യമാണ്.

എൽ.ഡി.എഫ്. സർക്കാരിന്റെ പ്രൊഫഷണൽ കോളജ് നിയമത്തിൽ

ന്യൂനപക്ഷപദവിക്ക് ചില മാനദണ്ഡങ്ങൾ നിർദ്ദേശിച്ചതിന്റെ പശ്ചാത്തലമിതാണ്. ടി.എം.എ.പൈ. ഫൗണ്ടേഷൻ കേസിലെ വിധിന്യായത്തിന് വിശദീകരണം നൽകിയ ഇനാംദാർ കേസിന്റെ വിധിന്യായത്തിൽ ഒരു സുപ്രധാന നിഗമനമുണ്ടായിരുന്നു. ന്യൂനപക്ഷാവകാശം വിവേചനം ഇല്ലാതാക്കാനാണെന്നും അതു പ്രതികൂല വിവേചനം ഉണ്ടാക്കരുതെന്നും വിധിന്യായം വ്യക്തമാക്കി. കേരളത്തിൽ ക്രൈസ്തവ ഏജൻസികളുടെ സ്ഥാപനങ്ങൾക്കു ന്യൂനപക്ഷപദവി നൽകുമ്പോഴുണ്ടാകുന്നത് പ്രതികൂലവിവേചനമാണ്. ന്യൂനപക്ഷപദവിക്ക് മാനദണ്ഡങ്ങൾ നിർദ്ദേശിച്ച കേരള പ്രൊഫഷണൽ നിയമത്തിലെ വകുപ്പും കേരള ഹൈക്കോടതിയുടെ വിധിന്യായവും ഒരു വസ്തുത അംഗീകരിക്കുന്നു. ഒരു വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുന്നതും നടത്തുന്നതും സംബന്ധിച്ചുള്ള അവകാശങ്ങളെപ്പറ്റി ചർച്ചയും നിയമവും ഉണ്ടായിട്ടുണ്ടെങ്കിലും, ഒരു വിദ്യാഭ്യാസ സ്ഥാപനത്തെ ന്യൂനപക്ഷസ്ഥാപനമായി കരുതുന്നതിനുള്ള സൂചകങ്ങളെ സംബന്ധിച്ച് വളരെയൊന്നും ചർച്ചകൾ നടന്നിട്ടില്ല. ഈ കാര്യം ആദ്യമായി ഈ കേസിൽ പരിഗണിക്കേണ്ടിയിരിക്കുന്നു.

കേരള ഹൈക്കോടതി ഒരു കാര്യംകൂടെ വ്യക്തമാക്കുന്നു. ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ നിയമത്തിൽ ഒരു ന്യൂനപക്ഷ സ്ഥാപനത്തിനുള്ള നിർണ്ണായക മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകളൊന്നുമില്ല.

ഹൈക്കോടതി വിധിക്കുശേഷം കേരളത്തിലെ പ്രധാന ക്രൈസ്തവ പ്രൊഫഷണൽ സ്ഥാപനങ്ങളെല്ലാം, ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനിൽനിന്ന് ന്യൂനപക്ഷപദവി നേടിയെടുത്തു. ഈ കമ്മീഷന് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ന്യൂനപക്ഷപദവി നിശ്ചയിക്കാമെങ്കിലും, അങ്ങനെ നിശ്ചയിക്കുന്നതിന് എന്തു മാനദണ്ഡമാണുള്ളതെന്നതിന് കേന്ദ്ര നിയമത്തിൽ ഒരു പരാമർശവുമില്ല. കേരള ഹൈക്കോടതി 2007 ജനുവരിയിലെ വിധിന്യായത്തിൽ വ്യക്തമാക്കിയിരുന്നു.

പുഷ്പഗിരി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷപദവി നൽകിക്കൊണ്ട് 2007 ഏപ്രിൽ 18-ാം തീയതി ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നു. ന്യൂനപക്ഷങ്ങൾ സ്ഥാപിച്ചു നടത്തുന്ന സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷപദവിക്കവകാശമുണ്ട്.

ടി. എം. എ. പൈ. കേസിലെ വിധിന്യായത്തിന് വിരുദ്ധമാണ് ഈ തീരുമാനം. കേരളത്തിലെ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് കമ്മീഷൻ ന്യൂനപക്ഷപദവി നൽകിയത് നിയമാനുസൃതമല്ല. പക്ഷേ, ഇതിനെതിരെ കമ്മീഷനിൽ അപ്പീൽ നൽകാനോ കോടതിയെ സമീപിക്കാനോ കേരള സർക്കാർ തയ്യാറായില്ല. ഇതും സമവായത്തിന്റെ ഭാഗമാണോ? ന്യൂനപക്ഷാവകാശങ്ങൾ സംബന്ധിച്ചും ന്യൂനപക്ഷപദവി സംബന്ധിച്ചും നിയമപരമായിത്തന്നെ അവ്യക്തതകൾ തുടരുന്നു. ആർക്കാണ് ന്യൂനപക്ഷാവകാശം? ആർക്കാണ് ന്യൂനപക്ഷാവകാശങ്ങളുടെ പ്രയോജനം ലഭിക്കേണ്ടത്? ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സഭകൾക്കാണോ ന്യൂനപക്ഷാവകാശം. മാനേജ്മെന്റുകൾക്കാണോ? അതോ, ക്രിസ്തീയ സമൂഹത്തിനോ?

ഇടയലേഖനങ്ങളും പ്രസ്താവനകളും കണ്ടാൽ സഭയ്ക്കാണ്, സഭയാണ് ന്യൂനപക്ഷാവകാശങ്ങൾ ആവശ്യപ്പെടുന്നതെന്നു കാണാം.

ന്യൂനപക്ഷാവകാശം സഭയ്ക്കുള്ളതല്ല; ക്രിസ്തീയ സമൂഹത്തിനുള്ളതാണ്. ജനസംഖ്യാപരമായി കേരളത്തിലെ ക്രിസ്തീയ സമൂഹം ഒരു ന്യൂനപക്ഷമാണ്. അത് വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷമല്ല. അതിന് കേരളത്തിലെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മണ്ഡലങ്ങളിലുള്ള സ്വാധീനവും ഒരു ന്യൂനപക്ഷത്തിന്റേതല്ല. അതുകൊണ്ട് കേരളത്തിലെ ക്രിസ്തീയ സമൂഹത്തിന് 30-ാം അനുച്ഛേദത്തിന്റെ അവകാശമില്ലെന്ന് പറയുകയല്ല. ക്രിസ്തീയ സമൂഹത്തെ പ്രതിനിധീകരിക്കാൻ സഭാദ്ധ്യക്ഷന്മാർക്ക് അവകാശമില്ലെന്നും പറഞ്ഞുകൂടാ. പക്ഷേ, ചില സുപ്രധാന പരിഗണനകളുണ്ട്. ക്രിസ്തീയ സഭയുടെ പേരിലുള്ള ന്യൂനപക്ഷാവകാശവാദം കേരളത്തിൽ ഇന്ന് മതനിരപേക്ഷതയെയും തുല്യതയെയും പ്രോത്സാഹിപ്പിക്കുകയാണോ അതോ മതേതര ജനാധിപത്യ സംവിധാനത്തെ ബലഹീനമാക്കുകയാണോ? ക്രിസ്തീയ സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായാണോ ഈ അവകാശങ്ങൾ ഇന്ന് ആവശ്യപ്പെടുന്നത്? സമുദായത്തിന് അകത്തും പുറത്തും സാമൂഹ്യനീതി നിഷേധിക്കുന്ന വിധത്തിലല്ലേ ഇന്ന് അവകാശവാദങ്ങൾ?

വിദ്യാഭ്യാസം ന്യൂനപക്ഷാവകാശങ്ങൾക്ക് പ്രത്യേകമായുള്ള ഒരു മണ്ഡലമാണ്. പക്ഷേ, ന്യൂനപക്ഷാവകാശങ്ങളുടെ പരിപ്രേക്ഷ്യത്തിലാകരുത്, സംസ്ഥാനത്തിന്റെ വിദ്യാഭ്യാസനയം രൂപീകരിക്കേണ്ടത്. സമൂഹത്തിന്റെ മുഴുവൻ പൊതുനന്മ കണക്കിലെടുത്തുവേണം നയങ്ങളുണ്ടാകേണ്ടത്.

ഭരണഘടനയും നീതിപീഠങ്ങളും ന്യൂനപക്ഷങ്ങൾക്ക് ഉറപ്പാക്കുന്ന അവകാശങ്ങളെല്ലാം സംരക്ഷിക്കണം. പക്ഷേ, നയരൂപീകരണപ്രക്രിയ തുടങ്ങുന്നത്, പൊതുതാല്പര്യങ്ങളിൽ നിന്നുതന്നെയായിരിക്കണം.

എന്താണ് യഥാർത്ഥ പ്രശ്നങ്ങളെന്നതിനെപ്പറ്റി അഭിപ്രായൈക്യം ഉണ്ടെന്നു തോന്നുന്നില്ല. ഗവൺമെന്റിന്റെ നയങ്ങൾ വിശദീകരിക്കുന്നതിലും അവ ന്യൂനപക്ഷങ്ങളിലേതുൾപ്പെടെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും താല്പര്യം സംരക്ഷിക്കുന്നവയാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിലും സർക്കാരും, പാർട്ടിയും ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. അതോടൊപ്പം സഭാനേതൃത്വം അവതരിപ്പിക്കുന്ന ന്യൂനപക്ഷാവകാശങ്ങളെയും, താല്പര്യങ്ങളെയും പറ്റിയുള്ള വരേണ്യവർഗ്ഗ വ്യാഖ്യാനം അംഗീകരിക്കാത്ത, മതേതര-ജനാധിപത്യ പ്രതിബദ്ധതയുള്ള ഒരു വലിയ വിഭാഗം ക്രിസ്തീയ വിശ്വാസികൾ കേരളത്തിലുണ്ടെന്നുള്ളതും സർക്കാരും പാർട്ടിയും കണക്കിലെടുക്കണം.

*(നൈനാൻ കോശിയുമായി അഭിമുഖം നടത്തി തയ്യാറാക്കിയത്)*

ചരിത്രപാഠം

എം. ഐ. പുന്നൂസ്

# മലങ്കര സഭയിലെ നൂറ്റാണ്ടുയുദ്ധം : ചരിത്രവും വർത്തമാനവും

യാക്കോബായ - ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള വഴക്ക് ക്രിസ്ത്യാനികൾക്കിടയിലെ ആഭ്യന്തര കലഹമെന്ന നിലവിട്ട് ഒരു സാമൂഹ്യപൊതുപ്രശ്നമായി ഇന്ന് മാറിയിരിക്കുകയാണ്. സർക്കാർ വാഹനങ്ങൾ തീവെച്ചും പൊതുമുതൽ നശിപ്പിച്ചും നടത്തിയ രണ്ടു തെരുവുയുദ്ധങ്ങൾ ഇതിനോടകം കഴിഞ്ഞു.

അനുതാപത്തിന്റെയും കുമ്പസാരത്തിന്റെയും പീഡാനുഭവ വാരത്തിൽ മെത്രാന്മാർ സുപ്രീംകോടതി വരാന്തകളിൽ ഉഴറി നടക്കുന്ന ദയനീയമായ കാഴ്ചകളുണ്ടായി. വേറൊരു കൂട്ടർ വിധി തങ്ങൾക്കനുകൂലമാണെന്നു വ്യാഖ്യാനിച്ച് വിശദീകരണ മഹായോഗങ്ങൾ നടത്തിവരുന്നു. യഥാർത്ഥത്തിൽ ഇതൊക്കെ ക്രിസ്തുമതത്തെ സംബന്ധിച്ച് എന്തു സന്ദേശമാണ് പൊതുസമൂഹത്തിന് നല്കുന്നതെന്ന് ബന്ധപ്പെട്ടവർ ചിന്തിക്കേണ്ടതുണ്ട്.

**കലാപങ്ങളുടെ ചരിത്രവഴികൾ**

മലങ്കരസഭയിലെ മൂപ്പിളമത്തർക്കം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. നൂറ്റാണ്ടുകളുടെ പഴക്കമതിന് പല നിലകളിലുമുണ്ട്. പോർട്ടുഗീസാഗമനംവരെയുള്ള കേരള ക്രൈസ്തവ സഭയുടെ ചരിത്രത്തിൽ ഏതെങ്കിലും തരത്തിലുള്ള ആഭ്യന്തരകലഹങ്ങൾ ഉണ്ടായിരുന്നുവെന്നതിന്റെ ചരിത്രസൂചനകളൊന്നും ലഭ്യമല്ല. ആദ്യനൂറ്റാണ്ടിൽതന്നെ ക്രിസ്തുമതം സ്വീകരിച്ച് മാർത്തോമാ പാരമ്പര്യം ഏറ്റുവാങ്ങിയ ക്രൈസ്തവ സമൂഹം സമാധാനത്തിലും ശാന്തിയിലുമാണ് പുലർന്നു വന്നത്. എ.ഡി. 345ൽ ക്നായിത്തൊമ്മന്റെ നേതൃത്വത്തിലുണ്ടായ സിറിയൻ കുടിയേറ്റത്തെയും ചരിത്രത്തെയും അവർ എങ്ങനെ സ്വീകരിച്ചുവെന്നതിന്റെ ചരിത്രസാക്ഷ്യങ്ങളൊന്നും ലഭിച്ചിട്ടില്ല. പുതുതായി വന്നുചേർന്നവർ തങ്ങളുടെ വംശീയ മഹിമ ഉയർത്തിപ്പിടിച്ചിരുന്നതിന്റെ അടയാളങ്ങളുണ്ട്. വടക്കും ഭാഗരെന്നും തെക്കും ഭാഗരെന്നുമുള്ള വിഭജനം ഒരു കലാപത്തിന്റെ തുടർച്ചയിലുണ്ടായതാണോയെന്ന് തീർച്ചയില്ല.

പോർട്ടുഗീസാഗമനം വരെ കേരള ക്രൈസ്തവ സമൂഹം നസ്രാണികളെന്ന പൊതുനാമത്തിൽ പൗരസ്ത്യപാരമ്പര്യത്തിന്റെ നേരവകാശികളായി തുടരുന്നതിന്റെ ചരിത്രത്തെളിവുകളാണ് നമുക്ക് ലഭിക്കുന്നത്. രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലെന്നതുപോലെ ക്രൈസ്തവ ചരിത്രത്തിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതായിരുന്നു ഗാമയുടെ സന്ദർശനം.

1498ലെ ആദ്യ സന്ദർശനത്തിനിടയിൽ, ഇവിടെ ചിന്നിച്ചിതറിയ നിലയിൽ ഒരുപറ്റം ക്രൈസ്തവരെ കണ്ടതാണ് പിന്നീട് വർദ്ധിത വീര്യത്തോടും സർവ്വസന്നാഹങ്ങളോടുംകൂടി ഇങ്ങോട്ടു വരുവാൻ പറങ്കികളെ പ്രേരിപ്പിച്ചത്. 1502ൽ കൊച്ചിയിലെത്തിയ ഗാമയെയും കൂട്ടരെയും കൊടുങ്ങല്ലൂരിലെ നസ്രാണികളുടെ പ്രതിനിധികൾ കാഴ്ചകളോടെ പോയി കണ്ടു വണങ്ങുകയും തങ്ങളുടെ സ്ഥാനചിഹ്നങ്ങളും മുദ്രകളും അടിയറവെച്ച് സാമൂഹികമായി തങ്ങൾ നേരിടുന്ന അരക്ഷിതാവസ്ഥയിൽനിന്ന് രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

സന്തോഷപൂർവ്വം ഈ അപേക്ഷ സ്വീകരിച്ച ഗാമ കൊടിക്കൂറകളുയർത്തിയും പീരങ്കി വെടികളുതിർത്തും മലങ്കര ക്രൈസ്തവ സമൂഹത്തെ തങ്ങൾ രക്ഷിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ കേരള ക്രൈസ്തവ സഭയിൽ ആഭ്യന്തര കലാപങ്ങളുടെയും അസ്വസ്ഥതകളുടെയും തുടക്കം കുറിച്ചുകൊണ്ടുള്ള ആചാര വെടിയാണവർ മുഴക്കിയതെന്നാണ് പില്ക്കാല ചരിത്രം തെളിയിച്ചത്.

മാർത്തോമ്മായുടെ പൈതൃകവും സിറിയൻ ബന്ധവും പ്രാണവായുപോലെ കരുതി വന്ന നസ്രാണി സമൂഹത്തെ റോമിന്റെ കീഴിൽ ലത്തീൻ മതനയങ്ങളിലേക്ക് പരിവർത്തിപ്പിക്കാൻ അവർ സർവ്വശക്തിയുമെടുത്ത് പരിശ്രമിക്കുന്നതാണ് പിന്നീടു കാണുന്നത്. ഇത് നിഷ്കളങ്കരായിരുന്ന ആദിമക്രൈസ്തവ പിതാക്കന്മാരെ വേദനിപ്പിക്കുകയും എന്തു വിലകൊടുത്തും തങ്ങളുടെ പൗരസ്ത്യ സഭാ പൈതൃകം നിലനിർത്തുമെന്ന് അവർ പ്രഖ്യാപിക്കുകയും ചെയ്തതോടെ കേരള ക്രൈസ്തവ സഭയിൽ അസ്വസ്ഥതകളുടെ കാലമാരംഭിച്ചു.

ഉപജാപങ്ങളും അന്തർനാടകങ്ങളും ഗൂഢാലോചനകളും ഒരുപാട് നടന്നു. സൈന്യശക്തിയുടെയും അധികാര പിൻബലത്തിന്റെയും മറവിൽ ഉദയംപേരൂരിൽവെച്ച് സഭയുടെ സിറിയൻ പാരമ്പര്യങ്ങളുടെ താഴ്വേരറുക്കാനുള്ള പദ്ധതിക്ക് ഒടുവിൽ മെനെ

സിസ്സ് മെത്രാൻ രൂപം നല്കി. പറവൂർ കോട്ടക്കാവ് പള്ളിയിൽ അദ്ദേഹം വളരെ പ്രകോപനപരമായ പ്രസംഗമാണ് ചെയ്തത്. സത്യസഭ ഒന്നേയുള്ളുവെന്നും ക്രൈസ്തവരെല്ലാം അതിനു വിധേയരാകണമെന്നതുമായിരുന്നു പ്രതിപാദ്യം. മാർത്തോമ്മാ ക്രിസ്ത്യാനികൾ ശക്തമായി പ്രതിഷേധിച്ചപ്പോൾ മെനെസിസ്സ് മെത്രാൻ ഇങ്ങനെ പറഞ്ഞു. കത്തോലിക്കാ സഭയുടെ സത്യങ്ങൾ എന്റെ ചോര കൊണ്ടോ വാക്കുകൾ കൊണ്ടോ നിങ്ങളെ ബോധ്യപ്പെടുത്തിയല്ലാതെ ഒരടി ഞാൻ പിൻവാങ്ങുകയില്ല. നിങ്ങൾക്കു വേണമെങ്കിൽ എന്നെ കൊല്ലാം. നിരായുധനായ എന്റെ പക്കൽ ഈ അംശവടിയല്ലാതെ മറ്റൊന്നുമില്ല. സ്വന്തം ഇടയന്റെ രക്തത്തിനാണ് നിങ്ങളുടെ ദാഹമെങ്കിൽ നിങ്ങൾക്കത് സ്വീകരിക്കാം. കുന്തങ്ങൾകൊണ്ട് എന്നെ കുത്തിക്കീറുക. വാൾത്തലകളിൽ എന്റെ രക്തം പുരളട്ടെ. തോക്കുകൾ കൊണ്ട് എന്റെ നേർക്ക് നിറയൊഴിക്കൂ. എന്റെ സത്യപ്രഖ്യാപനം ബോധ്യമാക്കാൻ അങ്ങനെ എന്റെ രക്താർപ്പണം നിങ്ങളെ സഹായിക്കട്ടെ.

ഇത്തരം പ്രഖ്യാപനങ്ങളും പള്ളി സന്ദർശനങ്ങളും കേരളസഭയിൽ ശക്തമായ സംഘർഷങ്ങളുണ്ടാക്കി. ജീവൻപോലും പണയപ്പെടുത്തിക്കൊണ്ടാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തലവനായ അർക്കദിയാക്കോൻ പൗരസ്ത്യ പാരമ്പര്യങ്ങളിൽ നിലനില്ക്കുന്നതിനുള്ള ശ്രമം നടത്തിയതെന്നു കാണാം. മറ്റെന്തു നിബന്ധനകളും അംഗീകരിക്കാമെന്നും തങ്ങളുടെ പൗരസ്ത്യപിതാക്കന്മാരെ ഉപേക്ഷിക്കണമെന്നും തള്ളിപ്പറയണമെന്നും മാത്രം പറയരുതേ എന്നുള്ളതായിരുന്നു കണ്ണീരോടെയുള്ള അർക്കദിയാക്കോന്റെ അപേക്ഷ.

1599-ൽ ഉദയംപേരൂരിൽ വച്ചു നടന്ന സുന്നഹദോസ് മലങ്കരസഭയിലെ ആഭ്യന്തര സംഘർഷങ്ങളും അസ്വസ്ഥതകളും മൂർച്ഛിപ്പിക്കുകയാണ് ചെയ്തത്. അധികാരവും സൈന്യബലവും പ്രയോഗിച്ചാലും കേരള ക്രൈസ്തവ സഭയുടെ പാരമ്പര്യങ്ങളെയും ആത്മീയ പിതൃസ്ഥാനങ്ങളെയും പരിത്യജിക്കില്ലെന്ന ദൃഢനിശ്ചയം ഈ സമ്മേളനം കൂടുതൽ ഉജ്ജ്വലത്താക്കുകയാണ് ചെയ്തത്. 1653ലെ കൂനൻ കുരിശ് സത്യത്തിലാണിത് അവസാനിച്ചത്.

**പുത്തൻകൂറും പഴയകൂറും: ചരിത്ര വൈരുദ്ധ്യം**

ചരിത്രപാഠത്തെ വ്യത്യസ്ത




താല്പര്യങ്ങളോടെ വ്യാഖ്യാനിച്ച് ചരിത്ര യാഥാർത്ഥ്യങ്ങളെ കീഴ്മേൽ മറിച്ചിടാമെന്നത് ഒരു ചരിത്ര പ്രശ്നമാണ്. ഇതിന് കേരളചരിത്രത്തിൽ ഏറ്റവും നല്ല ഉദാഹരണമാണ് പുത്തൻകൂർ - പഴയകൂർ എന്ന ചരിത്രകല്പന. ഉദയംപേരൂർ സുന്നഹദോസിനു മുമ്പുള്ള പാരമ്പര്യം ഇന്നും പിന്തുടർന്നു വരുന്നവരാണ് ഓർത്തഡോക്സ് യാക്കോബായ വിഭാഗം. വൈദിക വേഷക്രമത്തിലും വിശ്വാസാരാധനാ പാരമ്പര്യങ്ങളിലും യഥാർത്ഥ പഴയകുറ്റുകാർ ഇവരാണ്. ചില ചരിത്രകാരന്മാരുടെ അവിഹിതമായ ഇടപെടലുകൾ ഈ യാഥാർത്ഥ്യത്തെ തകിടം മറിച്ചിടാൻ വളരെ പരിശ്രമിച്ചിട്ടുണ്ട്. ആദിമനൂറ്റാണ്ടു മുതലുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജീവിതചര്യകളും ആരാധനാ വിശ്വാസക്രമങ്ങളും പിന്തുടർന്നു വന്നവർ പുത്തൻകുറ്റുകാരും ഉദയംപേരൂർ സുന്നഹദോസ്സിനുശേഷം മാർപാപ്പായുടെ പരമാധികാരത്തിൻ കീഴിൽ പുതിയ വിശ്വാസം സ്വീകരിച്ചവർ പഴയകുറ്റുകാരുമായി വ്യവഹരിക്കപ്പെടുന്നതിലെ ചരിത്രവിരോധാഭാസം മറ്റൊരു പ്രബന്ധവിഷയമായതിനാൽ ഇവിടെ ചർച്ച ചെയ്യുന്നില്ല. എന്തായാലും കേരള ക്രൈസ്തവ സഭ രണ്ടായി നെടുകെ പിളർന്നു. ഇതിനെ ചെറുക്കുന്നതിന് അന്നത്തെ സഭാപിതാക്കന്മാർ അനുഭവിച്ച ഹൃദയസങ്കടങ്ങളും സംഘർഷവും ക്ലേശങ്ങളും വർണ്ണനാതീതമാണ്.

കേരള ക്രൈസ്തവസഭയുടെ ഉത്കർഷവികാസഗതികളെ ഈ വിഭജനം വളരെ പ്രതികൂലമായി ബാധിച്ചു. എങ്കിൽപ്പോലും സഭയിൽ നീറിനിന്ന ആഭ്യന്തര പ്രശ്നങ്ങൾക്ക് താല്ക്കാലിക വിരാമമായെന്നു പറയാം. എന്നാൽ പൗരസ്ത്യപാരമ്പര്യത്തിൽ ഉറച്ചുനിന്നവർക്കിടയിൽ വീണ്ടും ആഭ്യന്തര അസ്വസ്ഥതകൾ ഉണ്ടാകുന്ന കാഴ്ചയാണ് പിന്നീട് കാണുന്നത്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളിൽ നവീകരണ വാദികളായ ഒരു വിഭാഗം മാത്യൂസ് മാർ അത്താനാസ്യോസ്സിന്റെ നേതൃത്വത്തിൽ മാർത്തോമ്മാ സഭയുണ്ടാക്കി പിരിഞ്ഞു. പിന്നീട് മാർത്തോമ്മാ സഭയിലൊരു വിഭാഗം 1960ൽ ഇവാഞ്ചലിക്കൽ സഭയുണ്ടാക്കി മാറി. തൊഴിയൂർ സഭയും മലങ്കര കത്തോലിക്കാ സഭയുമൊക്കെ ഇപ്രകാരം ആശയാധികാര വ്യവസ്ഥകളുടെ പേരിലുണ്ടായ കലഹങ്ങളെ തുടർന്ന് രൂപപ്പെട്ട സഭകളാണ്. മലങ്കരസഭയിലെ തീരാശാപമായ കലഹം ഏറ്റവും രൂക്ഷമായി നടന്നു വന്നത് യാക്കോബായ - ഓർത്തഡോക്സ് വിഭാഗങ്ങൾക്കിടയിലാണ്.

**ബാവ-മെത്രാൻ നൂറ്റാണ്ടുയുദ്ധം**

കത്തോലിക്കേതര ക്രൈസ്തവർക്കിടയിലെ ഏറ്റവും പ്രബല വിഭാഗങ്ങളായ യാക്കോബായ - ഓർത്തഡോക്സ് പക്ഷങ്ങൾക്കിടയിലെ

തർക്കങ്ങളും കോടതി വ്യവഹാരങ്ങളും ഒരു നൂറ്റാണ്ടു പിന്നിടാൻ പോകുകയാണ്. 1908 മെയ് 31-ാം തീയതിയാണ് അബ്ദുള്ള പാത്രിയക്കീസ് വട്ടശ്ശേരിൽ ദിവന്ന്യാസ്യോസ് ആറാമനും മാർ കൂറിലോസിനും മെത്രാൻ പട്ടം നല്കിയത്. എന്നാൽ മലങ്കരസഭയിൽ പാത്രിയർക്കീസുമാർ അമിതാധികാരം കയ്യാളുന്നുവെന്ന തോന്നലുണ്ടായതിനെ തുടർന്ന് ആദ്ധ്യാത്മിക കാര്യങ്ങളിൽ മാത്രമേ പാത്രിയർക്കീസിന് അധികാരമുള്ളെന്നും ഭരണ കാര്യങ്ങളിൽ മലങ്കരസഭ സ്വതന്ത്രമാണെന്നും ദിവന്നാസ്യോസ് ആറാമൻ വാദിച്ചതോടെ അവകാശാധികാരത്തർക്കങ്ങളുടെ പുതിയ അദ്ധ്യായം ആരംഭിച്ചു.

തുടർന്ന് 1911 ആഗസ്റ്റ് 30ന് പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ ആലുവയിൽ ചേർന്ന സുന്നഹദോസ്സിൽ മാർ ദിവന്നാസ്യോസ്സിനെ മുടക്കിയതോടെ മലങ്കര സഭയിൽ നാളിതുവരെ പരിഹൃതമാകാത്ത കലഹങ്ങൾക്കും കോടതി വ്യവഹാര പരമ്പരകൾക്കും തുടക്കമായി. പാത്രിയർക്കീസിനെ അനുകൂലിച്ചവർ ബാവാ കക്ഷിയും മെത്രാനെ അനുകൂലിച്ചവർ മെത്രാൻ കക്ഷിയുമായി പിരിഞ്ഞ് രൂക്ഷമായ കലഹങ്ങളിലേർപ്പെട്ടു.

ഈ കലഹങ്ങളധികവും ഏതെങ്കിലും ആത്മീയ ആരാധനാ കാര്യങ്ങളുടെ പേരിലുണ്ടായതല്ലെന്നതാണ് സത്യം. സഭാസ്വത്തുക്കളിന്മേലുള്ള അധികാരം ആർക്ക് എന്നതു മാത്രമായിരുന്നു എക്കാലത്തെയും പ്രശ്നം. ദീർഘകാലത്തേക്കു നീണ്ടുനിന്ന വട്ടിപ്പണ വ്യവഹാരം ഇതിന്റെ തുടർച്ചയാണ്. പാരമ്പര്യക്രൈസ്തവ സ്വത്തുക്കളിന്മേലുള്ള അവകാശാധികാരങ്ങൾക്കുവേണ്ടി നടന്ന നിയമയുദ്ധങ്ങളാണ് ഒരു നൂറ്റാണ്ട് പിന്നിടാൻ പോകുന്നത്. മലങ്കര സഭയുടെ സർവ്വ ഊർജ്ജവും കോടിക്കണക്കിനു രൂപയും ചെലവിട്ട് നടത്തിയ കോടതി വ്യവഹാരങ്ങൾ ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ ഇതിന്റെയൊക്കെ ആത്യന്തിക നേട്ടത്തെപ്പറ്റിയുള്ള തിരിഞ്ഞുനോട്ടം വളരെ പ്രസക്തമായിരിക്കും.

മരിച്ചു കഴിഞ്ഞിട്ടും മറവുചെയ്യപ്പെടുന്നില്ലെന്നതാണ് മതത്തെ സംബന്ധിച്ച ഏറ്റവും വൃത്തികെട്ട കാര്യമെന്ന് വിഖ്യാത ചിന്തകൻ ചാപ്മാൻ കോഹൻ അഭിപ്രായപ്പെടുന്നുണ്ട്. മതാശയങ്ങൾക്കു നേരെ വിപരീതമായ നിലയിൽ മതങ്ങൾ പ്രവർത്തിക്കുമ്പോഴാണ് മതങ്ങളുടെ മരണം നടക്കുന്നത്. യഥാർത്ഥത്തിൽ മതങ്ങളെയല്ല, സദുദ്ദേശ്യപരമായി രൂപപ്പെട്ട മതാശയങ്ങളുടെ സത്തയെ വികലമാക്കി മാറ്റുന്ന മതസ്ഥാപനങ്ങളെയാണ് ചാപ്മാൻ എതിർക്കുന്നതെന്നു കാണാം.

**പ്രാർത്ഥനാ പൂർണ്ണമായി ഈ പ്രശ്നങ്ങളെ സമീപിച്ച് അവയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. ഇതല്ലാതെ കോടതികളിൽ കോടികൾ ചെലവിട്ട് നിയമയുദ്ധം ചെയ്യാനും ചാനൽ ചർച്ചകളിൽ പരസ്പരം തെറിയഭിഷേകം നടത്താനും തെരുവിൽ പൊറാട്ടുയുദ്ധങ്ങൾ തുടരാനുമാണ് ഭാവമെങ്കിൽ, ആയിക്കൊള്ളുക. പക്ഷേ, ഞങ്ങളുടെ ക്രിസ്തുവിനെ ഞങ്ങൾക്കുവിട്ടുതരിക എന്നു മാത്രമേ പറയാനുള്ളൂ.**

സമൂഹത്തിൽ സ്നേഹവും സമാധാനവും പരത്തേണ്ട മതങ്ങൾ ഭൗതിക നേട്ടങ്ങളുടെ പേരിൽ മനുഷ്യർക്കിടയിൽ കലഹങ്ങളും വംശീയ ലഹളകളും സൃഷ്ടിക്കുന്ന കാഴ്ചയാണ് ലോകമെങ്ങും കാണുന്നത്. മതങ്ങളുടെയും പള്ളികളുടെയും പേരിൽ ചോരപ്പുഴയൊഴുകിയ നാടാണ് നമ്മുടേത്. സ്വാതന്ത്ര്യകാലത്തുണ്ടായ മതവൈരങ്ങളുടെയും വംശീയ വിദ്വേഷങ്ങളുടെയും മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല.

മതകേന്ദ്രങ്ങൾ മാരകായുധങ്ങളുടെ സംഭരണ ശാലകളാകുന്ന ഭീതിദമായ കാഴ്ചയാണ് ചുറ്റും കാണുന്നത്. ആരാധനാ മന്ത്രങ്ങളുയരേണ്ട സ്ഥാനത്ത് മാരകായുധങ്ങൾ രാകി മൂർച്ചപ്പെടുത്തുന്നതിന്റെ ഭയജനകമായ ശബ്ദങ്ങളാണിവിടെ ഉയരുന്നത്.

ഇത്തരമൊരു സാമൂഹിക പരിസരത്തിൽ സ്നേഹത്തിന്റെയും കടമയുടെയും പാഠമുപദേശിച്ച ക്രിസ്തുവിന്റെ അനുയായികൾ മതസ്ഥാപനങ്ങളുടെ പേരിൽ ഇവിടെ നടത്തുന്ന തമ്മിൽത്തല്ല് നമ്മുടെ സാമൂഹിക ജീവിതത്തെ കൂടുതൽ മലീമസമാക്കുകയാണു ചെയ്യുന്നത്. പള്ളിയിൽ സ്വന്തം മതാനുയായികളാൽ ക്രിസ്തു വീണ്ടും ക്രൂശിൽ തറയ്ക്കപ്പെടുകയും അവിടെ നിന്ന് ക്രിസ്തുവിന്റെ നിലവിളി ഉയരുകയും ചെയ്യുന്നു.

കഴിഞ്ഞ ദുഃഖവെള്ളിയാഴ്ചയിലെ ആരാധനയ്ക്കുശേഷം കോടതി വിധിയിലൂടെ വിവാദമായ ഇടുക്കിയിലെ ഒരു പള്ളിയിലുണ്ടായ അതിക്രമം ക്രൈസ്തവ മനഃസാക്ഷിയെ ഞെട്ടിച്ച സംഭവമാണ്. ക്രൂശിതനായ ക്രിസ്തുവിനെ ഇവിടെ ക്രിസ്ത്യാനികൾ രണ്ടാമതൊരിക്കൽ കൂടി ക്രൂശിൽ തറയ്ക്കുകയാണ് ചെയ്തത്. ആക്രമണകാരികളിൽ ഒരു ശെമ്മാശ്ശനുമുണ്ടായിരുന്നെന്ന പത്രവാർത്ത നമ്മുടെ ആത്മീയാധഃപതനത്തിന്റെ പാരമ്യതയിൽ മാത്രമേ കാണാനാൻ കഴിയൂ.

ഇടത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേച്ചെകിടും കാണിച്ചുകൊടുക്കണമെന്നുപദേശിച്ച ക്രിസ്തുവിനെ സമൂഹത്തിനു പരിചയപ്പെടുത്തേണ്ട ഒരു വൈദിക വിദ്യാർത്ഥിക്ക് എപ്രകാരമുള്ള പരിശീലനമാണ് സഭാനേതൃത്വം നല്കുന്നതെന്ന് ചിന്തിക്കണം.

മനുഷ്യൻ ദേവാലയങ്ങളോട് കൂടുതൽ അടുത്തുകൊണ്ട് ദൈവത്തിൽ നിന്ന് കൂടുതൽ അകലുകയാണ് എന്ന് പ്രശസ്ത നിരൂപകനായ കെ.പി. അപ്പന്റെ നിരീക്ഷണം ഇവിടെ ഏറ്റവും പ്രസക്തമാണ് *(മാതൃഭൂമി ആഴ്ചപതിപ്പിലെ ലേഖനം, 2007 ഫെബ്രുവരി 11).*

ദൈവത്തെക്കുറിച്ച് ഞായറാഴ്ചകൾതോറും പറയുകയും പ്രസംഗിക്കുകയും ചെയ്യുമ്പോഴും ദൈവം ഒരനുഭവമായി മാറുന്നില്ലെന്നതാണ്

യാഥാർത്ഥ്യം. ചടങ്ങുകളും അനുഷ്ഠാനങ്ങളും കമ്മറ്റികളും വേണ്ടുവോളമുണ്ട്. എന്നാൽ ദൈവികാനുഭവമില്ലാത്ത ഒരവസ്ഥ ബാക്കി നില്ക്കുന്നു. അച്ചന്മാരുടെ കുർബ്ബാന പ്രസംഗങ്ങൾ പള്ളി വഴക്കുകളുടെ വിഷം ചീറ്റലുകളായും പള്ളിസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പിരിവു തെണ്ടലുകളായും ചുരുങ്ങിപ്പോകുന്നു. ഇത്തരം കെട്ടുകാഴ്ചകൾക്ക് സാക്ഷ്യം വഹിക്കുന്നവരാകട്ടെ, തങ്ങളുടെ പാരമ്പര്യധനഗർവ്വുകളുടെ പൊങ്ങച്ചങ്ങൾ പങ്കിട്ട് നിർവ്വികാരതയോടെ മടങ്ങുന്നു.

ലോകത്തൊരു ക്രിസ്ത്യാനി മാത്രമേയുണ്ടായിരുന്നുള്ളു. അവനെ ആളുകൾ ഗോഗുൽത്തായിൽ കുരിശിൽ തറച്ചുകൊന്നുവെന്ന് മഹാനായ കാല്പനിക കവി ജിബ്രാൻ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളെ അന്വർത്ഥമാക്കുന്ന വിധത്തിലാണ് നമ്മുടെ സഭകൾ പ്രവർത്തിച്ചു വരുന്നത്.

## സഭാത്തർക്കവും കോടതി വിധികളും

സഭാകേസ്സുകളിൽ ഏതെങ്കിലും വിഭാഗത്തിന് അനുകൂലമായി കോടതികൾ വിധിപുറപ്പെടുവിക്കുമ്പോഴും ശാശ്വതമായ സമാധാനം സുവിശേഷാധിഷ്ഠിതമായ അനുരഞ്ജനത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂവെന്ന് ന്യായാധിപന്മാർ ചൂണ്ടിക്കാട്ടിയിട്ടുള്ളത് ചിന്തനീയമാണ്.

കോടതി വിധിത്തീർപ്പുൾക്കൊണ്ട് പരിഹരിക്കാവുന്നതല്ല, ആത്മനിഷ്ഠമാനമുള്ള പല സാമൂഹിക പ്രശ്നങ്ങളുമെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. ഉദാഹരണത്തിന് അയോധ്യയിലെ ക്ഷേത്രനിർമ്മാണ പ്രശ്നമെടുക്കുക. ഒരു രാജ്യത്തെത്തന്നെ മതപരമായി വിഭജിക്കാൻ കെല്പുള്ള ഒരു സാമൂഹിക പ്രശ്നമായാണ് അത് ഉയർന്നുവന്നത്. അവിടെ മസ്ജിദ് പൊളിച്ച് ക്ഷേത്രം പണിയണോ വേണ്ടയോ എന്നുള്ളത് ഒരു കോടതിവിധിയിലൂടെ നടപ്പാക്കാവുന്നതല്ല.

എങ്കിൽ ഇത്തരം പൊതുപ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമുണ്ടാകുമെന്ന ചോദ്യം ന്യായമാണ്. ഇരു വിഭാഗങ്ങളിലെയും മതപണ്ഡിതന്മാരും മദ്ധ്യസ്ഥപ്രതിനിധികളും ഒന്നുചേർന്നുകൊണ്ട് എടുക്കുന്ന അനുരഞ്ജന മാർഗ്ഗത്തിനു മാത്രമേ കഴിയൂ.

ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് ക്രൈസ്തവികമായ ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും സഹോദരസ്നേഹത്തിന്റെയും പേരിൽ ഇരു സഭാനേതൃത്വവും ഒരു മേശയ്ക്കു ചുറ്റുമിരുന്ന് സഭയുടെ ശാശ്വത സമാധാനത്തിന് എന്താണ് വഴിയെന്ന് ചിന്തിക്കുകയാണ് വേണ്ടത്.

ഇരുസഭകളും ഒരു ആത്മീയ നേതൃത്വത്തിനു കീഴിൽ ഒന്നിച്ചു പോകാൻ കഴിയുന്ന സാഹചര്യമുണ്ടായാൽ കേരള ക്രൈസ്തവ പാരമ്പര്യത്തിന് അതൊരു മുതൽക്കൂട്ടാവുമെന്നതിൽ തർക്കമില്ല. വർത്തമാനകാല സാമൂഹിക സാഹചര്യങ്ങളിൽ ഇത്തരമൊരു ആത്മീയ ഐക്യത്തിന് ഏറെ പ്രസക്തിയുണ്ട്. ഇരു സഭകളും ഒന്നിച്ചു നിന്നാൽ കേരളത്തിലെ ഏറ്റവും ശക്തമായ ഒരു സാമൂഹ്യശക്തിയായി മാറാൻ കഴിയും. പോയ നാളുകളിലെ തെറ്റുകളും കുറവുകളും മറന്നും പൊറുത്തും മലങ്കര നസ്രാണി സമൂഹം ഒരു കുടക്കീഴിൽ ഒന്നിക്കുകയാണ് വേണ്ടത്. ഏതാനും ചിലരുടെ ദുർവ്വാശികളും താൻപോരിമകളും നീക്കിവെച്ചാൽ അസാധ്യമായൊരു കാര്യമല്ലത്.

അതുപക്ഷേ ഏകപക്ഷീയമായ അടിച്ചേല്പിക്കലുകളും ഒത്തുതീർപ്പുകളുമാകരുത്. പരസ്പരം ഉൾകൊണ്ടും അംഗീകരിച്ചും ആദരിച്ചുകൊണ്ടുമുള്ള ആത്മീയ ഏകീകരണമാണുണ്ടാകേണ്ടത്. ഒരേ വിശ്വാസവും ആരാധനാ പാരമ്പര്യങ്ങളും പിന്തുടരുന്നവർക്ക് അതിന് സാധിക്കേണ്ടതാണ്. വിശാലഹൃദയരായ ക്രൈസ്തവ പണ്ഡിതന്മാരുടെ മദ്ധ്യസ്ഥതയിൽ ഇരുസഭാ മേലദ്ധ്യക്ഷന്മാരും പ്രതിനിധികളും ഒരു മേശയ്ക്കു ചുറ്റുമിരുന്ന് സംസാരിച്ചാൽ തീർക്കാവുന്ന പ്രശ്നങ്ങളേയുള്ളു.

എന്നിട്ടും ഇത്തരമൊരു സമവായനീക്കങ്ങൾക്ക് വഴങ്ങാത്ത പിടിവാശികളാണ് ജയിക്കുന്നതെങ്കിൽ പിന്നീടുള്ള ഏകസാധ്യത ഇരുസഭകളും പരസ്പരബഹുമാനത്തോടും സമാധാനത്തോടും പിരിഞ്ഞ് സ്വതന്ത്രസഹോദരസഭകളായി തുടരുകയാണ്.

കേരളക്രൈസ്തവസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ അത്തരം എത്രയോ പിളർപ്പുകളുടെയും സമാധാനപൂർണ്ണമായ സഹവർത്തിത്വങ്ങളുടെയും ചരിത്രമുണ്ട്. ഇത്തരത്തിൽ രൂപപ്പെട്ട എക്യുമെനിക്കൽ സ്വഭാവമുള്ള ഒരു മഹാസ്ഥാപനത്തിൽ (യൂണിയൻ ക്രിസ്ത്യൻ കോളജ്, ആലുവ) ജോലി ചെയ്യുന്നുവെന്നതിന്റെ പിൻബലത്തിൽ മാത്രമാണ് ഇത്തരമൊരു ചിന്തയും കാഴ്ചപ്പാടും അവതരിപ്പിക്കുന്നതിന് ഞാൻ ധൈര്യപ്പെടുന്നത്. ക്രിസ്തുവിന്റെ സ്നേഹാദർശങ്ങളെയും ക്ഷമയേയും കുറിച്ച് പ്രസംഗിക്കുകയും തൊട്ടടുത്ത നിമിഷം മറുവിഭാഗത്തിനെതിരായി നടത്തേണ്ട മാർച്ചിന്റെയും കോടതി വിധി വിശദീകരണ യോഗങ്ങളുടെയും കല്പനകൾക്ക് നിന്നു കൊടുക്കുകയും ചെയ്യേണ്ടി വരുന്നത്, ശരിയായ ക്രൈസ്തവാനുഭവമല്ല നല്കുന്നത്. പള്ളിക്കാര്യസ്ഥന്മാരായ ചില പ്രമാണിശിങ്കങ്ങളെയും വാല്യക്കാരെയും ഒഴിച്ചു നിർത്തിയാൽ ഇരു സഭകളിലെയും ബഹുഭൂരിപക്ഷം വിശ്വാസികളും കോടതി വ്യവഹാരങ്ങൾക്കും തെരുവു യുദ്ധങ്ങൾക്കുമെതിരാണ്.

സമവായത്തിന്റെയും സമന്വയത്തിന്റെയും നിരവധി അനുരഞ്ജന സാധ്യതകളാണുള്ളത്. പ്രാർത്ഥനാപൂർണ്ണമായി ഈ പ്രശ്നങ്ങളെ സമീപിച്ച് അവയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. ഇതല്ലാതെ കോടതികളിൽ കോടികൾ ചെലവിട്ട് നിയമയുദ്ധം ചെയ്യാനും ചാനൽ ചർച്ചകളിൽ പരസ്പരം തെറിയഭിഷേകം നടത്താനും തെരുവിൽ പൊറാട്ടുയുദ്ധങ്ങൾ തുടരാനുമാണ് ഭാവമെങ്കിൽ, ആയിക്കൊള്ളുക. പക്ഷേ, ഞങ്ങളുടെ ക്രിസ്തുവിനെ ഞങ്ങൾക്കുവിട്ടുതരിക എന്നു മാത്രമേ പറയാനുള്ളു. ഇത് സഭാചരിത്രവിശാരദനായ ഒരു തത്വജ്ഞാനിയുടെ നിർദ്ദേശമായെടുക്കേണ്ടതില്ല. രാജാവിന് ഉടുതുണിയില്ലെന്ന് വിളിച്ചു പറയുന്ന ബാലന്റെ അവിവേകമായി കണ്ടാൽമതി.

മലങ്കര സഭയിൽ ഇനി ഒരു യോജിപ്പ് ആവശ്യമില്ലായെന്നും രണ്ടു സഭകളായി പിരിയുകയാണ് അഭികാമ്യം എന്നുമുള്ള വാദം ഇന്നു സാധാരണ ജനങ്ങൾക്കിടയിൽ ശക്തമാണ്. പള്ളികളിലെ തർക്കങ്ങളും കോടതിയിലെ വ്യവഹാരങ്ങളും ഇനി വേണ്ടായെന്ന കാര്യത്തിൽ ബഹുഭൂരിപക്ഷം ജനങ്ങൾക്കും തർക്കമില്ല. എന്നാൽ സഭ യോജിക്കുക ഇന്നത്തെ സാഹചര്യത്തിൽ ഗുണകരമാവില്ല എന്നു പലരും കരുതുന്നു. അവരുടെ വാദമുഖങ്ങൾ ഇവയാണ്.

1. യോജിപ്പ് നീണ്ടുനിൽക്കുകയില്ല. വീണ്ടും വാദപ്രതിവാദങ്ങളും തർക്കങ്ങളും വ്യവഹാരങ്ങളും



# യോജിക്കേണ്ടും സമയമിത്....

ടി. പി. ജോർജുകുട്ടി

മുടക്കും ഒടക്കും എല്ലാമുണ്ടാവും.

2. ഇരു സഭകളിലുമായി ധാരാളം സ്ഥാനികൾ ഉണ്ടായിരിക്കുന്നു. മെത്രാന്മാരും നേതാക്കന്മാരും ഇത്രയധികം ആവശ്യമില്ല. ഒരു സഭയ്ക്കായി ഇവരെ ഉൾക്കൊള്ളുവാൻ ആവുകയില്ല.

3. അയോഗ്യമായ പ്രവർത്തനങ്ങളും പ്രസംഗങ്ങളും മൂലം ജനങ്ങൾ അകന്നുമാറി. വൈകാരികമായി ഐക്യം അസാധ്യമാണ്.

4. മാർത്തോമ്മാ സിംഹാസനം, പാത്രിയർക്കീസിന്റെ പരമാധികാരം, പുതിയ വിശുദ്ധന്മാരുടെ പ്രഖ്യാപനം തുടങ്ങിയ വേദശാസ്ത്രപരവും അല്ലാതെയുമുള്ള വിശ്വാസപരമായ അകൽച്ചയ്ക്കും വീക്ഷണ വ്യതിയാനങ്ങൾക്കും ഇനി എളുപ്പത്തിൽ പരിഹാരം ഉണ്ടാവുകയില്ല.

അതുകൊണ്ട് സഭയുടെ യോജിപ്പിനുവേണ്ടി ശ്രമിക്കുന്നതിനേക്കാൾ നന്ന് രണ്ടുസഭകളായി വേർതിരിഞ്ഞു പോവുന്നതാണ് എന്ന് അവർ വാദിക്കുന്നു. പാത്രിയർക്കീസ് വിഭാഗത്തിന്റെ ഔദ്യോഗിക നിലപാട് ഇതിനെ അനുകൂലിക്കുന്നു. ഓർത്തഡോക്സ് സഭയുടെ നേതാക്കന്മാർ ഒരു സഭ - ഒരു ഭരണഘടന - ഒരു പാത്രിയർക്കീസ് - ഒരു കാതോലിക്കാ എന്ന നിലപാടിൽ ഉറച്ചു നിൽക്കുന്നു. പാത്രിയർക്കീസിനു ഭരണഘടനാപരമായി നൽകിയിരിക്കുന്ന സ്ഥാനം നൽകാമെന്ന് അവർ പറയുന്നുണ്ട്. എന്നാൽ ഈ ഭരണഘടനയ്ക്ക് സുപ്രീംകോടതിയുടെ അംഗീകാരം ഉണ്ടെങ്കിലും തങ്ങളെ അതു ബാധിക്കുന്നില്ല എന്നും തങ്ങൾക്ക് പുതിയ ഭരണഘടന ഉണ്ടെന്നും പാത്രിയർക്കീസ് ഭാഗം പറയുന്നു. സ്വന്തം ഭരണഘടനയെ ഉപേക്ഷിച്ച് ഓർത്തഡോക്സ് വിഭാഗത്തിന്റെ നിലപാടുകളിലേക്ക് ഇന്നടുത്തുവരാൻ ഇനി സാധാരണഗതിയിൽ പാത്രിയർക്കീസ് വിഭാഗം അത്രയെളുപ്പത്തിൽ തയ്യാറാവുകയില്ല. എന്നാൽ ഇഷ്ടമുള്ളവർ ഇഷ്ടമുള്ള ഭരണഘടന സ്വീകരിച്ച് യഥേഷ്ടം നടന്നുകൊള്ളട്ടെ എന്ന് ഖണ്ഡിതമായി പറയുവാൻ അവർക്കും സാധിക്കുകയില്ല.

ഓർത്തഡോക്സ് ദേവാലയങ്ങളിൽ ഇന്നും അന്ത്യോഖ്യൻപാത്രിയർക്കീസിനുവേണ്ടി പ്രാർത്ഥനകൾ അർപ്പിക്കുന്നുണ്ട്. സഭ യോജിക്കേണ്ടതില്ല എന്നു വാദിക്കുന്നവർ അന്ത്യോഖ്യൻ പാത്രിയർക്കീസിനെ ആദരിക്കുകയും അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഈ വലിയ ജനവിഭാഗത്തെ പാത്രിയർക്കീസിൽ നിന്നും അകറ്റുകയാണ് എന്ന വസ്തുത മനസ്സിലാക്കണം.

അന്ത്യോഖ്യൻ പാത്രിയർക്കീസിനെ അംഗീകരിക്കില്ല എന്നോ, പ്രാർത്ഥിക്കുകയില്ല എന്നോ ഇതുവരെ ഓർത്തഡോക്സ് സഭ പ്രഖ്യാപിക്കുകയോ പ്രവർത്തിക്കുയോ ചെയ്തതായും കാണുന്നില്ല. തങ്ങൾക്കുകൂടി സ്വീകാര്യനായ പാത്രിയർക്കീസ് എന്ന നിലപാട് പറയാറുണ്ടെങ്കിലും തുബ്ദേനിൽ ഓർക്കുന്നത് ഇപ്പോഴത്തെ പാത്രിയർക്കീസിനെ തന്നെയാണ്. അതായത് അന്ത്യോഖ്യയിലെ ഇപ്പോഴത്തെ പാത്രിയർക്കീസിനെയും തത്വത്തിൽ ഓർത്തഡോക്സ് വിഭാഗം അംഗീകരിക്കുന്നു എന്നു തന്നെയാണ്. എന്നാൽ പ്രവർത്തനങ്ങളോടു വിയോജിപ്പ് ഉള്ളതിനാൽ ആധികാരികമായ ബന്ധം നിലനിർത്തുന്നില്ല എന്നു മാത്രം.

ചുരുക്കത്തിൽ വൈകാരികമായ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും മലങ്കര സഭ ഇന്നും ഒരുമയുടെ ഒരു നൂൽബന്ധം നിലനിർത്തുന്നുണ്ടെന്നും അത് അന്ത്യോഖ്യൻ പാത്രിയർക്കീസുമായി ബന്ധപ്പെട്ടതാണെന്നും കാണാവുന്നതാണ്.

അതുകൊണ്ടുതന്നെ അന്ത്യോഖ്യൻ ബന്ധം ഭരണഘടനയിൽനിന്നും ആരാധനയിൽനിന്നും മാറ്റിയെടുക്കണം എന്ന ഓർത്തഡോക്സ് വിഭാഗത്തിലെ ചുരുക്കം ചില തീവ്രവാദികളുടെ ആഗ്രഹം നടപ്പിലാക്കുന്നതുവരെ ഇരു വിഭാഗങ്ങളുടെയും ഐക്യത്തിന് എല്ലാ സാദ്ധ്യതകളും നിലനിൽക്കുന്നുണ്ട്.

കേരളത്തിന്റെ സാമൂഹികചരിത്രം എഴുതിയിട്ടുള്ള (നായർ മേധാവിത്വത്തിന്റെ പതനം) റോബിൻ ജെഫ്രി നൽകുന്ന സ്ഥിതിവിവരക്കണക്കുകൾ മനസ്സിലാക്കിയാൽ നമ്മുടെ സഭ പരസ്പരമുള്ള പോരുകൊണ്ട് നഷ്ടപ്പെടുത്തിയത് എത്രയോ വലിയ സാദ്ധ്യതകളാണ് എന്നു മനസ്സിലാക്കാം. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാദ്ധത്തിൽ കേരളത്തിൽ ഉണ്ടായിരുന്ന സ്വകാര്യ വിദ്യാലയങ്ങൾ എല്ലാംതന്നെ പുത്തൻകൂറ്റു വിഭാഗത്തിന്റേതായിരുന്നു. അതായത് ഇന്നത്തെ ഓർത്തഡോക്സ് - യാക്കോബായ - മാർത്തോമ്മാ സഭക്കാരുടേത്. നൂറിലധികം സ്ഥാപനങ്ങൾ അന്ന് നമുക്കുണ്ടായിരുന്നപ്പോൾ കത്തോലിക്കരുടെ നില തീരെ ശോചനീയമായിരുന്നു. വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾ പോലും അന്ന് അവർക്ക് ഉണ്ടായിരുന്നില്ല.

മാർത്തോമ്മായുടെ പൈതൃകത്തെ ഇന്നു തങ്ങളുടെമാത്രം പൈതൃകമാക്കുവാനുള്ള കത്തോലിക്കാസഭയുടെ ശ്രമങ്ങൾ വിജയിച്ചുവരുന്നു. കുന്നംകുളത്ത് മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച സെന്റ് മേരീസ് പള്ളിയെ തമസ്കരിച്ച് പാലയൂരിൽ, 3-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധന്റെ പേരിലുള്ള പള്ളിയെ മാർത്തോമ്മായുടെ പള്ളിയാക്കിമാറ്റുവാൻ അവർക്കു കഴിഞ്ഞു. ഇന്നു നിരണത്തും അത് ആവർത്തിക്കുവാൻ പോകുന്നു.

ഇത് അധിനിവേശ പ്രസ്ഥാനങ്ങളുടെയെല്ലാം ചരിത്രമാണ്. മലങ്കര അന്ത്യോഖ്യൻ ബന്ധത്തിൽ പക്ഷേ ഈ അധിനിവേശം ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത. കത്തോലിക്കരുമായും പ്രോട്ടസ്റ്റന്റുകാരുമായും ചെറുത്തുനിൽക്കുവാൻ അന്ത്യോഖ്യൻ സഭ മലങ്കര സഭയ്ക്ക് എല്ലാവിധത്തിലുമുള്ള സഹായവും നൽകി. അതിന്റെ ഉദ്ദേശ്യം പിടിച്ചെടുക്കലോ കടന്നുകയറ്റമോ ആയിരുന്നില്ല. മലങ്കരയിലെ സഹോദരസഭയ്ക്കുള്ള കൈത്താങ്ങലും അപ്പോസ്തോലിക സഹകരണവും മാത്രമായിരുന്നു.

എന്നാൽ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസിയോസിന്റെ കാലംമുതൽതന്നെ മലങ്കരയിലെ സമർത്ഥരായ ചില വ്യക്തികൾ അന്ത്യോഖ്യൻ ബന്ധത്തെ വ്യക്തിതാൽപര്യങ്ങൾക്ക് ഉപയോഗിച്ചുതുടങ്ങി. വ്യക്തി താൽപര്യം എന്നു പറയുമ്പോൾ പൂർണ്ണമായും അതിനെ നിഷേധാത്മകമായി കാണേണ്ടതില്ല. സഭയെ സംബന്ധിച്ച തങ്ങളുടെ ദർശനം നടപ്പിലാക്കുന്നതിനായി അന്ത്യോഖ്യൻ സഭയിൽ നിന്നുള്ള പൗരോഹിത്യ നൽവരങ്ങൾ നല്കുന്ന അംഗീകാരവും വിശ്വാസവും ഉപയോഗിക്കാൻ അവർ തുനിഞ്ഞു എന്നു കരുതിയാൽ മതി. പാലക്കുന്നത്തു മൽപാന്റെ നവീകരണ കാഴ്ചപ്പാടുകൾക്ക് പ്രായോഗികമായ സാധുത്വവും വികാസവും അംഗീകാരവും ലഭിക്കുന്നത് മാർ അത്താനാസിയോസിന്റെ മെത്രാൻസ്ഥാന സ്വീകരണത്തിലൂടെയും മലങ്കരമെത്രാപ്പോലീത്താ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനത്തിലൂടെയുമാണ് എന്ന് കാണാവുന്നതാണ്.

വട്ടിപ്പണക്കേസിന്റെ തുടക്കവും ഒടുക്കവുമെല്ലാം വ്യക്തിതാൽപര്യങ്ങളോടു ബന്ധപ്പെടുത്തി നമുക്ക് എളുപ്പം വായിച്ചെടുക്കാനാവുമെങ്കിലും അതിലും ബന്ധപ്പെട്ട വ്യക്തികൾ ആശയപരമായ ഒരു തലം ഉയർത്തിക്കാട്ടി അന്ത്യോഖ്യ ബന്ധത്തെ ഉപയോഗിക്കുകയാണു ചെയ്തതെന്നു കാണാൻ കഴിയും.

ഏറ്റവും ഒടുവിലത്തെ സഭാക്കേസുകളുടെയും തർക്കങ്ങളുടെയും നിലയും മറ്റൊന്നല്ല. ആരോഗ്യകരമായ ഒരു ബന്ധം 1964-ൽ ഇരു സഭകളും തമ്മിൽ സ്ഥാപിതമായെങ്കിലും വിവേകക്കുറവും വിചാരശൂന്യതയും വഴി എല്ലാം തകിടം മറിഞ്ഞു. മലങ്കരയിലെ നേതൃത്വവും ജനങ്ങളും ഐക്യത്തോടെ നിലനിന്നിരുന്നുവെങ്കിൽ വിവാദപരമായ അന്ത്യോഖ്യൻ നിലപാടുകൾ ഉണ്ടാവുകയില്ലായിരുന്നു. പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ അതിരുകടന്ന പ്രസ്താവനകളും പ്രഖ്യാപനങ്ങളും ഈ മത്സരത്തിന്റെ സ്വാഭാവിക പ്രതികരണങ്ങളായിരുന്നു എന്നു നമുക്കറിയാം. അതിലേക്കുനയിച്ച സംഭവ വികാസങ്ങൾക്ക് പരസ്പരം പഴി പറഞ്ഞിട്ട് ഒരു കാര്യവും ഇനിയില്ല.

എന്നാൽ ഇന്നു സ്ഥിതിഗതികൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. ഒന്നായി നിന്നുകൊണ്ടു കാര്യമില്ല, രണ്ടായി തന്നെ പോകാം എന്ന ചിന്ത ശക്തിപ്പെട്ടിരിക്കുകയാണ്.

ചുരുക്കത്തിൽ ഇരുസഭകളായുള്ള വളർച്ചയ്ക്ക് പരിമിതി കളേയുള്ളു. സഭ ഒന്നായി രിക്കുകയും കൂടുതൽ ഭദ്രാസനങ്ങളും കൂടുതൽ പ്രവർത്തനമേഖലകളും ഉണ്ടാവുകയും ചെയ്യുമ്പോൾ എത്രയോ അധികം സ്ഥാനികളെ - പുരോഹിതന്മാരെയും അൽമായക്കാരെയും ആവശ്യമായി വരികയും ചെയ്യും. വ്യക്തമായി നിർവചിച്ച അന്ത്യോഖ്യൻ ബന്ധത്തിലൂടെയും അത് ഭരണഘടനാപരമായി നിർവഹിക്കപ്പെടുകയും ചെയ്യുമ്പോൾ ഇനി ഒരു ഭിന്നത അസാദ്ധ്യം തന്നെയാണ്. കാരണം അന്ത്യോഖ്യൻ സഭയുടെ സ്ഥിതിയും ഇന്നു വ്യത്യസ്തമാണ്. യൂറോപ്യൻ രാജ്യങ്ങളിലേക്ക് കുടിയേറിയ സഭാജനങ്ങളുടെ പിന്തുണ ഇന്ന് ശക്തമായി അവർക്കു ലഭിക്കുന്നുണ്ട്. മലങ്കരയിൽ ഏറെക്കാലം താമസിക്കുകയും മലയാളം എല്ലാ രീതിയിലും മനസ്സിലാക്കുകയും മലങ്കരക്കാരെ എങ്ങനെ ഉപയോഗിക്കാം എന്നു മുൻകൂട്ടി തീരുമാനിക്കുകയും ചെയ്ത യാക്കോബ് തൃതീയൻ പാത്രിയർക്കീസിൽ നിന്നും വ്യത്യസ്തരാണ് ഇപ്പോഴത്തെ പ.

സഖാ പ്രഥമൻ പാത്രിയർക്കീസ്. ഇനിയുള്ളവരും അങ്ങനെയേ വരൂ. അത് കാലഘട്ടത്തിന്റെ സൃഷ്ടിപരമായ പ്രക്രിയകളുടെ സൂചനയാണ്.

ചുരുക്കത്തിൽ സഭയിലെ ചർച്ചകൾ രണ്ടുവഴിക്കുമാത്രം നടന്നാൽ മതിയാവും. ആദ്യത്തേത് ഇവിടെയുള്ള സ്ഥാനികളെ എവിടെയെല്ലാം എങ്ങനെയെല്ലാം വിന്യസിക്കാം എന്നത്. രണ്ടു കൂട്ടത്തിലും മുപ്പത്തഞ്ചുവീതം മെത്രാന്മാർ ഉണ്ടാവും എന്ന കരുതലിൽ അത് പരിഗണിക്കണം. രണ്ടാമത് അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധം വ്യക്തമായി നിർവചിക്കണം. മുൻപു പറഞ്ഞ വിന്യാസത്തിനുശേഷം അത് പ്രശ്നമേ ആവുകയില്ല.

സഭ ഒന്നാവാനും നന്നാവാനും പിന്നെ ഏറെയൊന്നും വൈകില്ല. ഇത്തരം ഭ്രാന്തൻ ചിന്തകൾക്ക് പ്രസക്തിയില്ല എന്നു കരുതേണ്ട. ഏറിയാൽ മൂന്നു വർഷത്തിനകം ഈ വഴിക്കുള്ള ചിന്തകൾ പ്രായോഗികമായി ആരംഭിക്കും. അധികം താമസിയാതെ ഫലം കാണുകയും ചെയ്യും. അതിനു വഴിമരുന്നിടുവാൻ ഇവിടെ തുനിയുന്നുവെന്നു മാത്രം. ആദ്യം ഉന്നയിക്കപ്പെട്ട അടിസ്ഥാനപരമായ നാല് ചോദ്യങ്ങൾക്കുള്ള സംക്ഷിപ്തമായ ഉത്തരം കൂടി ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ട്.

1. ഇനി ഒരു യോജിപ്പ് ഉണ്ടായാൽ അത് വീണ്ടും ഇല്ലാതാവുകയില്ല. അതിനുള്ള സാഹചര്യങ്ങൾ ഈ കാലഘട്ടത്തിൽ ഉരുത്തിരിയുകയോ വളരുകയോ ചെയ്യാൻ എളുപ്പമല്ല.

2. സഭയുടെ പ്രവർത്തനം വേണ്ടവിധത്തിലാവുമ്പോൾ മേൽ നോട്ടക്കാരുടെ എണ്ണം തികയാതെ വരുകയേയുള്ളൂ. ഒരു നൂറു മെത്രാന്മാർക്ക് ചെയ്യാനുള്ള കാര്യം നമ്മുടെ രാജ്യത്തുണ്ട്.

3. വൈകാരികമായ യോജിപ്പ് ക്രമേണയെങ്കിലും ശക്തിപ്പെടുന്നതോടുകൂടി ഇന്നലത്തെ വിടുവായത്തരങ്ങളൊക്കെ തമാശയായി മാത്രമേ അനുഭവപ്പെടുകയുള്ളൂ.

4. മാർത്തോമ്മാ സിംഹാസനവും പാത്രിയർക്കീസിന്റെ പരമാധികാരവും പുതിയ വിശുദ്ധന്മാരുടെ പ്രഖ്യാപനവുമൊന്നും അടിസ്ഥാനപരമായ പ്രശ്നങ്ങളല്ല. അതിനുള്ള ഫോർമുലകൾ കണ്ടെത്താനും നടപ്പിലാക്കാനുമുള്ള ശേഷി ഇരു വിഭാഗത്തിന്റെയും നേതൃത്വത്തിനുണ്ട്.

ചുരുക്കത്തിൽ യോജിപ്പിനുള്ള ചിന്ത അടിത്തട്ടിൽ നിന്നുണ്ടായിക്കഴിഞ്ഞാൽ അതിനെ തടയുവാൻ ആർക്കും സാധിക്കില്ല. ഏതാനും വർഷങ്ങൾക്കൂടി ചിലപ്പോൾ ഒന്നും സംഭവിക്കാതെ കടന്നുപോവും. എങ്കിലും രണ്ടായിരം വർഷങ്ങളായി ഈ മണ്ണിൽ നിലനിൽക്കുന്ന പൗരസ്ത്യ ആദ്ധ്യാത്മികതയുടെ തളിരുകൾ പുഷ്ടിപ്രാപിക്കുകതന്നെ ചെയ്യും. ലോകത്തുതന്നെ ന്യൂനപക്ഷമായിക്കൊണ്ടിരിക്കുന്ന ഓറിയന്റൽ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പുതുശക്തിക്ക് കരുത്ത് പകരുക മലങ്കരയിലെ മണ്ണായിരിക്കും എന്നതിൽ സംശയം വേണ്ട. കാരണം ഭാരതീയ സംസ്കാരം ഉൾക്കൊണ്ടിട്ടുള്ള ഇവിടുത്തെ ക്രൈസ്തവ ആദ്ധ്യാത്മികതയ്ക്കു മാത്രമേ ആഗോള ക്രൈസ്തവ ലോകം ഇനി നേരിടാൻ പോവുന്ന പ്രശ്നങ്ങൾക്കു മറുപടി നൽകുവാൻ സാധിക്കൂ. ഇന്ന് നമ്മുടെ ഇടയിൽ രൂപം കൊണ്ടിരിക്കുന്ന നവ ആത്മീയ പ്രസ്ഥാനങ്ങൾ ഒരു രോഗമല്ല, രോഗലക്ഷണമാണ്. അതേ സമയം സമൂഹം നേരിടുന്ന ചില ഭൗതിക പ്രശ്നങ്ങൾക്ക് ഇത്തരം കൂട്ടയോട്ടമാനിയ നൽകുന്ന താൽക്കാലികശമനം വ്യക്തമായ ചില സൂചനകളും നൽകുന്നുണ്ട്. അത് ഇതാണ്.

1.ആദ്ധ്യാത്മികമായ അടിത്തറയിൽ നിന്നുകൊണ്ടുമാത്രമേ ആധുനിക ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവൂ.

2. പരമ്പരാഗതമായ ശൈലിയുടെ പോരായ്മകളും ആവർത്തന വിരസതകളും പരിഹരിച്ചുകൊണ്ടുള്ള ആരാധനയിലൂടെ സഭ ജനങ്ങളെ എല്ലാ തരത്തിലും സ്വാധീനിക്കണം.

3. പുതുക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്ന നമ്മുടെ വിശ്വാസവും പാരമ്പര്യവും പുതിയ ലോകത്തിനു പുതിയ തുരുത്തിയിലൂടെ പകരേണ്ടത് നമ്മുടെ ദൗത്യമാണ്. അതിനാണ് നമ്മെ ഇവിടെ നിലനിർത്തിയിരിക്കുന്നത്.

പ്രിയ പത്രാധിപർ

യോജിക്കേണ്ടും സമയമിത് എന്ന പേരിൽ നിങ്ങൾ പ്രസിദ്ധീകരിച്ച ലേഖനം എല്ലാ തരത്തിലും ഉചിതമായിട്ടുണ്ട്. കഴിഞ്ഞ മുപ്പതു വർഷങ്ങളായി സമാധാന കാംക്ഷികളായ പല വൈദികരും അത്മായരും ചിന്തിച്ചിരുന്ന ആശയങ്ങൾ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്.

ലോകത്തിന്റെ യുക്തിക്ക് അനുസരിച്ച് സമാധാനം ഐക്യം, എന്നിവ അസാധ്യാമണെങ്കിലും കർത്താവിന്റെ സുവിശേഷമനുസരിച്ച് നാം മടുത്തു പോകാതെ ഐക്യത്തിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്.

പാത്രിയർക്കീസ് ഭാഗത്ത് ഈ താത്പര്യമുള്ള ആരെങ്കിലുമുണ്ടോ എന്ന് അന്വേഷിക്കേണ്ടതാണ്. ഉണ്ടെങ്കിൽ അവരുമായി ചേർന്ന് യോജിപ്പ് ശ്രമങ്ങൾ നടത്തണം. സഭ രണ്ടായി പിളർന്നുകഴിഞ്ഞു. ഐക്യം (മിക്കവാറും) അസാധ്യമാണ് എന്ന് ബുദ്ധികൊണ്ട് മനസ്സിലാക്കുന്നുണ്ടെങ്കിലും, മനസുകൊണ്ടും ആത്മാവുകൊണ്ടും മലങ്കര സഭയെ ഇപ്പോഴും ഒന്നായി കാണുന്ന ഒരു വ്യക്തിയാണ് ഞാൻ. ഒരുസമയത്ത്, എനിക്ക് ലഭിച്ച എളിയ സാഹചര്യങ്ങളൊക്കെ ഏക സഭ എന്ന ലക്ഷ്യത്തിനുവേണ്ടി ഞാൻ സർവ്വ പ്രകാരേണയും ഉപയോഗിച്ചിട്ടുണ്ട്. ആത്മീയാദർശങ്ങളൊക്കെ മാറ്റി വച്ചാലും സഭ ഒന്നാകുന്നത് ഇരു കൂട്ടരുടെയും ഭാവിക്ക് വളരെ നല്ലതാണ് എന്ന പ്രായോഗിക ലോകബുദ്ധിയെങ്കിലും ഇരുകൂട്ടരും പ്രദർശിപ്പിച്ചാൽ നന്നായിരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ.ഡോ. കെ.എം.ജോർജ്ജ്** (പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

**(*മനനം* എന്ന മാസികയിൽ പ്രസിദ്ധീകരിച്ച ഈ ലേഖനത്തോട് പ്രതികരിച്ചുകൊണ്ട് ഫാ. ഡോ. കെ. എം. ജോർജ്ജ് 2007 മാർച്ച് ലക്കം *മനന*ത്തിൽ എഴുതിയ പ്രതികരണം)**

സാർവ്വദേശീയം

അലക്സാർ വി. മാത്യു

# ഓർത്തഡോക്സ് സഭകൾ അനുരഞ്ജനത്തിന്റെ പാതയിൽ

### റഷ്യൻ സഭകളുടെ പുനരൈക്യം

റഷ്യയിലെ ഓർത്തഡോക്സ് സഭയും, മാതൃസഭയുടെ നേതൃത്വം അംഗീകരിക്കാതിരുന്ന ബാഹ്യ റഷ്യൻ സഭയും ഇക്കഴിഞ്ഞ മെയ് മാസത്തിൽ ഐക്യത്തിന്റെ പാതയിലെത്തി എന്നുള്ളത് ലോകമെങ്ങുമുള്ള ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് ആവേശവും പ്രത്യാശയും പകർന്നു നൽകുന്ന ഒരു ചരിത്രസംഭവമാണ്. 2007 മെയ് 17നാണ്, സോവിയറ്റ് യൂണിയന്റെ പതനത്തിനുശേഷം പുതുക്കി പണിത, മോസ്കോയിലെ രക്ഷകനായ ക്രിസ്തുവിന്റെ കത്തീഡ്രലിൽ പ്രസിഡന്റ് വ്ളാഡിമർ പുടിന്റെ സാന്നിദ്ധ്യത്തിൽ സഭാ മേലദ്ധ്യക്ഷന്മാർ കാനോനിക സംസർഗ്ഗ ഉടമ്പടിയിൽ ഒപ്പുവച്ചത്. റഷ്യൻ പാത്രിയർക്കീസ് പരിശുദ്ധ അലക്സി രണ്ടാമനും, ബാഹ്യ റഷ്യൻ സഭയ്ക്കുവേണ്ടി ലോറസ് മെത്രാപ്പോലീത്തയുമാണ് ഉടമ്പടിയിൽ ഒപ്പുവച്ചത്.

1917ലെ വിപ്ലവാനന്തരം റഷ്യൻ സഭയുടെ സ്വത്തുക്കൾ സർക്കാർ ഏറ്റെടുക്കുകയും ഒട്ടേറെ പീഡനങ്ങൾക്ക് സഭ ഇരയാവുകയും ചെയ്തു. പീഡയിൽനിന്ന് രക്ഷപെടുന്നതിനായി ചില സഭാപിതാക്കന്മാർ റഷ്യയ്ക്കു പുറത്ത് അഭയം തേടി. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തോടുകൂടി സഭയ്ക്ക് ചില ഇളവുകൾ ചെയ്തുകൊടുക്കാൻ ഭരണാധികാരിയായിരുന്ന ജോസഫ് സ്റ്റാലിൻ തീരുമാനിച്ചതോടുകൂടി കുറേ പള്ളികളും ആശ്രമങ്ങളും തുറന്നു പ്രവർത്തിക്കാൻ തുടങ്ങി. മോസ്കോയിലെ പാത്രിയർക്കീസ് ഭരണകൂടവുമായി ധാരണയിലെത്തിച്ചേർന്നതായി ബാഹ്യറഷ്യയിൽ അഭയം തേടിയിരുന്ന പിതാക്കന്മാർ സംശയിക്കുന്നതിന് ഇതിടയാക്കി. അതുകൊണ്ടു തന്നെ പാത്രിയർക്കീസിന്റെ നേതൃത്വത്തെ ഇതുവരെ ബാഹ്യ റഷ്യൻ സഭകൾ അംഗീകരിച്ചിരുന്നില്ല.



എന്നാൽ സോവിയറ്റു പതനത്തിനു ശേഷം റഷ്യൻ സഭ അതിവേഗം ശക്തി തിരിച്ചെടുക്കുകയും റഷ്യൻ പാത്രിയർക്കീസിനോടുള്ള എതിർപ്പ് കാലത്തിനനുരൂപമല്ലാത്ത ഒന്നായിത്തീരുകയും ചെയ്തു.

ബാഹ്യറഷ്യൻ സഭയുടെ മേലധ്യക്ഷനായി ലോറസ് മെത്രാപ്പോലീത്താ സ്ഥാനമേറ്റപ്പോൾ മുതലാണ് മോസ്കോയിലെ പാത്രിയർക്കിസുമായുള്ള ചർച്ചകൾക്കു ജീവൻ വച്ചത്. 2000-ൽ പ്രസിഡന്റായതുമുതൽ സഭാശുശ്രൂഷകളിൽ പതിവായി പങ്കെടുക്കുന്ന മുൻ കെ. ജി. ബി. ഏജന്റ് കൂടിയായ പുടിൻ പുനരൈക്യ ശ്രമങ്ങൾക്കു പ്രോത്സാഹനം നൽകിവരികയായിരുന്നു.

റഷ്യൻ സഭയുടെ ചില ഉന്നത സ്ഥാനികൾ കത്തോലിക്കരുടെ ദാസ്യപ്പണി ചെയ്യുന്നു എന്ന ഗുരുതരമായ ആരോപണം ബാഹ്യ റഷ്യൻ സഭ ഉന്നയിച്ചിരുന്നു. റഷ്യൻ സഭയുടെ അഖില ലോക സഭാ കൗൺസിലിലെ പങ്കിനെപ്പറ്റിയും പ്രത്യേകിച്ച് ഓർത്തഡോക്സിതര സഭകളുമായുള്ള ബന്ധത്തെപ്പറ്റിയും അവർക്ക് ആശങ്കകളുണ്ടായിരുന്നു. അത്തരം പ്രശ്നങ്ങളൊക്കെ പരിഹരിച്ചതിനു ശേഷമാണ് ഇപ്പോൾ ഉടമ്പടിയിലെത്തിച്ചേർന്നിരിക്കുന്നത്.

അമേരിക്കൻ ഐക്യനാടുകൾ, ആസ്ട്രേലിയ, ഓസ്ട്രിയ, ജർമനി, തെക്കേ അമേരിക്ക തുടങ്ങി 40 രാജ്യങ്ങളിലായി നാനൂറോളം പള്ളികളും 20 ആശ്രമങ്ങളുമൊക്കെയുള്ള ബാഹ്യറഷ്യൻ സഭ ഓർത്തഡോക്സ് തനിമ നിലനിർത്തുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു. മോസ്കോ പാത്രിയർക്കീസിന്റേയും മാതൃസഭയുടേയും ആദ്ധ്യാത്മിക നേതൃത്വമാണ് അവർ അംഗീകരിച്ചിരിക്കുന്നത്.

## കോപ്റ്റിക് സഭയും എത്യോപ്യൻ സഭയും

കോപ്റ്റിക് ഓർത്തഡോക്സ് സഭയും എത്യോപ്യൻ സഭയും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ 2007 ജൂലൈ 13നു കയ്റോയിലെ കോപ്റ്റിക് കത്തീഡ്രലിൽവച്ച് സംയുക്ത പൊതു പ്രഖ്യാപനം നടത്തിയതോടെ അനുരഞ്ജനത്തിലെത്തി. കോപ്റ്റിക് സഭാ തലവൻ പോപ്പ് ഷിനൂഡാ മൂന്നാമനും എത്യോപ്യൻ സഭാ തലവൻ പരിശുദ്ധ ആബൂനാ പൗലോസ് പാത്രിയർക്കീസുമാണ് പൊതുപ്രഖ്യാപനത്തിൽ ഒപ്പുവച്ചത്.



ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിൽപ്പെട്ട സഭകളുടെ വി. കുർബ്ബാനാ സംസർഗ്ഗത്തിലൂടെയുള്ള ഐക്യത്തെ പ്രഖ്യാപനം ഊന്നിപ്പറയുന്നു. സിലിഷ്യയിലെ അർമീനിയൻ കാതോലിക്കോസായ പരിശുദ്ധ ആരാം പ്രഥമന്റെ പരിശ്രമഫലമാണ് അനുരഞ്ജന ശ്രമങ്ങളും സംയുക്ത പ്രഖ്യാപനവും നടന്നത്. *പഴയതിനെ മറക്കാനോ നമുക്കാവില്ല, പക്ഷേ പുതുക്കപ്പെട്ട വിശ്വാസത്തോടും ദർശനത്തോടും ഭാവിയെ നമുക്കു മാറ്റിത്തീർക്കാനാവും* ആരാം പ്രഥമൻ പറഞ്ഞു.

അഖില ലോക സഭാ കൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാമുവേൽ കോഡിയ പ്രസ്തുത പ്രഖ്യാപനത്തെ ചരിത്രനേട്ടമെന്നു വിശേഷിപ്പിച്ചു. സഭകൾക്കിടയിൽ യഥാർത്ഥ അനുരഞ്ജനം സാധ്യമാകും എന്നു തെളിയിക്കുന്നതാണ് സംയുക്ത പ്രഖ്യാപനമെന്ന് അദ്ദേഹം പറഞ്ഞു. 1948ലാണ് എത്യോപ്യൻ സഭയും കോപ്റ്റിക് സഭയും തമ്മിലുള്ള കരാർ പ്രകാരം എത്യോപ്യൻ സഭ സ്വാതന്ത്രമായത്. 1959ൽ അന്നത്തെ അലക്സാന്ത്രിയൻ പോപ്പ് ആബുനാ ബസേലിയോസിനെ ആദ്യത്തെ എത്യോപ്യൻ പാത്രിയർക്കീസായി വാഴിച്ചു. 1976ൽ അന്നത്തെ ഏകാധിപത്യ ഭരണകൂടം ആബൂനാ തിവോഫിലോസ് പാത്രിയർക്കീസിനെ അറസ്റ്റു ചെയ്തശേഷം രഹസ്യമായി വധിക്കുകയുണ്ടായി. പുതിയ പാത്രിയർക്കീസിനെ വാഴിക്കാൻ സഭയോട് ഭരണകൂടം ആവശ്യപ്പെട്ടു. പാത്രിയർക്കീസിനെ വധിച്ചു എന്നു പരസ്യമായി പ്രഖ്യാപിക്കാത്തതിനാലും, സഭാ സുന്നഹദോസ് പാത്രിയർക്കീസിനെ പുറത്താക്കാത്തതിനാലും ഭരണകൂടത്തിന്റെ ഈ നിർദ്ദേശത്തോട് കോപ്റ്റിക് സഭയ്ക്ക് എതിർപ്പായിരുന്നു. എന്നാൽ എത്യോപ്യൻ സുന്നഹദോസ് പുതിയ പാത്രിയർക്കീസിനെ വാഴിച്ചു. ആ പാത്രിയർക്കീസിനെ കോപ്റ്റിക് സഭ അംഗീകരിച്ചിരുന്നില്ല, കൂടുതലും രാഷ്ട്രീയപരമായ കാരണങ്ങളാണെങ്കിലും പലവിധ കാരണങ്ങളാൽ രണ്ടു സഭകളും തമ്മിൽ പരിപൂർണ്ണ സൗഹൃദത്തിലായിരുന്നില്ല. എന്നാൽ പുതിയ സൗഹൃദത്തിനു വഴി തെളിക്കുന്നതാണ് ജൂലൈ 13നു ഒപ്പുവച്ച പൊതുപ്രഖ്യാപനമെന്നു പ്രത്യാശിക്കുന്നു.

എത്യോപ്യയിൽനിന്നു എറിട്രിയ സ്വാതന്ത്രമായപ്പോൾ എറിട്രിയൻ സഭയ്ക്ക് പോപ്പ് ഷിനൂഡാ മൂന്നാമൻ മെത്രാന്മാരെ വാഴിച്ചു കൊടുക്കുകയും മാതൃസഭയായ എത്യോപ്യൻ സുന്നഹദോസിന്റെ അറിവോടെ എറിട്രിയയിൽ സുന്നഹദോസ് സ്ഥാപിക്കുകയും ചെയ്തിരുന്നു.

---

*27-ാം പേജിൽനിന്നും*

വിതയത്തിലിന്റെ കല്പന വന്നപ്പോൾപോലും അതും കള്ളവും അടിയറവു പറയലുമാണ് എന്ന തലത്തിലുള്ള ചർച്ചയുണ്ടായി ചാനലുകളിൽ. ചർച്ചയിൽ ദീപികയുമായി ബന്ധമില്ലാത്ത ജയശങ്കറാദിയായവർ ആഞ്ഞടിച്ചു ദീപികയ്ക്കും സഭയ്ക്കുമെതിരെ.

കുറെ നാൾ മുമ്പുള്ള ഒരു സംഭവമാണ്. പക്ഷേ എത്രകാലമായാലും ഓർത്തഡോക്സ് വിശ്വാസികൾക്ക് അത് മറക്കാൻ കഴിയില്ല. സെക്രട്ടറിയേറ്റ് മാർച്ച് നടത്തിയ പുരോഹിത-വിശ്വാസി വൃന്ദങ്ങൾക്കുനേരെയുണ്ടായ പോലീസാക്രമണം. പോലീസാക്രമണങ്ങൾക്കു കാരണം പോലീസിനുനേരെയുണ്ടായ കല്ലേറാണ്. മാർച്ചിൽ പങ്കെടുത്ത വിശ്വാസികൾ കല്ലെറിഞ്ഞില്ല എന്നെല്ലാവർക്കുമറിയാം. പുറത്തുനിന്നുള്ളവരാണ് കല്ലെറിഞ്ഞത്. പാത്രിയർക്കീസുകാരാണെന്നു ചിലർ, ഗുണ്ടകളാണെന്നു മറ്റു ചിലർ. ഏറുവന്ന കെട്ടിടത്തിന്റെ ഭാഗത്ത് ചില ക്യാമറ സഹായികളെയും കണ്ടതായും ചില ദൃക്സാക്ഷികൾ പറയുന്നു. ഏതായാലും ചാനലുകളിതാഘോഷിച്ചു. ഏതു അക്രമത്തിലും അടിച്ചൊതുക്കുന്ന പോലീസിനെ ആക്ഷേപിക്കുന്ന ചാനലുകൾ അച്ചന്മാരെയും വിശ്വാസികളെയും മദ്യപന്മാരായി ചിത്രീകരിക്കാനാണ് ശ്രമിച്ചത്.

വേണ്ടതിനും വേണ്ടാത്തതിനും ചർച്ച സംഘടിപ്പിക്കുന്ന നമ്മുടെ വാർത്താമാധ്യമ സംസ്ക്കാരം ഇന്ന് ആടിനെ പട്ടിയാക്കുന്ന തലത്തിലേക്ക് വളർന്നിരിക്കുന്നു. ഇത് സംസ്കൃത സമൂഹത്തിന് ആശാസ്യമായ ഒരു വളർച്ചയല്ല. പ്രത്യേകിച്ച് ജനാധിപത്യത്തിന്റെയും സംസ്കാരത്തിന്റെ കാവല്ക്കാരാകുന്ന മാധ്യമങ്ങളുടെ ഭാഗത്തുനിന്നു ചിന്തിക്കുമ്പോൾ.

പഠനം

എം.കുര്യൻ തോമസ്



# പ്രദക്ഷിണത്തിന്റെ ചരിത്രവും വേദശാസ്ത്രവും

എല്ലാ പുരാതന ക്രൈസ്തവ സഭകൾക്കും പ്രദക്ഷിണങ്ങളുണ്ട്. അവ എല്ലാം തന്നെ കൂദാശകളുമായി ബന്ധപ്പെട്ടവയാണ്. മദ്ബഹയ്ക്കുള്ളിലും പള്ളികളിലും പള്ളിക്കുപുറത്തും വിവിധ കൂദാശകളുമായി ബന്ധപ്പെട്ടു നടത്തുന്ന പ്രദക്ഷിണങ്ങളുണ്ട്. നസ്രാണികൾ പള്ളിക്കുപുറത്തു നടത്തുന്ന പ്രദക്ഷിണമാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യ വിഷയം.

ദേശീയ സംസ്ക്കാരങ്ങളും രാഷ്ട്രീയ കാലാവസ്ഥയും പ്രദക്ഷിണങ്ങളുടെ വർണപകിട്ടിനെയും മോടിയേയും ബാധിച്ചിട്ടുണ്ട്. അതോടൊപ്പം ഓരോ രാജ്യത്തെയും പ്രാദേശിക സംസ്കാരവും അവിടെ പ്രചാരത്തിലിരുന്ന ക്രൈസ്തവേതര മതങ്ങളുടെ സ്വാധീനവും മറ്റ് ക്രൈസ്തവ കർമ്മങ്ങളെപ്പോലെ പ്രദക്ഷിണങ്ങളുടെ വികസനത്തേയും സ്വാധീനിച്ചിട്ടുണ്ട്. കടുത്ത ഇസ്ലാമിക സമ്മർദ്ദം അനുഭവിച്ചുവന്ന കോപ്ടിക്, അന്ത്യോഖ്യൻ, പേർഷ്യൻ സഭകളിൽ, പള്ളിക്കു പുറത്തുള്ള പ്രദക്ഷിണം നാമമാത്രമായി ചുരുങ്ങിയപ്പോൾ രാജകീയ പിൻബലമുള്ള എത്യോപ്യൻ, ഗ്രീക്ക്, റോമാ സഭകളിൽ പ്രദക്ഷിണങ്ങൾക്ക് ആഘോഷത്തിന്റെ പരിവേഷം ലഭ്യമായി. കോപ്ടിക്, സഭയുടെ ആത്മീകാധികാരത്തിന്റെ കീഴിലായിരുന്നിട്ടും എത്യോപ്യൻ സഭയുടെ പ്രദക്ഷിണങ്ങൾ ആഘോഷപൂർവമായാണ് വളർന്നത്. ഇവയിൽ നിന്നും വ്യത്യസ്ഥമായ സാഹചര്യത്തിലാണ് മലങ്കര നസ്രാണികളുടെ പ്രദക്ഷിണം രൂപപ്പെട്ടത്.

മലങ്കര നസ്രാണികൾക്ക് ഒരിക്കലും രാഷ്ട്രീയാധികാരം ഉണ്ടായിരുന്നില്ല. എന്നാൽ അവർക്ക് മതസ്വാതന്ത്ര്യവും രാജകീയ പദവികളും നൂറ്റാണ്ടുകളായി ഉണ്ടായിരുന്നുതാനും. അതിനാൽ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടു നിൽക്കുന്ന കാലത്തുപോലും രാഷ്ട്രീയാധികാരമുള്ള രാജ്യങ്ങളെപ്പോലെ മലങ്കര നസ്രാണികളുടെ പ്രദക്ഷിണങ്ങൾ ആഘോഷപൂർവമായാണ് വളർന്നത്.

മറ്റേതൊരു ക്രൈസ്തവ മതചിഹ്നവും പോലെ നസ്രാണി പ്രദക്ഷിണവും അതിന്റെ ഘടകങ്ങളും അവർ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിൽ നിന്നും സ്വാംശീകരിച്ച് ക്രൈസ്തവ വൽക്കരിച്ചതാണ്. കേരളത്തിലാകട്ടെ ഇതിനനുയോജ്യമായ വളരെ മനോഹരമായ ഒരു സാംസ്കാരിക പശ്ചാത്തലവും ഉണ്ടായിരുന്നു.

കേരളത്തിലെ നസ്രാണികളുടെ പ്രദക്ഷിണം, ക്ഷേത്രങ്ങളിലെ ആറാട്ടും ഊരുവലത്തും, മോസ്ക്കുകളിലെ ചന്ദനക്കുട ഘോഷയാത്ര എന്നിവയ്ക്ക് വൈജാത്യങ്ങളേക്കാളേറെ സമാനതകളാണുള്ളത്. ഇവയ്ക്കൊന്നിനും മറ്റുള്ളവയുടെ പിതൃത്വം അവകാശപ്പെടാനാവില്ല. കാരണം ഇവയെല്ലാം ഒരേ സാംസ്ക്കാരിക പശ്ചാത്തലത്തിൽ നിന്നും രൂപമെടുത്തവയും അതാത് മതവിശ്വാസത്തിനനുയോജ്യമാക്കിയവയുമാണ്. കേരളത്തിന്റെ ഈ പൊതു സംസ്കൃതി ബുദ്ധമതത്തിന്റെ സംഭാവനയാണ്. നസ്രാണി പ്രദക്ഷിണങ്ങളിലെ കുരിശ് ഒഴികെ കൊടിയും (സമാന ആകൃതിയിൽ കുരിശില്ലാതെ), വെട്ടുകുട (*തഴകുട*) അടക്കമുള്ള ഹിന്ദു ഊരുവലത്തുകൾ ഇന്നും കേരളത്തിലുണ്ട്.

നസ്രാണി പ്രദക്ഷിണങ്ങളെപ്പറ്റി ലഭ്യമായ ആദ്യ പരാമർശനം 1504-ലാണ്. അക്കാലത്ത് കേരളത്തിലെത്തിയ നാലു പേർഷ്യൻ മെത്രാന്മാരെ ആഘോഷപൂർവം സ്വീകരിച്ചതായി അവർ ബാഗ്ദാദിലെ കാതോലിക്കായെ എഴുതി അറിയിക്കുന്നുണ്ട്. ഈ എതിരേല്പ് അക്കാലത്തെ നസ്രാണി പ്രദക്ഷിണങ്ങളുടെ ഒരു പരിച്ഛേദമായി കണക്കാക്കാം. വാദ്യോപകരണങ്ങൾ നസ്രാണികൾക്ക് പുതുമയല്ലായിരുന്നു. പെരുന്നാൾ ദിവസങ്ങളിൽ കുർബാന സമയത്ത് പള്ളിക്കുള്ളിൽ അക്രൈസ്തവരായ വാദ്യക്കാർ ചെണ്ട കൊട്ടു

ന്നത് നിരോധിച്ചുകൊണ്ടുള്ള ഉദയംപേരൂർ സുന്നഹദോസിന്റെ കാനോന തന്നെ കൊളോണിയൽ കാലത്തിനുമുമ്പ് നസ്രാണികളുടെ ഇടയിൽ വാദ്യമേളങ്ങൾക്കുണ്ടായിരുന്ന സ്വാധീനം വ്യക്തമാക്കുന്നു. ഉദയംപേരൂർ സുന്നഹദോസ് അവസാനിച്ചപ്പോൾ നടന്ന പ്രദക്ഷിണം നസ്രാണി രീതിയിലോ പാശ്ചാത്യ രീതിയിലോ എന്നു കാനോനായിൽനിന്നു വ്യക്തമല്ല.

നസ്രാണികളെ സംബന്ധിച്ചിടത്തോളം പ്രദക്ഷിണത്തിന് മതപരം എന്നതിനേക്കാൾ സാമൂഹികമായ ഒരു ആവശ്യകത ജാതിബന്ധിതമായ കേരള സമൂഹത്തിലുണ്ടായിരുന്നു. മറ്റാർക്കും ഉപയോഗിക്കാൻ അവകാശമില്ലാത്ത 72 പദവികൾ വാങ്ങി സമൂഹത്തിൽ ഉയർന്ന നിലയിൽ കഴിഞ്ഞിരുന്നവരായിരുന്നു നസ്രാണികൾ. തങ്ങളുടെ പദവികളുടെ ഒരു പരസ്യപ്രദർശനം ഇടയ്ക്കിടെ നടത്തി തങ്ങളുടെ ഔന്നത്യവും അവകാശവും വ്യക്തമാക്കേണ്ടത് അവരുടെ ജാതിമഹിമ ഉറപ്പിക്കുന്നതിന് ആവശ്യമായിരുന്നു. ഈ ലേഖകന്റെ വിശകലനത്തിൽ 72-ൽ നാൽപ്പതോളം പദവികൾ പ്രയോഗിക്കാനുള്ള ഒരു വേദിയായിരുന്നു പ്രദക്ഷിണങ്ങൾ.

സമീപകാലത്ത് ചില വൈകൃതങ്ങൾ കടന്നുകൂടിയിട്ടുണ്ടെങ്കിലും യഥാർത്ഥ നസ്രാണി പ്രദക്ഷിണത്തിന്റെ രൂപരേഖ ഇന്നും അപൂർവം ചില പള്ളികളിലെങ്കിലും നിലനിൽക്കുന്നുണ്ട്. ഏറ്റവും മുമ്പിൽ പകലാണെങ്കിലും തീവെട്ടി (72 പദവികളിൽപ്പെട്ട *പകൽവിളക്ക്*) അതിനു പിന്നിൽ കൊടി, പിന്നീട് വെട്ടുകുട (തഴകുട), അതിനു പിന്നിൽ മുത്തുക്കുടകൾ, മുത്തുക്കുടക്കുശേഷം തടിക്കുരിശ്. തടിക്കുരിശിനു പിന്നിൽ ഏറ്റവും പിറകിൽ സ്വർണ്ണക്കുരിശുവരുന്ന രീതിയിൽ മറ്റു ലോഹങ്ങൾകൊണ്ടുണ്ടാക്കിയ കുരിശുകൾ. അതിനു പിന്നിൽ കോലു വിളക്ക്, അതിനു പിന്നിൽ ധൂപക്കുറ്റിയേന്തിയ ശുശ്രൂഷകൻ, അതിനു പിന്നിൽ വി. ഏവൻഗേലിയോൻ. ഏറ്റവും പിന്നിൽ മേക്കട്ടി (*നടപന്തൽ*), നടപന്തലിനുള്ളിൽ മെഴുകുതിരികളാലും മറുബാസകളാലും കിലുക്കുമണികളാലും അകമ്പടി സേവിക്കപ്പെടുന്ന പൂർണ അംശവസ്ത്രധാരിയായ പട്ടക്കാരൻ വെട്ടുതൊപ്പിധരിച്ച് അരളിക്കയുമായി നടന്നുനീങ്ങും. ഇതാണ് ഒരു പ്രദക്ഷിണത്തിന്റെ യഥാർത്ഥ രൂപം.

പ്രദക്ഷിണത്തിനു വാദ്യമേളങ്ങൾ നിൽക്കുന്നതിനും ക്രമമുണ്ട് കൊടി മുതൽ കുരിശുകൾക്ക് മുൻവശംവരെയാണ് ഇടവിട്ട് വാദ്യമേളങ്ങൾ നിലയുറപ്പിക്കുന്നത്. മുൻകാലങ്ങളിൽ നാടൻ ചെണ്ട എന്ന അസുര വാദ്യം, പഞ്ചവാദ്യം, ഉരുട്ടുചെണ്ട, തമ്പേറ് എന്നിവ മാത്രമാണ് പ്രദക്ഷിണങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. (ബാന്റുമേളവും ഗായകസംഘവും സമീപകാല കലർപ്പുകളാണ്) ഇവരിൽ ഏറ്റവും മുമ്പിൽ നിൽക്കാനും പ്രദക്ഷിണത്തിനു മുമ്പുംപിമ്പും *നടയ്ക്കൽ കൊട്ടാനുള്ള* ആദ്യവകാശവും ഇന്നും നാടൻ ചെണ്ടക്കാണ്.

അരളിക്ക റോമൻ കത്തോലിക്കരുടെ സംഭാവനയാണ് തിരുശേഷിപ്പും, വി. കുർബാനയും എഴുന്നള്ളിക്കാൻ ഉപയോഗിക്കുന്ന *റെലിക്വറി* മലയാളികൾക്ക് *അരളിക്ക*യായി. തിരുശേഷിപ്പിനും വി. കുർബാനയ്ക്കും പകരം അതിനുള്ളിൽ ഒരു കുരിശു സ്ഥാപിച്ച് നസ്രാണി അരളിക്കയെ *മാർഗ്ഗംകൂട്ടി* സ്വന്തമാക്കി. പ്രദക്ഷിണത്തിനുമുമ്പിൽ കതിനാവെടി ഇടവിട്ടു വയ്ക്കുന്നതും വാണം കത്തിക്കുന്നതും ഇന്നും പതിവാണ്. പ്രദക്ഷിണം ആരംഭിക്കുമ്പോൾ മുതൽ അവസാനിക്കുന്നതുവരെ വലിയമണി നിരന്തരം അടിക്കുകയും ചെയ്യും.

പ്രദക്ഷിണത്തെ സ്വീകരിക്കുന്നതിനും ചില സവിശേഷ ചടങ്ങുകളുണ്ട്. നസ്രാണികൾ ഒരു വർത്തക സമൂഹമായി അങ്ങാടികളായി മാത്രം താമസിച്ചിരുന്ന കാലത്ത് അങ്ങാടി ചുറ്റിയായിരുന്നു പ്രദക്ഷിണം. അന്ന് പ്രദക്ഷിണം എത്തുമ്പോൾ അങ്ങാടിയിലെ പീടികകളുടെ നിരപലക മുമ്പോട്ടു നിവർത്ത് അതിൽ നിലവിളക്കു കത്തിച്ചു വയ്ക്കും. മുമ്പിൽ വെള്ളയും കരിമ്പടവും വിരിച്ച് സമീപത്തായി വെള്ളം നിറച്ച കിണ്ടിയും വെയ്ക്കും. ബഹുമാന്യ അതിഥിയായി സ്വീകരിച്ചാനയിക്കുന്നതിന്റെ കേരളീയ സങ്കൽപ്പമാണിത്. അങ്ങാടി മുഴുവൻ വാഴപ്പിണ്ടികളിൽ കുത്തി നിർത്തിയ ചെറിയ എണ്ണ വിളക്കുകൾ കത്തിച്ചു വച്ചിട്ടുണ്ടാകും. മറ്റിടങ്ങളിൽ കമ്പിൽ കുത്തിനിർത്തിയ ചകിരിത്തൊണ്ടിൽ ഉമിയിട്ടു കത്തിച്ച് വഴികൾ പ്രകാശമാനമാക്കും. ഇന്ന് ഇവയുടെ സ്ഥാനം വൈദ്യുത ദീപാലങ്കാരങ്ങൾ ഏറ്റെടുത്തെങ്കിലും വാഴപ്പിണ്ടി വിളക്കുകൾ കുന്നംകുളത്ത് സജീവമായും ചിലയിടങ്ങളിൽ അപൂർവമായും നിലനിൽക്കുന്നുണ്ട്.

പ്രദക്ഷിണത്തിന് ഒരു വേദശാസ്ത്ര വിശദീകരണം നൽകാൻ മലങ്കരസഭ ഒരിക്കലും ശ്രമിച്ചിട്ടില്ല. അതിനാൽ പാശ്ചാത്യ വൈദീക വിദ്യാഭ്യാസത്തിന്റെ പശ്ചാത്തലമുള്ള ചിലർ ഇതിനെ അക്രൈസ്തവമെന്നു മുദ്രകുത്തി ഇല്ലായ്മ ചെയ്യാനുള്ള ശ്രമം നടത്തുന്നുണ്ട്. പ്രൊട്ടസ്റ്റന്റ് വിഭ്രാന്തി ബാധിച്ച പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ മുതൽപ്പേരാണ് ഈ ശ്രമം ആരംഭിച്ചത്. എന്നാൽ പ്രദക്ഷിണോന്മൂലനത്തിന് ഏറ്റവും തീവ്രമായി യത്നിച്ചത് പത്രോസ് ത്രിതീയൻ പാത്രിയർക്കീസായിരുന്നു. താൻ ജനിച്ചുവളർന്ന നാട്ടിലെ പ്രാദേശിക ആചാരങ്ങളൊഴികെ മറ്റെല്ലാം അക്രൈസ്തവമാണെന്നു വിശ്വസിച്ചിരുന്ന അദ്ദേഹം പള്ളികളിലെ എണ്ണവിളക്കുവരെ നിരോധിച്ചു എന്ന വസ്തുത പരിഗണിക്കുമ്പോൾ ഈ നീരാസത്തിനു വേദശാസ്ത്ര അടിത്തറയൊന്നുമില്ലെന്നും, മറിച്ച് അജ്ഞതയിൽ നിന്നുടലെടുത്ത സങ്കുചിതത്വമാണുള്ളതെന്നും കാണാം. അജ്ഞത കൊണ്ടാരംഭിച്ച ഈ ശ്രമം ഇന്നും തുടരുന്നു എന്നത് ഖേദകരമാണ്.

മലങ്കരയിൽ പ്രദക്ഷിണത്തിന് ഒരു വേദശാസ്ത്ര വിശദീകരണം നൽകാനുള്ള ശ്രമം ഒരിക്കൽ മാത്രം ഉണ്ടായിട്ടുണ്ട്. പരിശുദ്ധ സുന്നഹദോസ് നിശ്ചയമനുസരിച്ച് മാർ ഒസ്താത്തിയോസ്, മാർ ബർന്നബാസ്, മാർ പക്കോമിയോസ്, മാർ ദീയസ്ക്കോറോസ് എന്നീ മെത്രാപ്പോലിത്താമാർ ചേർന്ന് തയാറാക്കിയ *മലങ്കര*

*ഓർത്തഡോക്സ് സഭ ഒരു പഠനം* എന്ന പുസ്തകത്തിൽ *ആരാധനയും ആചാരാനുഷ്ഠാനങ്ങളും* എന്ന ശീർഷകത്തിൽ കാലം ചെയ്ത ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലിത്ത താഴെപ്പറയുന്ന ഔദ്യോഗിക വിശദീകരണം പ്രദക്ഷിണത്തിനു നൽകി.

*...................കുരിശ് ഏവൻഗേലിയോൻ ഇവയുടെ അകമ്പടിക്കും ബഹുമാനത്തിനും ആയി വർണ്ണപ്പകിട്ടാർന്ന മറ്റു പള്ളി ഉപകരണങ്ങളും വാദ്യമേളങ്ങളും ഒരുമിച്ചു സമ്മേളിക്കുമ്പോൾ യുദ്ധം ജയിച്ചുവരുന്ന സൈന്യനിരകളുടെ ജൈത്രയാത്രയുടെ പ്രതീതി ഉളവാകുന്നു. കൂടാതെ ദേശീയസംസ്ക്കാരത്തിന്റെ ഒരു പരിവേഷവും അതിനുണ്ട്. ക്രിസ്തീയ ആചാരങ്ങളും അനുഷ്ടാനങ്ങളും ദേശീയസംസ്ക്കാരത്തോട് അലിഞ്ഞു ചേർന്നിരിക്കുന്നു...*

പെരുന്നാൾ പ്രദക്ഷിണത്തിനു സഭനൽകിയ ഏക ഔദ്യോഗിക വിശദീകരണം ഇതാണ്. എന്നാൽ വിചിത്രമായ ഒരു സംഗതി, പ്രദക്ഷിണത്തിന് അത്യുജ്ജലമായ ഒരു അലിഘിത വേദശാസ്ത്ര വിശദീകരണം തലമുറകളായി നസ്രാണികൾക്കുണ്ട് എന്നതാണ്. അതനുസരിച്ച് കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ പ്രതിരൂപമാണ് പ്രദക്ഷിണം. ഈ പാരമ്പര്യപ്രകാരം പ്രദക്ഷിണത്തിനുപയോഗിക്കുന്ന ഓരോ ഉപകരണത്തിനും ക്രൈസ്തവ പശ്ചാത്തലമുണ്ട്. അവ താഴെപറയുന്നവയാണ്.

കൊടി- മരിച്ചുപോയ വിശ്വാസികളുടെ (സാക്ഷികളുടെ) സമൂഹം

വെട്ടുകൊട/ തഴകുട -ശിരഛേദം ചെയ്യപ്പെട്ട(വധിക്കപ്പെട്ട) ക്രൈസ്തവ രക്തസാക്ഷികൾ (വെട്ടിയെടുത്തതുപോലുള്ള മുകൾഭാഗം സൂചിതം)

മുത്തുക്കുട- സ്വർഗീയ കിരീടം ധരിച്ച പരിശുദ്ധന്മാർ

കോലുവിളക്ക്- മാർ യോഹന്നാൻ മാംദാന

ധൂപക്കുറ്റി- ധൂപക്കുറ്റി പ്രതിനിധാനം ചെയ്യുന്ന വി.ദൈവമാതാവ്,12 ശ്ലീഹമാർ, 72 അറിയിപ്പുകാർ എന്നിവർ

കുരിശും വൈദീകനുമെല്ലാം കർത്താവിന്റെ പ്രതിരൂപമാണ്. മറുബാസ മാലാഖമാരെയും

1 തെസ: 4-10 ലെ *കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും വരും* എന്ന വേദവാക്യ സൂചനയാണ് വെടിയും വാദ്യമേളങ്ങളും പ്രതിബിംബിപ്പിക്കുന്നത്.

തീർച്ചയായും പ്രദക്ഷിണത്തിന്റെ ക്രമീകരണവും ഭൂരിപക്ഷം ഉപകരണങ്ങളും ദേശീയവും അക്രൈസ്തവവുമായ പശ്ചാത്തലമുള്ളതാണ്. പക്ഷേ അവയെ ക്രിസ്തുമതം ഉൾക്കൊണ്ടപ്പോൾ മുകളിൽ പറഞ്ഞതിനേക്കാൾ ഭംഗിയായ ഒരു വിശദീകരണം നൽകാൻ സാദ്ധ്യമാണോ എന്നു ചിന്തിക്കണം.

സമീപകാലത്ത് പാശ്ചാത്യ വേദശാസ്ത്രം പ്രദക്ഷിണത്തിന്റെ ക്രമീകരണത്തിൽ അസ്വാരസ്യം സൃഷ്ടിച്ചിട്ടുണ്ട്. അത് പ്രധാനമായും പ്രദക്ഷിണത്തിൽ കുരിശിന്റെ സ്ഥാനത്തെക്കുറിച്ചും വാദ്യമേളങ്ങളുടെയും വെടിയുടെയും ഉപയോഗത്തെക്കുറിച്ചുമാണ്. മുൻകാലങ്ങളിൽ പ്രദക്ഷിണത്തിന്റെ മുമ്പിൽ കുരിശ് പിടിയ്ക്കുകയില്ലായിരുന്നു. എന്നാൽ ഏതാനും ദശകങ്ങളായി കുരിശു മുമ്പിൽ പിടിക്കണം എന്ന് ചില വൈദീകർ ശഠിക്കുന്നുണ്ട്. പാശ്ചാത്യ ദർശനമനുസരിച്ച് ഇവരുടെ വാദം ശരിയാണ് എങ്കിലും ഖേദപൂർവ്വം പറയട്ടെ, പൗരസ്ത്യ ക്രൈസ്തവ ദർശനമനുസരിച്ച് ഈ വാദത്തിനു നിലനിൽപ്പില്ല. അതിനു പല കാരണങ്ങൾ ഉണ്ട്.

ഒന്നാമതായി, മുകളിൽപറഞ്ഞ പ്രദക്ഷിണത്തെപ്പറ്റിയുളള നസ്രാണി വേദശാസ്ത്രം കുരിശു മുമ്പിൽ പിടിക്കുന്നതിന് അനുയോജ്യമല്ല. ഈ വേദശാസ്ത്ര പ്രകാരം, കുരിശ് പ്രതിനിധാനം ചെയ്യുന്നത് കർത്താവിനെയാണ്. സാക്ഷികളുടെ സമൂഹത്തിന് പിന്നാലെയാണ് കർത്താവ് എഴുന്നള്ളുന്നത് എന്നാണ് പൗരസ്ത്യ സങ്കൽപ്പം. അപ്പോൾ തീർച്ചയായും കുരിശ് പിറകിലാണല്ലോ വരേണ്ടത്. കുരിശിനാണ് ഏറ്റവും ബഹുമാനം നൽകേണ്ടത് അതിനാൽ കുരിശു മുമ്പിൽ പിടിക്കുന്നതാണ് ശരി എന്നാണ് ഈ നവീകരണക്കാരുടെ വാദം. കുരിശിന് ഏറ്റവും ബഹുമാനം നൽകുന്നതിനാലാണ് കുരിശ് പിന്നിൽ പിടിക്കുന്നതെന്ന് പൗരസ്ത്യ പാരമ്പര്യവും പറയുന്നു.

ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം മലങ്കരസഭയുടെ കൗദാശികമായ പ്രദക്ഷിണങ്ങളിൽ ഏറ്റവും ഉയർന്ന സ്ഥാനിയാണ് ഏറ്റവും പിറകിൽ നിൽക്കുക. കോറുയോമാർ, യൗഫദ്യക്കിനോമാർ, മ്ശംശോനോമാർ, കശീശമാർ, കോർഎപ്പിസ്കോപ്പാമാർ എന്നിവർക്കുശേഷം ഏറ്റവും ജൂണിയർ എപ്പിസ്കോപ്പ മുതൽ ഏറ്റവും സീനിയർ മെത്രാപ്പോലീത്തവരയും, ഏറ്റവും പിന്നിൽ പ. കാതോലിക്കാ ബാവായും എഴുന്നളളുക എന്നതാണ് മലങ്കരസഭയുടെ പാരമ്പര്യം. ഇന്നും പ. പിതാവിനോടുളള ബഹുമാനം വർദ്ധിച്ചിട്ട് അദ്ദേഹത്തെ ഏറ്റവും മുമ്പിൽ നിർത്തണമെന്ന് ആരും ശഠിക്കുന്നില്ല.

പ്രദക്ഷിണത്തെപ്പറ്റി പാശ്ചാത്യ-പൗരസ്ത്യ സഭകൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തിനു അവരുടെ വേദശാസ്ത്രങ്ങൾ തമ്മിലുള്ള അടിസ്ഥാന വ്യത്യാസവും രാഷ്ട്രീയ കാരണങ്ങളും ഹേതുവാണ് എന്നതും ശ്രദ്ധിക്കപ്പെടാത്ത ഒരു വസ്തുതയാണ്. പാശ്ചാത്യ വേദശാസ്ത്രം കേന്ദ്രീകരിച്ചിരിക്കുന്നത് കർത്താവിന്റെ കുരിശു മരണത്തിലാണ്. പൗരസ്ത്യ വേദശാസ്ത്രമാകട്ടെ ഉയർത്തെഴുന്നേൽപ്പിലും. സരളമായ ഭാഷയിൽ പറഞ്ഞാൽ പാപത്തിനെതിരായി യുദ്ധം ചെയ്യുന്ന കർത്താവാണ് പാശ്ചാത്യരുടെ വേദശാസ്ത്രകേന്ദ്രം. മറിച്ച് ഉയർത്തെഴുന്നേൽപ്പിലൂടെ യുദ്ധം ജയിച്ച കർത്താവാണ് പൗരസ്ത്യ വേദശാസ്ത്രത്തിൻെറ കാതൽ. ഇപ്രകാരം ജയിച്ച് എത്തിച്ചേരുന്ന കർത്താവിനെയാണ് പ്രദക്ഷിണത്തിൽ കുരിശു പ്രതിനിധാനം ചെയ്യുന്നത്.

പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം യുദ്ധത്തിനുപോകുന്ന കർത്താവിൽ കേന്ദ്രീകരിച്ചാണ് അവരുടെ വേദശാസ്ത്രം രൂപപ്പെട്ടിരിക്കു

ന്നത്. അവർക്ക് യുദ്ധം ജയിക്കാനുള്ള കൊടിയടയാളമാണ് കുരിശ്. പ്രദക്ഷിണമോ പെരുന്നാളോ ഇല്ല എന്നു പറയുന്ന പാശ്ചാത്യ പ്രൊട്ടസ്റ്റന്റുകളുടെ ഒരാചാരത്തിൽ നിന്നുതന്നെ ഇതു വ്യക്തമാണ്. കേരളത്തിലെ സി.എസ്.ഐ. സഭയുടെ ഞായറാഴ്ച ആരാധന, ബിഷപ്പ് പങ്കെടുക്കുന്ന വിവാഹം എന്നിവയ്ക്കുമുമ്പ് ഒരു പ്രകടനമുണ്ട്. അതിന്റെ ഏറ്റവും മുമ്പിൽ കുരിശ് – അത് പിടിക്കുന്നത് ഒരു പ്രത്യേക രീതിയിൽ പട്ടാളക്കാർ കൊടി പിടിക്കുന്നതുപോലെയാണ്– തുടർന്ന് ഗായകസംഘം, പട്ടക്കാർ, ഏറ്റവും അവസാനം ബിഷപ്പ് എന്ന രീതിയിലാണ് ഈ പ്രകടനം നടത്തുന്നത്.

കുരിശുയുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഈ പ്രകടനത്തെ വിലയിരുത്താൻ. ക്രിസ്തു എന്ന കൊടിയടയാളവുമായി യുദ്ധത്തിനു പുറപ്പെടുന്ന സമരസജ്ജമായ ഒരു സമൂഹത്തിന്റെ പ്രതിബിംബമാണ് ഈ പ്രകടനം. ഈ പ്രക്രിയയിൽ വിജയം മുമ്പിൽ കാണുന്ന ഒരു ലക്ഷ്യം മാത്രമാണ്. മറിച്ച് ഉയർത്തെഴുന്നേറ്റ –വിജയിച്ച– കർത്താവാണ് പൗരസ്ത്യരുടെ അടിസ്ഥാനം. അവർക്ക് കുരിശ് കർത്താവിന്റെ പ്രതിരൂപമാണ്. പൗരസ്ത്യർ വേദശാസ്ത്രപരമായി യുദ്ധത്തിനു പോവുകയില്ല, മറിച്ച് യുദ്ധം ജയിച്ചു വരികയാണ്. അതിനാൽ രാജാവ് (ഇവിടെ കർത്താവ് തന്റെ പ്രതിരൂപമായ കുരിശിലൂടെ) നിൽക്കുന്നത് എല്ലാ രാജകീയ എഴുന്നള്ളത്തുകളും പോലെ ഏറ്റവും പുറകിലാണ്.

മൂന്നാമതായി കുരിശു മുമ്പിൽ പിടിക്കുക എന്നത് മലങ്കരസഭയുടെ പാരമ്പര്യമല്ല. എഴുതപ്പെടാത്ത വേദപുസ്തകമാണ് പാരമ്പര്യം എന്നാണ് പിതാക്കന്മാരുടെ പഠിപ്പിക്കൽ. ഇവിടെ വിവക്ഷിക്കുന്ന *പാരമ്പര്യം* പാശ്ചാത്യ സഭകളുടേതോ, നിരന്തര പീഡനത്തിനു വിധേയമാകുന്ന മദ്ധ്യപൗരസ്ത്യ ദേശത്തെ സന്യാസ സഭകളുടേതോ മാത്രം കുത്തകയല്ല. *പാരമ്പര്യം* മലങ്കരസഭയുടേതും ആകാം. അതിനാൽ മലങ്കരയിൽ നിലനിന്നിരുന്ന ഒരു പാരമ്പര്യത്തെ വികൃതമായ പാശ്ചാത്യ വേദശാസ്ത്രത്തിലൂന്നി തെറ്റെന്നു വിധിക്കാനോ അവയെ മാറ്റാനോ ആർക്കും അവകാശമില്ല. പ്രദക്ഷിണങ്ങൾക്ക് വാദ്യമേളങ്ങൾ ഉപയോഗിക്കുക എന്നത് മലങ്കരസഭയുടെ പുരാതന പാരമ്പര്യമാണ് എന്ന ഒരൊറ്റകാരണം മാത്രം മതി അവയെ ഓർത്തഡോക്സ് സഭകൾക്ക് വേദശാസ്ത്രപരമായി ശരിവക്കാൻ.

കുരിശിന്റെ സ്ഥാനത്തെപ്പറ്റി ഇത്ര വിശദമായി പ്രതിപാദിച്ചത് എങ്ങനെ പാശ്ചാത്യ വേദശാസ്ത്രം നസ്രാണിത്വത്തെ സ്വാധീനിക്കുന്നു എന്ന് വിശദമാക്കാനാണ്. എങ്കിലും ഒരു കൊടിയടയാളം എന്ന നിലയിൽ പരിഗണിച്ചാൽ കുരിശ് മുമ്പിൽ പിടിക്കുന്നതിൽ തെറ്റില്ല എന്നും പറയാം. പക്ഷേ അതിനായി ശാഠ്യം പിടിക്കുന്നത് പാശ്ചാത്യ സ്വാധീനം കൊണ്ടുണ്ടായ അജ്ഞതയാണ്. വെട്ടുതൊപ്പിയെയും അരളിക്കയെയും എതിർക്കുന്നവരുടെയും പശ്ചാത്തലം മറ്റൊന്നല്ല.

ഇരുപതാം നൂറ്റാണ്ടിലാണ് ബാന്റുമേളം നസ്രാണി പ്രദക്ഷിണങ്ങളിൽ കടന്നു കൂടിയത്. പോർട്ടുഗീസുകാർ പ്രചരിപ്പിച്ചെങ്കിലും 19–ാം നൂറ്റാണ്ടിന്റെ ഉത്തരായനത്തിൽ മാത്രമാണ് റോമാ സുറിയാനിക്കാരുടെ ഇടയിൽ ബാന്റുമേളം സ്ഥാനം പിടിച്ചത്. ഇന്ന് നസ്രാണി പ്രദക്ഷിണത്തിന്റെ മനോഹാരിതയിൽ ചേരാതെ നിൽക്കുന്ന ഒരു വൃത്തഭംഗമാണ് ബാന്റുമേളം. കഴിഞ്ഞ രണ്ടു ദശകംകൊണ്ട് വളർത്തിയ മറ്റൊരു *അപശ്രുതി*യാണ് ഗായകസംഘം. കാസറ്റുകളിൽ നിന്നുള്ള ഭക്തിഗാനമർദ്ദനം അസഹ്യമാംവിധം വർദ്ധിച്ചിട്ടുണ്ട്. പരമ്പരാഗത പ്രദക്ഷിണത്തെ എതിർക്കുന്നവരുടെ അനുഗ്രഹാശിസുകളോടെ വളരുന്ന ഈ അപചയം നിയന്ത്രിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പ്രദക്ഷിണത്തോടും പെരുന്നാളിനോടും ആഘോഷങ്ങളോടുമുള്ള ചുരുക്കംചില *സ്വപ്രഖ്യാപിത സഭാ പണ്ഡിതരുടെ* സമീപകാല പ്രതിഷേധത്തിനു പ്രധാനമായും അഞ്ച് കാരണങ്ങളുണ്ട്.

1. നൂറ്റാണ്ടുകളോളം മുസ്ലീം സമ്മർദ്ദത്തിൽ കഴിഞ്ഞ് സഭയുടെ വർണശബളമായ വശങ്ങളെല്ലാം നഷ്ടമാവുകയും വിസ്മൃതിയിലാവുകയും ചെയ്ത അന്തോഖ്യൻ സഭാപിതാക്കൻമാർക്ക് മലങ്കരയിൽ കണ്ട പെരുന്നാൾ ആഘോഷങ്ങളോടുള്ള അസഹിഷ്ണുത. ഇതിന് അവരുടെ സഭാശാസ്ത്രവിജ്ഞാനീയത്തിലെ പാമരതയും കാരണമാണ്.

2. ബ്രിട്ടീഷ് മിഷനറിമാരുടെയും അവരുടെ പാദസേവകരുടെയും തീവ്ര പ്രൊട്ടസ്റ്റന്റ് പഠിപ്പിക്കലുകൾ.

3. സമീപകാലത്ത് പാശ്ചാത്യരീതിയിൽ വൈദീകവിദ്യാഭ്യാസം നേടുകയും, പാശ്ചാത്യ പ്രൊട്ടസ്റ്റന്റു മാനദണ്ഡങ്ങൾക്കനുസൃതമായി മലങ്കരസഭയുടെ പാരമ്പര്യങ്ങളെ അളക്കാൻ ശ്രമിച്ച് പരാജയപ്പെടുകയും ചെയ്ത –നസ്രാണിത്വം നഷ്ടപ്പെട്ട– ചിലരുടെ അജ്ഞത.

4. മലങ്കരസഭയ്ക്ക് സ്വന്തമായ ഒരു വ്യക്തിത്വവും, വേദശാസ്ത്രവും, പാരമ്പര്യവും ഉണ്ടെന്നും, അവ നിലനിർത്താനുള്ള അവകാശം സഭയ്ക്കുണ്ടെന്നും അംഗീകരിക്കാനാവാത്ത നിസഹായത.

5. നസ്രാണി സമൂഹത്തെ സന്യാസ സമൂഹത്തിന്റെ രീതിയിൽ പുനർനിർമിക്കാൻ ശ്രമിക്കുന്ന അപൂർവം ചില വ്യക്തികളുടെ പാരമ്പര്യ നിഷേധം.

6. കല അക്രൈസ്തവമാണെന്ന പതിനെട്ടാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് പ്യൂരിട്ടൻവാദം. ഇത് പാശ്ചാത്യ ലോകംപോലും തള്ളിക്കളഞ്ഞ വിവരം ഈ നവീനവാദക്കാർക്ക് അറിയില്ല.

നസ്രാണികൾ ഒരു തീവ്ര സന്യാസ സമൂഹമല്ല. ഒരു പീഡിത ജനവിഭാഗവുമല്ല. അവർ കേരളത്തിന്റെ പൊതുവായ സാംസ്കാരിക പാരമ്പര്യത്തിന്റെ അവിഭാജ്യമായ ഒരു ഘടകമാണ്. അതിനാൽ കേരളത്തിൽ ഈ സംസ്കാരം നിലനിൽക്കുന്നിടത്തോളംകാലം നസ്രാണികളും ഈ പാരമ്പര്യം നിലനിർത്തേണ്ടിയിരിക്കുന്നു. കാരണം മറ്റെല്ലാ ഓർത്തഡോക്സ് സഭകളെപ്പോലെ മലങ്കരസഭയും ഒരു ദേശീയസഭയാണ്.

**നിരീക്ഷണം**

ഡോ. ജോർജ്ജ് വർഗ്ഗീസ് കൊപ്പാറ

# ബൈബിളിൽ തെളിയുന്ന ബിഗ് - ബാംഗ് തിയറി

പ്രപഞ്ചോൽപത്തിയെപ്പറ്റി വ്യക്തമായ ചരിത്രമോ നിഷ്കൃഷ്ടമായ നിർവ്വചനങ്ങളോ ഇതേവരെ ലഭ്യമായിട്ടില്ല. നിരവധി സിദ്ധാന്തങ്ങളും നിഗമനങ്ങളും ഉരുത്തിരിഞ്ഞിട്ടുണ്ട്. ശാസ്ത്രീയ നിരീക്ഷണങ്ങളും, പരീക്ഷണങ്ങളും അസന്നിഗ്ദമായി ഒട്ടേറെ സമസ്യകളുടെ ദുരൂഹതകളെ ഇല്ലായ്മ ചെയ്തിട്ടുണ്ടെങ്കിൽപോലും പ്രപഞ്ചോത്പത്തിയെപ്പറ്റിയുള്ള ചോദ്യങ്ങൾ ഇന്നും ഏറെ പേരുടെ ചിന്താ മണ്ഡലങ്ങളെ ചൂടുപിടിപ്പിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികൾക്ക് ബൈബിൾ ചോദ്യം ചെയ്യപ്പെടാത്ത ദൈവനിവേശിത തത്വസംഹിതയാണ്. ആയതിനാൽ ബൈബിളിൽ വിവരിക്കുന്ന പ്രപഞ്ചോല്പത്തി ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തിൽ (അദൃശ്യമായ ആത്മാവ്) നിന്നുമാണെന്നുറക്കെപ്പറയുവാൻ വിശ്വാസികൾക്കു കഴിയും.

ശാസ്ത്രത്തിനു നിരക്കുന്നതല്ല ബൈബിൾ എന്നതാണ് പൊതുവെയുള്ള ധാരണ. ഭൗതികവാദ വക്താക്കളുടെ കുപ്രചരണമാണീ ധാരണ പ്രബലപ്പെടാൻ കാരണം. ശാസ്ത്രീയ തത്വങ്ങൾ മിക്കതും ബൈബിൾ തത്വസംഹിതകളുമായി സമരസപ്പെടുന്നതാണെന്ന സത്യം ശാസ്ത്ര-ദൈവശാസ്ത്രജ്ഞന്മാർ അംഗീകരിച്ചിട്ടുണ്ട്. ബൈബിൾ അവധാനതയോടെ, മുൻവിധിയില്ലാതെ പഠിക്കുകയും. വ്യാഖ്യാനിക്കുകയും ചെയ്താൽ ബൈബിൾ ശാസ്ത്രവിരോധിയല്ലെന്നു കണ്ടെത്താനാകും. എന്നാൽ ബൈബിൾ ശാസ്ത്രഗ്രന്ഥമോ, ചരിത്രഗ്രന്ഥമോ അല്ലെന്ന ബോദ്ധ്യത്തിലാവണം പഠിക്കുവാനും, താരതമ്യപ്പെടുത്തുവാനും ശ്രമിക്കേണ്ടത്.

ശാസ്ത്രസിദ്ധാന്തങ്ങൾ പലതും കാലം മാറുന്നതനുസരിച്ച് ചോദ്യം ചെയ്യപ്പെടുകയോ, പുതിയ നിഗമനങ്ങളിൽ എത്തിപ്പെടുകയോ ചെയ്യുന്നത് ശാസ്ത്രത്തിന്റെ പരിമിതിയെയും, അപൂർണ്ണതയെയുമാണ് സൂചിപ്പിക്കുക. മുമ്പ് വിശ്വസിച്ചിരുന്ന പല ശാസ്ത്ര സിദ്ധാന്തങ്ങളും, പിൽക്കാലത്തു അബദ്ധമായിരുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഉദാ. എ.ഡി. 2-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റ്റോളമിയുടെ, ഭൂമിയുടെ ചുറ്റും സൂര്യൻ വലം വയ്ക്കുന്നു വെന്ന സിദ്ധാന്തത്തെ 15-ാം നൂറ്റാണ്ടിൽ കോപ്പർ നിക്കസ് ഭൂമി സൂര്യനു ചുറ്റുമാണ് വലം വയ്ക്കുന്നതെന്ന് തിരുത്തി, കെപ്ലർ കൂട്ടിചേർത്തു. ഭൂമി നിശ്ചിത പന്ഥാവിലാണ് സൂര്യനെ വലം വയ്ക്കുന്നത്. സർ ഐസക് ന്യൂട്ടന്റെ ക്ലാസിക്കൽ മെക്കാനിക്സ് സിദ്ധാന്തം പിൽക്കാലത്ത് ആൽബർട്ട് ഐൻസ്റ്റീൻ പുനരാവിഷ്ക്കരിച്ചു.

ബൈബിൾ സിദ്ധാന്തങ്ങൾ ഒരിക്കലും മാറ്റിപ്പറയേണ്ടിവന്നിട്ടില്ല. ബൈബിളിൽ വെളിപ്പെടുന്ന സനാതനസത്യങ്ങൾ കാലാതിവർത്തികളായി എന്നും നിലനിൽക്കുന്നു. ബി. സി. 1200 മുതൽ എ.ഡി. 100 വരെയുള്ള കാലഘട്ടങ്ങളിൽ രചിക്കപ്പെട്ട ബൈബിൾ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള വചനങ്ങൾ എ.ഡി. 21-ാം നൂറ്റാണ്ടിൽ രൂപപ്പെടുന്ന ശാസ്ത്ര സിദ്ധാന്തങ്ങൾ ശരിവയ്ക്കപ്പെടുന്നതിൽ ദൈവവിശ്വാസികൾ അത്ഭുതപ്പെടേണ്ടതില്ല.

പ്രപഞ്ചോൽപ്പത്തിയെപ്പറ്റിയുള്ള ശാസ്ത്രതത്വമായ ആശഴആമിഴ ഠവലീ്യ ബൈബിളുമായി എങ്ങനെ പൊരുത്തപ്പെടുന്നുവെന്നതാണ് ഈ ലേഖനത്തിലൂടെ പരിശോധിക്കാൻ ശ്രമിക്കുന്നത്.

**ബിഗ്-ബാംഗ് തിയറി**

പ്രപഞ്ചത്തിന്റെ ഉല്പത്തി ഇന്നും ഉത്തരം ലഭിക്കാത്ത ഒരു സമസ്യയാണ്. ശാസ്ത്ര ലോകത്ത് ഉല്പത്തിയെപ്പറ്റി പ്രതിപാദിക്കുന്ന ഏക പ്രബന്ധം ബിഗ്-ബാംഗ് തിയറിയാണ്. (ആശഴആമിഴ ഠവലീ്യ) പ്രപഞ്ചത്തിലെ ക്രമരഹിതമായ പൊടിപടലങ്ങൾ ഊർജ്ജവുമായി ചേർന്ന് അതിസാന്ദ്രതയുള്ള ഒരു പിണ്ഡം രൂപപ്പെട്ടുവെന്നും, ഈ പദാർത്ഥത്തിനാണ് ഒരു വലിയ വിസ്ഫോടനം ഉണ്ടായതെന്നും തിയറിപറയുന്നു. വിസ്ഫോടനത്തിനുശേഷം പ്രപഞ്ചത്തിലെ നക്ഷത്രങ്ങളും ഗ്രഹങ്ങളും രൂപപ്പെട്ടുവെന്നും, ഇതെല്ലാമടങ്ങുന്ന പ്രപഞ്ചം ഒരു ബലൂൺ എന്നപോലെ വികസിച്ചുകൊണ്ടിരിക്കുകയാണെന്നും തിയറി ചൂണ്ടിക്കാണിക്കുന്നു. ഇരുപത് ബില്യൺ വർഷങ്ങൾക്ക് ശേഷമാണ് ഇപ്പോൾ കാണുന്ന രീതിയിലുള്ള ഭൂമി രൂപപ്പെട്ടതെന്നും, പ്രപഞ്ചത്തിൽ രൂപപ്പെട്ട ഓരോ നക്ഷത്രങ്ങളും വ്യത്യസ്ഥമായ പ്രകാശതീവ്രതയാണെന്നും സ്പെക്ട്രോസ്കോപ്പിക് പരീക്ഷണനിരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്.

പ്രപഞ്ചത്തിന്റെ ആഴം തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നും, സൂര്യനും, നക്ഷത്രങ്ങളും, ഗ്രഹങ്ങളും, ഉപഗ്രഹങ്ങളുമെല്ലാം ശൂന്യതയിൽ പൊങ്ങിക്കിടക്കുകയാണെന്നും, അവയ്ക്ക് ഗോളാകൃതിയാണെന്നും തിയറി സമർത്ഥിക്കുന്നു. വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തിൽ

സൂര്യനും നക്ഷത്രങ്ങളും അതിവേഗത്തിൽ ഏകദേശം മണിക്കൂറിൽ 2,00,000 കി.മീ. അകന്നുകൊണ്ടിരിക്കുന്നുവെന്നും ഡോപ്ലർ ഇഫക്ട് എന്ന പ്രതിഭാസത്തിലൂടെ ഇപ്പോൾ തെളിയിക്കപ്പെട്ടിട്ടുണ്ട്.

അതുപോലെതന്നെ ബിഗ്-ബാംഗ് തിയറിയോടൊപ്പമുള്ള സ്റ്റെഡി സ്റ്റേറ്റ് തിയറി പ്രപഞ്ചത്തിലെ ദ്രവ്യത്തിന്റെയും ഊർജ്ജത്തിന്റെയും സൃഷ്ടി അവസാനിച്ചുവെന്നാണ്. കൺസർവേഷൻ ഓഫ് എനർജിയും, കൺസർവേഷൻ ഓഫ് മാസും പറയുന്നത്, ഇനിയും പുതിയ എനർജിയോ ദ്രവ്യമോ ഉണ്ടാക്കാൻ കഴിയില്ല, മറിച്ച് രൂപാന്തരപ്പെടുത്താൻ കഴിയുമെന്നാണ്.

**ഉല്പത്തി വിവരണം ബൈബിളിൽ**

ബിഗ്-ബാംഗ് തിയറിക്ക് ഉപോദ്ബലകമായി ബൈബിളിൽ നമുക്ക് നിരീക്ഷിക്കാൻ കഴിയുന്നതിനെ ഇങ്ങനെ വിശദീകരിക്കാം. ബിഗ്-ബാംഗ് തിയറി പറയുന്നത് വിസ്ഫോടനത്തിന് (ആലഴശിിിഴ ീള ഠശാല) മുമ്പ് ശൂന്യതയിൽ (ടുമരല) ക്രമരഹിതമായ പൊടിപടലങ്ങളും (ങമേലൃ) അതിനുശേഷം ഊർജ്ജം പൊടിപടലങ്ങളുമായി ചേർന്ന് അതിസാന്ദ്രതയുള്ള പിണ്ഡം ഉണ്ടായി എന്നാണ്. ഈ പിണ്ഡത്തിനാണ് വിസ്ഫോടനം ഉണ്ടായത്. പൊട്ടിത്തെറിച്ച ഈ പിണ്ഡത്തിന്റെ ഒരു ഭാഗമാണ് ഭൂമി. കാലങ്ങൾക്കുശേഷം അതിൽ ജീവന്റെ ആധാരമായ വെള്ളവും, സമുദ്രത്തെ വേർതിരിച്ച കരകളും രൂപം കൊണ്ടു. ആ വെള്ളത്തിലാണ് ആദ്യം ജീവൻ ഉടലെടുത്തത്. തിയറിയിലെ പരിഹരിക്കപ്പെടാത്ത സമസ്യ ഇതാണ് - ആദ്യം സംജാതമായ പൊടിപടലങ്ങളും ഊർജ്ജവും എവിടെനിന്ന് ഉരുത്തിരിഞ്ഞു. ഊർജ്ജ ശൂന്യതയിലുള്ള ക്വാണ്ടം മെക്കാനിക്കൽ ഫ്ളെക്ച്ചേഷൻ മൂലമാണെന്ന് ശാസ്ത്രം പറഞ്ഞെങ്കിലും തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ഇതെല്ലാം ചെന്നവസാനിക്കുന്നത് ഐൻസ്റ്റീൻ പറഞ്ഞതുപോലെ സൂപ്പർ നാച്ച്യൂറൽ പവ്വറിലാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഉല്പത്തിയുടെ ക്രമം ബൈബിളുമായി അന്തരമുണ്ടെന്ന് തോന്നാം. എന്നാൽ ബൈബിൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഈ ക്രമം ബൈബിളിന് അനുകൂലമാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ചില പദങ്ങളെ തെറ്റിദ്ധരിച്ചുവെന്നുമാത്രം.

*ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു* എന്നാണ് ഉല്പത്തി 1:1 വാക്യം. ആദ്യം ഭൂമി സൃഷ്ടിച്ചതിലാണ് വിമർശകർ സംശയം ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ ഒന്നാം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭൂമി ഋമൃവേ അല്ല. മറിച്ച് ദ്രവ്യം (ങമേലൃ) ആണ്. അതു ശൂന്യതയിൽ ക്രമരഹിതമായി (പാഴായി) കിടന്നിരുന്നതായി പറയുന്നു. അപ്പോൾ ഒന്നാം വാക്യം തിയറിയുമായി പൊരുത്തപ്പെട്ടുപോകുന്നു എന്നു കാണാം. രണ്ടാം ദിവസം തിയറിയിൽ സമർത്ഥിക്കുന്നതുപോലെ വെളിച്ചം (ഊർജ്ജം) തന്നെയാണ് കൊടുത്തത്. ഇത് സൂര്യനിൽ നിന്നുള്ള പ്രകാശമല്ല, മറിച്ച് ദൈവത്തിൽ നിന്നുള്ള ഊർജ്ജമാണ് (പ്രകാശം). അതിനുശേഷം ദൈവം വെള്ളത്തെ സൃഷ്ടിച്ചു. വെള്ളത്തിനുമീതെ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ തിയറി പറയുന്നതുപോലെ വെള്ളത്തിൽ നിന്നാവാം ജീവന്റെ ഉല്പത്തി. മൂന്നാം ദിവസമാണ് നാം അധിവസിക്കുന്ന ഭൂമി (ഋമൃവേ)യെ സൃഷ്ടിക്കുന്നതും കരയേയും സമുദ്രത്തെയും തമ്മിൽ വേർതിരിക്കുന്നതും. നാലാം ദിവസം സൂര്യനക്ഷത്രങ്ങളെയും സൃഷ്ടിച്ചു. കൂടാതെ ദിവസം, സംവത്സരം, കാലം ഇവ ഉണ്ടാകുവാനും ദൈവം കല്പിച്ചുവെന്ന് ഉല്പത്തി പുസ്തകം പറയുന്നു. അതിനുശേഷമാണ് ഭൂമി സ്വന്തം അച്ചുതണ്ടിൽ തിരിയാനും സൂര്യനു ചുറ്റും വലംവയ്ക്കുവാനും തുടങ്ങിയത്. ആയതുമൂലമാണ് ഭൂമിയിൽ ദിവസവും, വർഷവും ഉണ്ടായത്. ദൈവത്തിന്റെ ഈ കല്പനമൂലമുണ്ടായ സംവേഗമാണ് (ങീാലിൗാ) ചലനത്തിനുള്ള അഭികേന്ദ്രബലം (ഇലിട്യേശുലമേഹ എീൃരല) നല്കിയത്. ഈ ബലം നൽകിയത് ഒരു ടൗുലൃ ിമൗേൃമഹ ുീംലൃ ആയിരിക്കാമെന്ന് ശാസ്ത്രജ്ഞന്മാരായ ന്യൂട്ടനും, ഐൻസ്റ്റീനും കരുതുന്നു. ശൂന്യതയിൽ ഒരു വസ്തുവിന് സംവേഗം കൊടുത്ത് കറക്കിയാൽ ജഡത്വം മൂലം അവ കറങ്ങികൊണ്ടേയിരിക്കുമെന്ന് ന്യൂട്ടന്റെ ചലന നിയമം അനുശാസിക്കുന്നു. അതുകൊണ്ടാണ് സൃഷ്ടിക്കുശേഷം ഭൂമി നിൽക്കാതെ കറങ്ങികൊണ്ടിരിക്കുന്നത്.

ഒന്നാം ദിവസം (24 മണിക്കൂർ) കൊണ്ട് ആകാശവും ഭൂമിയും ബാക്കി അഞ്ച് ദിവസംകൊണ്ട് മനുഷ്യനെ ഉൾപ്പെടെ എല്ലാം സൃഷ്ടിച്ചുവെന്നാണ് പ്രവാചകനായ മോശയുടെ ഉല്പത്തി പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ഇത് മനുഷ്യബുദ്ധിക്കു നിരക്കാത്തതാണ്. ഭൂമിയും ഗ്രഹങ്ങളും മറ്റ് ജീവജാലങ്ങളും രൂപപ്പെടാൻ ഏകദേശം ഇരുപത് ബില്യൺ വർഷങ്ങൾ വേണ്ടിവന്നുവെന്ന് ശാസ്ത്രജ്ഞന്മാർ തെളിവുകളിലൂടെ സമർത്ഥിക്കുന്നു. അപ്പോൾ ആരുപറയുന്നതാണ് ശരി?

ഒരു കാര്യം നാം ഓർക്കുന്നത് നന്നായിരിക്കും. മനുഷ്യനും ദൈവവും രണ്ട് ഫ്രെയിമിൽ രണ്ട് അവസ്ഥയിൽ വസിക്കുന്നവരാണ്. ഭൂമി എന്ന ഫ്രെയിമിലെ സമയമല്ല മറ്റൊരു ഫ്രെയിമിൽ. അതായത് ഭൂമിയിലെ സമയമല്ല ചന്ദ്രനിലേതും, ചൊവ്വയിലേതും. ഭൂമി എന്ന ഫ്രെയിമിൽ ഒരു മണിക്കൂർ എന്നത് പ്രകാശവേഗതയോട് അടുത്തുള്ള വേഗതയിൽ സഞ്ചരിക്കുന്ന ഒരു ഫ്രെയിമിൽ ഏകദേശം മൂന്ന് മില്യൻ വർഷങ്ങളാകാം. അങ്ങനെയെങ്കിൽ ദൈവത്തിന്റെ 6 ദിവസമെന്നത് ഭൂമിയിലെ മനുഷ്യനെ സംബന്ധിച്ചിടത്തോളം പതിനെട്ട് ബില്യൺ വർഷങ്ങളാണ്. അപ്പോൾ ബൈബിളും ഐൻസ്റ്റീന്റെ ആപേക്ഷികതാ സിദ്ധാന്തവും, ബിഗ്-ബാംഗ് തിയറിയും തമ്മിൽ പൊരുത്തപ്പെട്ടുപോകുമെന്ന് കരുതാം.

*(തുടരും)*

പുസ്തകപരിചയം

# മധുരം നിന്റെ ജീവിതം

## മലയാളത്തിലെ ആദ്യ മേരീ വിജ്ഞാനീയ കൃതി

മലയാളത്തിലെ ആദ്യത്തെ മേരീവിജ്ഞാനീയ കൃതി എന്നു വിശേഷിപ്പിക്കാവുന്നതാണ് കെ.പി. അപ്പന്റെ മധുരം നിന്റെ ജീവിതം എന്ന പുസ്തകം. വിശുദ്ധ മറിയത്തെക്കുറിച്ചുള്ള ധ്യാനാത്മകചിന്തകളുടെ പവിത്രാവിഷ്കാരമാണിത്. ബൈബിൾ ബിംബങ്ങളുടെ തടവുകാരൻ എന്ന ആക്ഷേപത്തിലഭിമാനിക്കുന്ന കെ. പി. അപ്പന്റെ സ്തോത്രസമർപ്പണമായി ഈ ഉദ്യമത്തെ കരുതാം. മറിയത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്ന ഖദിരമരങ്ങളും ദേവതാരുക്കളും പൊഴിച്ചു നൽകിയ ഫലമൂലങ്ങൾ ആർത്തിയോടെ ഭക്ഷിച്ചവന്റെ തൃപ്തചിന്തകളാണിവിടെ.

ഗിൽബർട്ടച്ചൻ സമ്മാനമായി നൽകിയ ബൈബിളിൽനിന്നും ബാലനായിരുന്ന കെ. പി. അപ്പൻ മറിയത്തെ കണ്ടെത്തുന്നിടത്തു തുടങ്ങുന്നു മേരീ വിജ്ഞാനിയത്തോടുള്ള അപ്പന്റെ അടുപ്പം.

ചരിത്രത്തിൽ കണ്ടെത്തുന്ന മറിയത്തിന്റെ ചരിത്രത്തെ അപ്പൻ ഇങ്ങനെ നോക്കി കാണുന്നു.

കന്യകമറിയം എന്ന നിത്യതയിൽ ജീവിക്കുന്ന നാമം സകലത്തിന്റെയും സാക്ഷിയായി നിലകൊണ്ടു. തിരുപ്പിറവിയുടെയും രക്ഷാപ്രവർത്തനങ്ങളുടെയും വേദനക്കതീതനായ ദൈവത്തിന്റെ കഷ്ടതകളുടെയും കുരിശുമരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും സാക്ഷിയായി ചരിത്രത്തിന്റെ കേന്ദ്രത്തിൽ നിർമ്മല കന്യകനിലകൊള്ളുകയാണ്. അതിനാൽ സുവിശേഷങ്ങൾ മറിയത്തിന്റെ സാക്ഷ്യത്തിൽ നീതികരിക്കപ്പെട്ട ചരിത്രമായി മാറുന്നു. ജഡത്തിൽ വെളിപ്പെട്ട ദൈവത്തിന്റെ എല്ലാ വേദനകളും പീഡാനുഭവങ്ങളും കണ്ട മറിയത്തിന്റെ ജീവിതം ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട സഹനബലിയായി തീരുന്നു.

സൃഷ്ടാവിനെ പ്രസവിച്ചവൾ എന്ന നിലയിൽ സൃഷ്ടി സൃഷ്ടാവിന്റെ സൃഷ്ടിയാകുന്ന മഹത്വതലത്തിലാണ് മറിയം.

ആദിയിൽ ദൈവം സ്വന്തം പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. പിന്നീട് കന്യക മറിയത്തെ മാധ്യമമാക്കി ദൈവം മനുഷ്യന്റെ പ്രതിച്ഛായയിൽ ദൈവത്തെ സൃഷ്ടിച്ചു.

മേരീ വിജ്ഞാനീയത്തിൽ കലഹത്തിന്റെ മെരീബ ജലമൊഴുക്കിയത് മാർട്ടിൻ ലൂതർ ആണ്. മാർട്ടിൻ ലൂതർ മറിയാമിന്റെ വിശുദ്ധിയെ തള്ളിപ്പറഞ്ഞു. ഏകമദ്ധ്യസ്ഥൻ ക്രിസ്തു എന്നതായിരുന്നു ലൂതറിന്റെ വാദം. ഓർബ് ഫിലിപ്സും ഇതിനോടു യോജിച്ചു. ദൈവത്തെ പ്രസവിച്ചവൾ, കന്യക എന്നീ വാദങ്ങളായിരുന്നു കലഹകാരണം. മേരീ വിജ്ഞാനീയത്തിലെ കലഹങ്ങളുടെയും കാരുണ്യങ്ങളുടെയും കാരണങ്ങളന്വേഷിക്കുന്ന പ്രാർത്ഥനകളാകുന്നു അപ്പന്റെ വാക്കുകൾ.

മേരിയുടെ കാരുണ്യത്തിന്റെ പ്രേരണകൾ മനുഷ്യജീവിതത്തിൽ മാത്രമല്ല കലാസൃഷ്ടികളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

മേരിയുടെ അഭൗമിക തേജസ് നിറയുന്ന നാടോടികഥകൾ മദ്ധ്യയൂറോപ്പിൽ മാത്രമല്ല മലയാളത്തിലുമേറെയാണ്. ഇത്തരം കഥകളുടെ ജീവിക്കുന്ന സാക്ഷ്യങ്ങളാണ് മേരിയുടെ നാമധേയത്തിലുള്ള വിവിധ ദേവാലയങ്ങൾ.

തുടർച്ചയായ മേരീവിജ്ഞാനീയ പഠനത്തിന്റെ തുടക്കമാകട്ടെ ഈ കൃതി എന്നു നമുക്ക് പ്രാർത്ഥിക്കാം.

---

# മലങ്കരസഭയിൽ ഇനിയും ഐക്യസാധ്യത

സഭാഐക്യം സംഭാവ്യതയുടെയോ സാധ്യതയുടെയോ കാര്യമല്ല, പിന്നെയോ പ്രത്യാശയുടെ കാര്യമാകുന്നു. ക്രൈസ്തവചിന്തയിൽ പ്രത്യാശ എന്നത് മനുഷ്യന്റെ വിലയിരുത്തലുകൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറമുള്ള കാര്യമാണ്. മനുഷ്യന്റെ ബുദ്ധിയ്ക്കും യുക്തിയ്ക്കും അതീതമായി ദൈവീക ഇടപെടൽ ഉണ്ടാകുമെന്ന ബോധ്യവും ഉറപ്പുമാണത്. മാറാരോഗങ്ങൾ സുഖപ്പെടുവാൻ പ്രാർത്ഥിക്കുന്നതും, തകർച്ചയുടെ നടുവിലും നല്ല കാലത്തിന്റെ പ്രതീക്ഷ വച്ചുപുലർത്തുന്നതും, മരണത്തിനും ഭൗതീക ശരീരത്തിന്റെ ജീർണ്ണതയ്ക്കു മപ്പുറം ജീവന്റെ നിലനിൽപ്പും ആഘോഷവും നടക്കുമെന്ന് ചിന്തിക്കുന്നതും വിശ്വസിക്കുന്നതും എന്തിന്റെ അടിസ്ഥാനത്തിലാണ്? അതുകൊണ്ട് ഒരേ ചരിത്രവും പാരമ്പര്യവും വിശ്വാസവും ഉള്ള ഒരു സഭയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കുമായി ശ്രമിക്കുകയും പ്രാർത്ഥിയ്ക്കുകയും ചെയ്യാൻ പ്രേരണ നൽകുന്നത് ക്രിസ്തീയ പ്രത്യാശയാണ്. ഇത് സാധ്യമാകുമെന്ന പ്രതീക്ഷയോടെ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി എഴുതി പാമ്പാക്കുട സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്റർ പ്രസിദ്ധീകരിച്ച പുസ്തകമാണ് ***മലങ്കര സഭയിൽ ഇനിയും ഐക്യസാധ്യത***. സമാധാനം ആഗ്രഹിക്കുന്ന വിശ്വാസികൾക്ക് ഏറെ ആസ്വാദ്യകരവും ചിന്തനീയവുമാണ് ഈ പുസ്തകം. വില പത്ത് രൂപ.

**മാധ്യമവിചാരം**

**പ്രീത് ചന്ദനപ്പള്ളി**

# വാർത്തകൾ സൃഷ്ടിക്കുന്ന മാധ്യമ (അ)ധർമ്മം

**ദി**ല്ലിയിലെ ഒരു സ്കൂളിൽ അദ്ധ്യാപിക വിദ്യാർത്ഥിനികളെ ലൈംഗീക ചൂഷണത്തിനിരയാക്കുന്നു എന്ന വാർത്ത ലോകം ഞെട്ടലോടെയാണ് ശ്രവിച്ചത്. വിശുദ്ധമായ അദ്ധ്യാപനവൃത്തിയിലേർപ്പെട്ടിരിക്കുന്ന ശ്രേഷ്ഠരായ ഗുരുവൃന്ദങ്ങൾക്കാകമാനം നാണക്കേടാക്കിയ ഈ സംഭവത്തിൽ ഒരു വാർത്താമാധ്യമത്തിന്റെ കള്ളത്തരങ്ങൾ നിറഞ്ഞുനിന്നിരുന്നു എന്നറിയുമ്പോൾ ജനാധിപത്യത്തിന്റെ ഫോർത്ത് എസ്റ്റേറ്റായ മാധ്യമങ്ങൾക്കുണ്ടായ ധാർമ്മികാപചയത്തിന്റെ ഭീകരമുഖം വെളിപ്പെടുന്നു.

വാർത്താമാധ്യമങ്ങളുടെ അനിയന്ത്രിതമായ വർദ്ധനയോടുകൂടി എക്സ്ക്ലൂസിവായ വാർത്തകൾ കിട്ടാനുള്ള മത്സരമാകാം ഇത്തരം വാർത്താ നിർമ്മാണത്തിലേക്ക് പത്രപ്രവർത്തകരെ തള്ളിവിടുന്നത്.

വാർത്തകൾ നിഷ്പക്ഷമായി റിപ്പോർട്ട് ചെയ്യുന്നതലത്തിൽനിന്ന് വാർത്തകൾ സൃഷ്ടിക്കുന്ന തലത്തിലേക്ക് മാധ്യമ ഉത്തരവാദിത്തം കൂടിയപ്പോൾ പത്രപ്രവർത്തനത്തിന്റെ ധർമ്മാധർമ്മങ്ങളുടെ വേർതിരിവ് നമ്മുടെ മാധ്യമപ്രവർത്തകർക്ക് നഷ്ടപ്പെട്ടുവോ എന്നു സംശയിക്കണം.

വാടകക്കെടുത്ത വിദ്യാർത്ഥിനി വേഷധാരിയെക്കൊണ്ട് അദ്ധ്യാപികക്കെതിരെ ആരോപണങ്ങൾ അഴിച്ചുവിട്ട *ലൈവ് ഇൻഡ്യ*യുടെ മാതൃകയാണ് ഇന്ന് കേരളത്തിലെ ഭൂരിപക്ഷ പത്രചാനലുകളും പിന്തുടരുന്നത്. ഇത്തരം പ്രവർത്തനം സമൂഹത്തിലുണ്ടാക്കുന്ന അരാജകത്വത്തെയും അസ്വസ്ഥതകളേയുംപറ്റി യാതൊരു ചിന്തയുമില്ലാത്ത ദന്തഗോപുരവാസികളാകുന്നു ഇവിടുത്തെ ജേർണലിസ്റ്റുകൾ എന്നു പറയപ്പെടുന്നവർ.

> **വാർത്തകൾ നിഷ്പക്ഷമായി റിപ്പോർട്ട് ചെയ്യുന്ന തലത്തിൽ നിന്ന് വാർത്തകൾ സൃഷ്ടിക്കുന്ന തലത്തിലേക്ക് മാധ്യമ ഉത്തരവാദിത്തം കൂടിയപ്പോൾ പത്രപ്രവർത്തനത്തിന്റെ ധർമ്മാധർമ്മങ്ങളുടെ വേർതിരിവ് നമ്മുടെ മാധ്യമപ്രവർത്തകർക്ക് നഷ്ടപ്പെട്ടുവോ എന്നു സംശയിക്കണം.**

മാനവ നന്മ ലക്ഷ്യമാക്കുന്ന സംഘടിത സമൂഹങ്ങളെ തച്ചുടക്കുക എന്ന പ്രഖ്യാപിത ലക്ഷ്യമാണ് മിക്ക മാധ്യമങ്ങളും പിന്തുടരുന്നത്. ഇത്തരം സംഘടിത സമൂഹങ്ങളിലെ ജീർണതകളെ തമസ്ക്കരിക്കയും അനാവശ്യവിഷയങ്ങളെ വാർത്തയാക്കുകയും ചെയ്ത് ഒന്നിച്ചു നില്ക്കുന്നവരിൽ പരസ്പര വിദ്വേഷം വളർത്തുന്ന വലിയ നിയോഗമാണ് ഇന്ന് പല മാധ്യമങ്ങളും ഏറ്റെടുത്തിട്ടുള്ളത്.

പണ്ട് ഇത്തരം അരാജകത്വം സൃഷ്ടിക്കുന്നതിൽ പത്രമുതലാളിമാരുടെ മാത്രം പരിശ്രമമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്ന് മുതലാളിയെ തോല്പിക്കുന്ന താല്പര്യങ്ങളും പക്ഷപാതിത്വവുമാണ് മിക്ക പത്രപ്രവർത്തകർക്കുമുള്ളത്.

രാഷ്ട്രീയ പാർട്ടികളിൽ ഗ്രൂപ്പുവൈര്യം സൃഷ്ടിച്ച് രക്തം കുടിക്കുന്ന ഈ മാധ്യമ കുറുക്കന്മാർ ക്രൈസ്തവസഭകളിലും ഇതേ നമ്പർ പ്രയോഗിക്കാൻ തുടങ്ങിയിരിക്കുന്നു.

ദീപികദിനപത്രത്തിന്റെ ആഭ്യന്തര പ്രശ്നങ്ങളെ മാതൃഭൂമിയും ഇൻഡ്യാവിഷൻ ചാനലും വാർത്താചർച്ചകളായി ആഘോഷിക്കുകയും മറ്റ് മാധ്യമങ്ങൾ അതേറ്റു പിടിക്കുകയും ചെയ്തപ്പോൾ വാർത്തകളിലെ ചൂടുപിടിച്ച വിവാദങ്ങൾക്കപ്പുറം കത്തോലിക്കാ സഭയിൽ വിഭാഗീയതയുടെ വിത്തുവിതക്കാനും കഴിഞ്ഞു എന്നതായി അവരുടെ നേട്ടം. പിതാക്കന്മാരെ ഭക്തി ബഹുമാനാദരവുകളോടെ നോക്കി കണ്ടിരുന്ന കത്തോലിക്കാ സഭയിലെ അൽമായരിൽ ചിലരെ അറയ്ക്കൽ പിതാവിനെതിരാക്കിയപ്പോൾ മാതൃഭൂമിക്കും ഇൻഡ്യാവിഷനും എന്തു സംതൃപ്തിയാണുണ്ടായത്.

ഒരു പത്രം നഷ്ടത്തിൽനിന്നും നഷ്ടത്തിലേക്ക് കുതിക്കുമ്പോൾ ആദരണീയനായ ഒരു ബിഷപ്പിനെ വിശ്വസിച്ച് അതിനെ സഹായിച്ച ഒരു വ്യക്തി കേരളീയ സമൂഹത്തിന് എത്ര വേഗമാണ് അനഭിമതനും ഭീകരനുമായത്. എന്തിന്, സ്റ്റുഡിയോയിലിരുന്നു മാത്രം ചർച്ചിച്ച് മാധ്യമപ്രവർത്തനം നടത്തി നിഴൽയുദ്ധം പ്രഖ്യാപിക്കുന്ന നികേഷ്പ്രഭൃതികൾക്കുമുന്നിൽ ഫാരിസ് എന്ന ചെറുപ്പക്കാരനുമായി അഭിമുഖം നടത്തി സത്യം വിളിച്ചോതിയ ജോൺ ബ്രിട്ടാസിനെയും ഭീകരവക്താവാക്കി നമ്മുടെ മാധ്യമപ്പട.

ഒടുവിൽ കർദ്ദിനാൾ മാർ വർക്കി

*(ശേഷം 19-ാം പേജിൽ)*

**നേർക്കാഴ്ചകൾ**

**ഷെബിൻ വർഗീസ്**

# റാഹേലിന്റെ പദ്ധതികൾ



മഴതോർന്നപ്പോൾ പടിക്കൽ ഓട്ടോറിക്ഷയിൽ വന്നിറങ്ങിയ അപരിചിതരെ സുക്ഷ്മമായി റാഹേൽ നോക്കി അല്ല അവരിങ്ങോട്ടാണല്ലോ!

രൂപങ്ങൾ അവ്യക്തമായിരുന്ന റാഹേലിന് തിമിരത്തിന്റെ ഓപ്പറേഷൻ കഴിഞ്ഞിട്ട് നാലുമാസമല്ലേ ആയിട്ടുള്ളു. ഓപ്പറേഷൻ നടത്തിയിട്ടെന്താ പ്രയോജനം പഴയപടിതന്നെ.

ഓട്ടോറിക്ഷയിൽ വന്നവർ വാതിൽപടി ചവുട്ടി

ആരാ, മനസ്സിലായില്ലല്ലോ?

ഉയരം കുറഞ്ഞയാൾ പറഞ്ഞു ഞാനാ കൊച്ചമ്മേ, മാത്തച്ചൻ... ബ്രോക്കറ്

ഓ! നീയാണോടാ പാർട്ടിയെയും കൊണ്ടാണോ വന്നത്?

ഓ

നമ്മുടെ ഗവൺമെന്റ് സ്കൂളില് വാധ്യാരാ, വടക്കാദേശം. പറവൂര്. പുള്ളിക്ക് ഒരു വീടു വേണം

റാഹേൽ ചിരിച്ചു. ആതിഥേയ ഭാവമണിഞ്ഞ് അവർ വിരുന്നുകാരെ അകത്തേക്ക് ക്ഷണിച്ചു.

വന്നാട്ടെ അകത്തിരിക്കാം, ഭാര്യയും കൊച്ചുങ്ങളുമൊക്കെ

അവരൊക്കെ കൂടെയുണ്ട്

സാറിനീവീട് മതിയാകുമോ റാഹേലിന്റെ ചോദ്യംകേട്ട് സാറ് ചിരിച്ചു.

ധാരാളം

എന്നാൽ വീടൊക്കെ ഒന്നു നടന്നുകണ്ടാട്ടെ. വിൽക്കാനുള്ളത് ഈ വീടും ചേർന്നുള്ള 15 സെന്റ് സ്ഥലവുമാ.

മാത്തച്ചനും സാറും വീടൊക്കെ സൂഷ്മ പരിശോധന നടത്തി തീർന്നപ്പോഴെക്ക് റാഹേൽ ചായയും ഉപ്പേരിയും ഹലുവയും കൊണ്ടുവന്നു.

സാറിനു മധുരമാകാമല്ലോ?

കുഴപ്പമില്ല

ചായക്കപ്പ് അവർ ചുണ്ടോടടുപ്പിച്ചപ്പോഴാണ് പുറത്ത് ചുമ കേട്ടത്. ബീഡിയും വലിച്ചൊരാൾ മുൻവശത്തേക്കു വന്നു.

ഈ തണുപ്പിനെവിടെപ്പോയിരിക്കുവാരുന്നു?.... അച്ചാനാ..... റാഹേൽ പരിചയപ്പെടുത്തി. ബ്രോക്കർ ആഗതനോടു ചോദിച്ചു.

തോമാച്ചാ അസുഖമൊക്കെ എങ്ങനൊണ്ട്?

ഓ! എന്നതാടാ ഉവ്വേ. ജോലി ചെയ്യാത്തേന്റെ അസുഖമേ എനിക്കുള്ളു

റാഹേൽ ഇടക്കുകയറി.

എന്തിനാ മനുഷ്യനേ ഇങ്ങനെ കള്ളം പറയുന്നത്. കേട്ടോ സാറെ. ഇതിയാന് ഇല്ലാത്ത അസുഖം ഒന്നും തന്നെയില്ല. പ്രഷർ, ഷുഗർ, കൊളസ്ട്രോൾ, ചുമ, നീര് എന്നു വേണ്ട എല്ലാമുണ്ട്. റാഹേൽ തുടർന്നു.

നിങ്ങക്കറിയോ. ഇപ്പോ ഈ വീടുവിൽക്കാൻതന്നെ തീരുമാനിച്ചത് അതുകൊണ്ടാ. പിള്ളാരൊക്കെ അമേരിക്കേലും ഇംഗ്ലണ്ടിലുമൊക്കയാ. അച്ചാനെന്തേലും സംഭവിച്ചാൽ പന്തലിടാനൊരു മുറ്റമുണ്ടോ? മൊബൈൽ മോർച്ചറീംവെച്ച് പത്തൻപതുപേർക്ക് ഇരിക്കാൻ പറ്റുന്ന ഒരു ഹാളുണ്ടോ ഇവിടെ? എല്ലാം വീഡിയോ ക്യാമറേൽ എടുക്കേണ്ടതല്ലിയോ. തിരുമേനിമാരും അച്ചന്മാരും എല്ലാം ചേർന്നു നിന്ന് ഒന്ന് ധൂപം വെക്കണ്ടായോ. അതിനു സൗകര്യമുണ്ടോ.....? മറ്റുള്ളവരുടെ പ്രതികരണം ശ്രദ്ധിക്കാതെ അവർ വിശ്വാസത്തോടെ പറഞ്ഞു.

ഇപ്പോൾ ജംഗ്ഷനുസമീപം നല്ലയൊരു ഇരുനില എല്ലാ സൗകര്യമുള്ളത് തരമായിട്ടുണ്ട്. റാഹേൽ പദ്ധതികളുടെ കെട്ടഴിച്ചപ്പോൾ കേട്ടുനിന്ന തോമാച്ചൻ ചുമയുടെ അകമ്പടിയോടെ വിറയലോടെ വിളിച്ചു: റാഹേലേ........

Owned, Printed and Published by Alexander. V. Mathew and Published from Uluvathuveliyil, Mattom South, Thattarambalam P.O., Mavelikkara - 3, Alleppy Dist. Printed at Supriya Printers, Mankamkuzhy P.O., Alleppy Dist.
Editor: Preeth Chandanappally. Managing Editor: Alexander. V. Mathew. Managing Director. C.K. Alexander